ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 02 ഒക്ടോബർ 2019 ലക്കം 10

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490- - 2342440

# ഉള്ളടക്കം


1. Prot. No.593/19, സർക്കുലർ നമ്പർ 15/2019 .......... 5
2. Prot. No. 594/19, സർക്കുലർ നമ്പർ16/2019 .......... 8
3. Prot. No. 595/19, സർക്കുലർ നമ്പർ 17/2019 .......... 11
4. കച്ചേരിക്കാര്യം .......... 15
5. സെമിനാരി വാർത്തകൾ .......... 18
6. വിശ്വാസപരിശീലനം .......... 19
7. കുടുംബക്കൂട്ടായ്മ .......... 25
8. ബൈബിൾ അപ്പൊസ്റ്റോലേറ്റ് .......... 27
9. ചെറുപുഷ്പ മിഷൻ ലീഗ് .......... 29
10. തിരുബാലസഖ്യം .......... 44
11. യുവജനശുശ്രൂഷ .......... 46
12. കുടുംബപ്രേഷിതത്വം .......... 50
13. വിദ്യാഭ്യാസ ഏജൻസി .......... 57
14. സാൻജോസ് അക്കാഡമി .......... 59
15. എ.കെ.സി.സി. വാർത്തകൾ .......... 62
16. വിമൽജ്യോതി വാർത്തകൾ .......... 64
17. നിർമ്മലഗിരി വാർത്തകൾ .......... 67
18. വിൻസെന്റ് ഡി പോൾ .......... 69
19. പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം .......... 72
20. ADSU .......... 73
21. കെസിബിസി മദ്യവിരുദ്ധ സമിതി .......... 75
22. സാമൂഹ്യസേവനവേദി .......... 77
23. ADAM .......... 80
24. ധ്യാനകേന്ദ്രങ്ങളിലൂടെ .......... 81
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......... 83
26. Programme of the Archbishop Mar George Njaralakatt .......... 85
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .......... 86
28. Programme of the Abp. Emeritus Mar George Valiamattam .......... 87
29. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .......... 88
30. Programme of the Auxiliary Bishop Mar Joseph Pamplany .......... 90

**Prot. No. 593/19, സർക്കുലർ നമ്പർ 15/2019**

മിശിഹായിൽ പ്രിയ സഹോദരീ, സഹോദരന്മാരെ,

സീറോ മലബാർ സഭയിലെ എല്ലാ പിതാക്കന്മാരും 2019 ഒക്ടോബർ 2 മുതൽ 14-ാം തീയതിവരെ ആദ്‌ലീമിന സന്ദർശനത്തിനായി റോമിന് പോവുകയാണ്. അഞ്ചുവർഷത്തിലൊരിക്കൽ രൂപതാ മേലധ്യക്ഷന്മാർ തങ്ങളുടെ രൂപതാ അജപാലനശുശ്രൂഷയുടെ റിപ്പോർട്ടും പരിശുദ്ധ സിംഹാസനത്തിന് നല്കണമെന്ന് സഭാനിയമം അനുശാസിക്കുന്നു. ഈ വർഷം അതിനായി പരി. പിതാവ് മെത്രാന്മാരെ ക്ഷണിക്കുകയാണ്.

മൂന്നു റീത്തുകളിലുമായി ഭാരതത്തിൽ 175 രൂപതകളുണ്ട്. ഈ രൂപതകളിലെ പിതാക്കന്മാരെ നാല് ഗ്രൂപ്പുകളായി പരി. പിതാവ് ഈ വർഷം റോമിലേക്ക് ക്ഷണിച്ചിരിക്കുന്നു. ആദ്‌ലീമിന സന്ദർശനം എന്നു പറഞ്ഞാൽ അത് അപ്പസ്തോലന്മാരുടെ കബറിടത്തിലേക്കുള്ള തീർത്ഥാടനം എന്നാണ് പൂർണ്ണമായും അറിയപ്പെടുക (Ad Limina Apostolorum) പരി. സിംഹാസനവുമായുള്ള ഐക്യം പ്രകടമാക്കുക, രൂപതാ അജപാലന ശുശ്രൂഷ കാര്യങ്ങൾ പിതാവുമായി പങ്കുവയ്ക്കുക, അപ്പസ്തോലന്മാരുടെ കബറിടങ്ങൾ സന്ദർശിച്ച് രൂപതയ്ക്കും ദൈവജനത്തിനുവേണ്ടി പ്രാർത്ഥിക്കുക എന്നിവ ഈ സന്ദർശനത്തിന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

സീറോ മലബാർ സഭയിലെ എല്ലാ പിതാക്കന്മാരും അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിൽ ഒക്ടോബർ 3-ാം തീയതി വി. പത്രോസിന്റെ ദൈവാലയത്തിൽ ബലി അർപ്പിക്കും. തുടർന്ന് അന്നുതന്നെ പരി. പിതാവുമായി സംവദിക്കും. തുടർന്നുവരുന്ന ദിവസങ്ങളിൽ നമ്മുടെ സഭയുടെ പ്രവർത്തനങ്ങളുമായി കൂടുതൽ ബന്ധം നിലനിർത്തുന്ന ഓറിയന്റൽ കോൺഗ്രിഗേഷൻ, സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റ്സ്, തുടങ്ങിയ ഭരണസമിതികളെയും സന്ദർശിക്കും. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെയും മറ്റ് വിശുദ്ധരുടെയും കബറിടങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കും. സീറോ മലബാർ സഭയ്ക്കുവേണ്ടി റോമിൽ പണിതിരിക്കുന്ന പ്രൊക്കുറായുടെ ഔദ്യോഗിക വെഞ്ചരിപ്പും ഈ സന്ദർശന വേളയിൽ ഉണ്ടാകും. ഒരു ദിവസം ഫ്രാൻസീസ് അസ്സീസിയുടെ പുണ്യസ്ഥലത്തേക്ക് തീർത്ഥാടനം നടത്തും. റോമിൽ പഠിക്കുന്ന നമ്മുടെ വൈദികരെയും വൈദികവിദ്യാർത്ഥികളെയും അതുപോലെ റോമിൽ ശുശ്രൂഷ ചെയ്യുന്ന നമ്മുടെ രൂപതക്കാരായ

സമർപ്പിതരെയും വിശ്വാസികളെയും കാണുന്നതിനും അവസര മുണ്ടാകും. തിരുക്കുടുംബസന്യാസിനീസമൂഹത്തിന്റെ (Holy Family Congregation) സ്ഥാപകയായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ നാമകരണ നടപടി ഒക്ടോബർ 13-ന് റോമിൽ നടക്കുമ്പോൾ എല്ലാ പിതാക്കന്മാർക്കും അതിൽ സംബന്ധിക്കുവാൻ കഴിയും. ഇത് വലിയ ഭാഗ്യമാണ്, കൃപയുടെ അവസരമാണ്.

വളരെ പ്രധാനപ്പെട്ടതും, ദൈവാനുഗ്രഹപ്രദവുമായ ആദ്ലീമിന സന്ദർശനം വിജയപ്രദമാക്കുവാൻ നിങ്ങളുടെ പ്രാർത്ഥനകൾ അഭ്യർത്ഥിക്കുന്നു. തലശ്ശേരി അതിരൂപതയിലെ ഞങ്ങൾ മൂന്ന് പിതാക്കന്മാരും നിങ്ങൾക്കെല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നതാ ണെന്ന് ഉറപ്പ് പറയുന്നു. കേരളസഭയ്ക്ക്, പ്രത്യേകിച്ച് സീറോമലബാർ സഭയ്ക്ക്, പുതിയൊരു വിശുദ്ധയെകൂടി ലഭിക്കുന്നതിൽ സന്തോഷി ക്കുകയും, ദൈവത്തിന് നന്ദിപറയുകയും, ആ പുണ്യവതിയുടെ മാധ്യസ്ഥ്യം തേടുകയും ചെയ്യാം. നല്ലവനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ഒക്ടോബർ മാസം**

ഒക്ടോബർ മാസം ജപമാലയുടെ മാസമാണല്ലോ. ജപമാല ചൊല്ലി പരി. അമ്മയോട് പ്രാർത്ഥിക്കുക നമ്മുടെ സഭയുടെയും പ്രത്യേകിച്ച് നമ്മുടെ കുടുംബങ്ങളുടെയും പാരമ്പര്യമാണ്. നമ്മുടെ നല്ലൊരു ശതമാനം കുടുംബങ്ങളിലും ഇന്നു ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന പതിവുണ്ട്. ചുരുക്കം ചില ഭവനങ്ങളിൽ പലവിധകാരണങ്ങളാൽ ഈ ഭക്തി കുറഞ്ഞുവരുന്നുണ്ട്. എന്നാൽ നമ്മൾ ജപമാല ചൊല്ലി പ്രാർത്ഥിക്കണമെന്ന് പരി. അമ്മതന്നെ ആഗ്രഹിക്കുന്നുണ്ട്. 1858-ൽ ലൂർദ്ദിലും 1917-ൽ ഫാത്തിമയിലും മാതാവ് പ്രത്യക്ഷപ്പെട്ടപ്പോൾ ജപമാല ചൊല്ലി പ്രാർത്ഥിക്കണമെന്നാണ് ആവശ്യപ്പെട്ടത്. ജപമാല ഭക്തി ശ്രേഷ്ഠമായ ഒരു ഭക്ത കൃത്യമാണ്. അത് തിന്മയ്ക്കെതിരായ വലിയൊരായുധമാണ്. ജപമാല പ്രാർത്ഥനയെ കുടുംബത്തിലെ ലിറ്റർജി എന്ന് വിശേഷിപ്പിക്കാറുണ്ട്.

ഈ ഒക്ടോബർ മാസത്തിൽ നമ്മുടെ എല്ലാ ഭവനങ്ങളിലും എല്ലാവരും ഒരുമിച്ച് ജപമാല ചൊല്ലുവാൻ കഴിയട്ടെ. അതുവഴിയായി കൃപയിലും ഐക്യത്തിലും വളരുവാൻ സാധിക്കും. ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന കുടുംബങ്ങളെ പരി. അമ്മയിലുടെ കർത്താവ് അനുഗ്രഹിക്കും. പൊതുപ്രാർത്ഥന കൂടാതെ ഓരോ വ്യക്തിയും സ്വന്തമായി ഒരു ജപമാലയെങ്കിലും ചൊല്ലുവാനും ശ്രദ്ധിക്കണം. നമ്മുടെ കുടുംബകൂട്ടായ്മകളിൽ ഈ മാസത്തിൽ ജപമാലയ്ക്ക് വലിയ

സ്ഥാനം നല്കണം. കുടുംബയൂണിറ്റിലെ എല്ലാ വീടുകളിലേക്കും ജപമാല ചൊല്ലി കടന്നു ചെല്ലുന്നതും നല്ലതാണ്. ഇവയ്ക്കെല്ലാമുപരി നമ്മുടെ ഇടവകകളിൽ ആഘോഷമായി നടത്തുന്ന ജപമാല ഭക്തിയിൽ നമുക്കേവർക്കും ഉത്സാഹത്തോടെ പങ്കുചേരാം. പരി. അമ്മ നമുക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ.

2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിത മാസമായി ആചരിക്കണമെന്നാണ് ഫ്രാൻസീസ് പാപ്പാ ആഹ്വാനം ചെയ്തിരിക്കുന്നത്. 1919-ൽ ബനഡിക്ട് പതിനഞ്ചാമൻ പാപ്പാ പ്രസിദ്ധീകരിച്ച 'മാക്സിമും ഇല്ലൂദ്' എന്ന പ്രേഷിത ദൗത്യത്തെക്കുറിച്ചുള്ള ചാക്രിക ലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചാണ് ഇപ്രകാരമൊരു പ്രഖ്യാപനം ഫ്രാൻസീസ് പാപ്പ നടത്തിയിട്ടുള്ളത്. "ജ്ഞാനാസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ ദൗത്യവുമായി ക്രിസ്തുവിന്റെ സഭ ലോകത്തിൽ" എന്നതാണ് ഈ മാസത്തിന്റെ വിചിന്തനവിഷയം. മിഷൻ ചൈതന്യത്തോടെ ഈ മാസം നമുക്ക് ആചരിക്കാം. ഈ അസാധാരണ മാസം നമ്മൾ എപ്രകാരം ആചരിക്കണമെന്ന കെ സി ബി സി യുടെ സർക്കുലർ കഴിഞ്ഞ മാസത്തിലെ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബഹു. വികാരിയച്ചന്മാർ അതിൻപ്രകാരം ഈ ഒക്ടോബർ മാസാചരണത്തിന് നേതൃത്വം നല്കുമല്ലോ. സെപ്റ്റംബർ മാസത്തിലെ നമ്മുടെ അതിരൂപത ബുള്ളറ്റിനിൽ കുട്ടികൾക്ക് എങ്ങനെ ഈ മാസം ഫലപ്രദമായി ആചരിക്കാമെന്നു പറഞ്ഞിട്ടുണ്ട്. വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ മക്കളും അവരുടെ പരിശീലകരും, മിഷൻലീഗ് അംഗങ്ങളും ബഹു. സിസ്റ്റേഴ്സിനോടും വൈദികരോടും ചേർന്ന് ഏറ്റം ഫലപ്രദമായി ഈ മാസം ആചരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങൾക്കേവർക്കും നല്ലൊരു മാസം ആശംസിക്കുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
25-09-2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2019 ഒക്ടോബർ മാസം 6-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനമധ്യേ വായിക്കേണ്ടതാണ്.

Prot. No. 594/19, സർക്കുലർ നമ്പർ16/2019

# ഉത്തരമലബാർ കർഷക പ്രക്ഷോഭം

മിശിഹായിൽ സ്നേഹമുള്ളവരെ,

കാർഷിക വിളകളുടെ വിലത്തകർച്ചയാലും വന്യമൃഗങ്ങളുടെ ശല്യങ്ങൾകൊണ്ടും കാലാവസ്ഥ വ്യതിയാനം മൂലമുണ്ടായ പ്രകൃതിദുരന്തങ്ങൾകൊണ്ടും അതിജീവനത്തിനായി പൊരുതുന്ന കർഷകമക്കളുടെ നൊമ്പരങ്ങളിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനായി ഉത്തര മലബാർ കർഷക പ്രക്ഷോഭം നടത്തുവാൻ നാം തീരുമാനിച്ചിരിക്കുകയാണല്ലൊ. അതിനായി ഓരോ ഫൊറോനയിലും ആക്ഷൻ കൗൺസിലും അതിരൂപത തലത്തിൽ സ്റ്റിയറിംഗ് കമ്മിറ്റിയും സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു. അഭിവന്ദ്യ പിതാക്കന്മാർ രക്ഷാധികാരികളായ കമ്മിറ്റിയുടെ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കലും കൺവീനർ ഫാദർ മാത്യു ആശാരിപറമ്പിലും സെക്രട്ടറി ഫാദർ ഫിലിപ്പ് കവിയിലുമാണ്. ഫാദർ ജോസഫ് കാക്കരമറ്റം, ഫാദർ തോമസ് തയ്യിൽ ഫാദർ സോണി വടശ്ശേരി, ഫാദർ ജോസഫ് കാവനാടിയിൽ, ഫാദർ മനോജ് ഒറ്റപ്ലാക്കൽ, ശ്രീ. ജോർജ്ജ് തയ്യിൽ, ശ്രീ. ദേവസ്യ കൊങ്ങോല, ശ്രീ. സ്കറിയ നെല്ലംകുഴി എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.

ഈ ദിനങ്ങൾ കർഷക സമരത്തെക്കുറിച്ചുള്ള അവബോധം ശക്തമാക്കുന്നതിനുള്ള ബോധവൽക്കരണത്തിനായി മാറ്റിവെച്ചിരിക്കയാണ്. കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ എഴുതിയ സർക്കുലർ എല്ലാ ദേവാലയങ്ങളിലും വായിച്ചുവെന്ന് കരുതുന്നു. ബഹുമാനപ്പെട്ട വൈദികർ ഈ വിഷയത്തെക്കുറിച്ച് ഇടവകകളിൽ പ്രസംഗിക്കുകയും കുടുംബകൂട്ടായ്മകളിൽ ചർച്ചകൾ നടത്തിയെന്നും വിചാരിക്കുന്നു. ഇനി പ്രത്യേക പ്രക്ഷോഭ പരിപാടികളിലേക്ക് നാം കടക്കുകയാണ്.

കണ്ണൂർ, ബത്തേരി, കോട്ടയം, മാനന്തവാടി രൂപതകളുടെ മെത്രാന്മാരുടെ പിന്തുണയും വിവിധ കർഷക സംഘടനകളുടെ പങ്കാളിത്തവും നാം നേടിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ കർഷകരെയും മത-രാഷ്ട്രീയ ഭേദമില്ലാതെ ഒന്നിച്ച് അണിനിരത്തുവാനാണ് നാം പരിശ്രമിക്കുന്നത്. പ്രത്യക്ഷ പ്രക്ഷോഭ പരിപാടികളുടെ തുടക്കം ഒക്ടോബർ 13ന് ഞായറാഴ്ച രാവിലെ എല്ലാ ഇടവകകളിലും കർഷക മക്കൾ കൈ കോർത്ത് പിടിച്ച് മനുഷ്യചങ്ങല

തീർത്തുകൊണ്ട് ആരംഭിക്കണം. ദുരിതത്തിൽപ്പെട്ട് കഷ്ടപ്പെടുന്ന കർഷകരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് 'കണ്ണീർചങ്ങല' ഒരുക്കി നാം നമ്മുടെ കൂട്ടായ്മയും താല്പര്യവും പ്രകടിപ്പിക്കണം. ഞായർ രാവിലെ പ്രധാന ദിവ്യബലിക്ക് ശേഷം 9.15ന് പള്ളിമുറ്റത്ത് എല്ലാവരും ഒന്നിച്ച് ചേരണം. 'തോൽക്കില്ല, നാം അതിജീവിക്കും' എന്ന പ്രത്യാശയുടെ പ്രതീകമായി പള്ളിമുറ്റത്ത് ഒരു വൃക്ഷതൈ നാം നടണം. ഓരോ വീട്ടിൽ നിന്നും കൊണ്ടുവന്ന മണ്ണ് അതിന്റെ ചുവട്ടിൽ നിക്ഷേപിക്കുകയും 'അതിജീവനമര'മായി അതിനെ വളർത്തുകയും വേണം. കഠിനാധ്വാനികളായ നമ്മുടെ പൂർവ്വീകരിൽനിന്ന് പകർന്ന് കിട്ടിയ കാർഷിക സംസ്കാരം നാം പിൻതലമുറയ്ക്ക് കൈമാറി അഭിമാനപൂർവ്വം കാത്ത് സൂക്ഷിക്കും എന്ന പ്രഖ്യാപനത്തോടെ മുതിർന്ന കർഷകൻ പണിയായുധങ്ങളും വിത്തും കുട്ടികൾക്ക് കൈമാറുന്നു. അതിന് ശേഷം മുഴുവൻ ആളുകളും റോഡിലേക്ക് നിരന്ന് നിന്ന് കൈകൾ കോർത്ത് പ്രതിജ്ഞ ചൊല്ലി കർഷക പ്രക്ഷോഭത്തിനായി സ്വയം സമർപ്പിക്കുന്നു. തുടർന്നുള്ള ദിവസങ്ങളിൽ ഇടവക അജപാലന സമിതിയുടെയും സംഘാടന ഭാരവാഹികളുടെയും നേതൃത്വത്തിൽ ഇടവകയുടെ വിവിധ ഭാഗങ്ങളിൽ ആശയ പ്രചരണത്തിനായ് കോർണർ യോഗങ്ങൾ സംഘടിപ്പിക്കുന്നു."കർഷകരേ സംഘടിക്കൂ അവകാശങ്ങൾക്കായ് ഒരുമിക്കൂ" എന്ന ചിന്ത ഓരോരുത്തരിലും ഉണർത്തുവാനാണ് ഈ സമ്മേളനങ്ങൾ. മറ്റ് മതസ്ഥരെയും സാമൂഹ്യ പ്രവർത്തകരെയും ഇതിൽ നാം പങ്ക് ചേർക്കണം.

അതിന് ശേഷം ഫൊറോനയിലെ മുഴുവൻ ജനത്തെയും ഉണർത്തുന്നതിനും ഒരുമിക്കുന്നതിനുമായി ഫൊറോന ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ വാഹന പ്രചരണജാഥ സംഘടിപ്പിക്കണം. ജനത്തിന്റെ താല്പര്യവും പങ്കാളിത്തവും വളർത്തുന്നതിനായുള്ള ഈ പ്രചരണ ജാഥയുടെ സമാപനത്തിൽ ടൗണിൽ ധർണ്ണയും ഉപവാസവും പൊതു യോഗവും സംഘടിപ്പിക്കാവുന്നതാണ്. ഡിസംബർ മധ്യത്തോടെ കണ്ണൂരിൽ വലിയ പ്രതിരോധ മാർച്ചും സമ്മേളനവും സംഘടിപ്പിക്കുവാനാണ് നാം ആഗ്രഹിക്കുന്നത്. അതിന് മുൻപായി വ്യത്യസ്തങ്ങളായ വിവിധ സമരപരിപാടികൾ ഓരോ സ്ഥലത്തും ക്രമീകരിക്കാവുന്നതാണ്. സർക്കാർ ഓഫീസുകളുടെ മുൻപിൽ വീട്ടമ്മമാർ അടുപ്പ് കൂട്ടി കണ്ണീർ കഞ്ഞി വെയ്ക്കൽ, യുവജനങ്ങളുടെ പന്തം കൊളുത്തി പ്രകടനം, വിളംബര ബൈക്ക് റാലികൾ, കുട്ടികളുടെ പ്രതിഷേധ കത്തുകൾ ഇവ സംഘടിപ്പിക്കാവുന്നതാണ്.

സെപ്റ്റംബർ 26-ന് മുഖ്യമന്ത്രിയെയും വിവിധ മന്ത്രിമാരെയും കണ്ട് നമ്മുടെ ആവശ്യങ്ങൾ അടങ്ങിയ നിവേദനം നാം സമർപ്പിച്ചിട്ടുണ്ട്. നമ്മുടെ ജില്ലകളിലുള്ള മുഴുവൻ ജനപ്രതിനിധികളെയും വിളിച്ച് ചേർത്ത് നമ്മുടെ ആവശ്യങ്ങളും പരിപാടികളും അവരുമായി പങ്ക് വെച്ചിട്ടുണ്ട്.

നമ്മുടെ നിലനില്പിന്റെ ആവശ്യമാണ് ഈ പ്രക്ഷോഭം എന്ന ചിന്ത മുഴുവൻ ആളുകളും സൂക്ഷിക്കണം. നമ്മിൽ പലരും കർഷകർ അല്ലെങ്കിലും മണ്ണിനെയും പ്രകൃതിയെയും സ്നേഹിച്ച് കഠിനാദ്ധ്വാനം ചെയ്ത് മണ്ണിൽ പൊന്നുവിളയിച്ച കർഷകരുടെ മക്കളാണ് നാം. അതിനാൽ പൂർവ്വികരോടുള്ള ആദരവും സ്നേഹവും മനസ്സിൽ സൂക്ഷിച്ചുകൊണ്ട് കർഷകരും, കർഷക തൊഴിലാളികളും ബിസിനസ്സുകാരും വിദേശത്തും സ്വദേശത്തും ജോലി ഉള്ളവരുമായ മുഴുവൻ ആളുകളുടെയും പങ്കാളിത്തം ഞാൻ ആവശ്യപ്പെടുകയാണ്. മത-രാഷ്ട്രീയ ഭേദമില്ലാതെ ഈ ജീവന്മരണ പോരാട്ടത്തിൽ കുടിയേറ്റ തലമുറ മുഴുവൻ പങ്ക് ചേരണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വൈദികരും ആത്മായ നേതാക്കളും താല്പര്യപൂർവ്വം ഈ പ്രക്ഷോഭത്തിനായി നേതൃത്വം കൊടുക്കണം. കുടുംബ കൂട്ടായ്മഭാരവാഹികളും സംഘടന ഭാരവാഹികളും തങ്ങളുടെ സംവിധാനങ്ങളിലൂടെ ജനപങ്കാളിത്തം ഉറപ്പിക്കുവാൻ നിരന്തരം പരിശ്രമിക്കണം. ഇതിന് വേണ്ടി കഷ്ടപ്പെടുകയും പങ്ക് വെയ്ക്കുകയും അങ്ങനെ സഹകരിക്കുകയും ചെയ്യുന്ന മുഴുവൻ ആളുകളെയും കർത്താവ് അനുഗ്രഹിക്കട്ടെ. നിങ്ങളുടെ സമയവും കഴിവുകളും സമ്പത്തും ഈ ഉദ്യമത്തിനായ് പൂർണ്ണമായി മാറ്റിവെയ്ക്കണമെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചുകൊണ്ട്

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി — **മാർ ജോർജ് ഞറളക്കാട്ട്**

22-09-2019 — തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2019 ഒക്ടോബർ മാസം 13-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

Prot. No.595/19, സർക്കുലർ നമ്പർ 17/2019

# ഫ്രാൻസിസ്കൻ അൽമായ സഭ കാലഘട്ടത്തിന്റെ അനിവാര്യത

അസീസ്സിയിലെ വി. ഫ്രാൻസിസ്സിന്റെ (1181-1226) പാവനസ്മരണ കൊണ്ടാടപ്പെടുന്ന മാസമാണല്ലോ ഒക്ടോബർ. "സോദരീ മരണമേ സ്വാഗതം" എന്ന് പാടികൊണ്ട് ദരിദ്രനും വിനീതനും ക്രൂശിതനുമായ ക്രിസ്തുവിനെപ്പോലെ നഗ്നനായി ഈ ലോകത്തിൽ നിന്നും കടന്നു പോയ വി. ഫ്രാൻസിസിന്റെ ഓർമ്മയാചരണം നമുക്കേവർക്കും അനുഗ്രഹപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു.

എട്ട് നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും കാലിക പ്രസക്തിയോടുകൂടി ഓർമ്മിക്കപ്പെടുന്ന അസീസ്സി പുണ്യവാന്റെ ആത്മീയത ഇന്നും ലോകത്തിനും സഭയ്ക്കും ഏറെ പ്രസക്തമാണ്. വി. ഫ്രാൻസിസിന്റെ പേരും ശൈലിയും അനുകരിച്ചുകൊണ്ട് നമ്മുടെ മാർപാപ്പ തുടർന്നു കൊണ്ടു പോകുന്ന നവീകരണ മുന്നേറ്റത്തിന് പിന്തുണ നൽകുവാനായി വി. ഫ്രാൻസിസിന്റെ ആദ്ധ്യാത്മികതയെ പറ്റി പഠിക്കാനും അത് ജീവിക്കാനും പരിശ്രമിക്കുന്നത് ഉചിതമാണ്.

## ക്രൈസ്തവ വിളിയും വി. ഫ്രാൻസിസിന്റെ മാതൃകയും

ക്രൈസ്തവരായ നാം എല്ലാവരും സ്വർഗ്ഗസ്ഥനായ പിതാവിനെ പോലെ സ്നേഹത്തിൽ പരിപൂർണ്ണരാകണമെന്നാണ് ദൈവത്തിന്റെ തിരുമനസ്സ് (മത്ത 5:48). അതിന് നാം എല്ലാവരും സ്നേഹത്തിന്റെ പൂർണ്ണതയായ മിശിഹായോട് അനുരൂപരായി തീരണം. ഈശോ തന്നെ പറയുന്നു "ഞാൻ നിങ്ങൾക്കൊരു പുതിയ പ്രമാണം തരുന്നു, എന്തെന്നാൽ ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ. 13:34). സകല ക്രൈസ്തവരും ഈശോയെ അനുകരിക്കാനും സുവിശേഷ മനുസരിച്ച് ജീവിക്കാനും കടപ്പെട്ടവരാണ്. എന്നാൽ പലപ്പോഴും അതുപോലെ സംഭവിക്കുന്നില്ല. തൽഫലമായി ക്രൈസ്തവ ജീവിതം വെറും നാമമാത്ര ക്രൈസ്തവ ജീവിതമായി അധഃപതിക്കുന്നു. ഇങ്ങനെയുള്ള ക്രൈസ്തവ ജീവിതത്തിന്റെ നവീകരണത്തിനായി രണ്ടാം വത്തിക്കാൻ സൂനഹദോസ് നിർദ്ദേശിക്കുന്നത് ഉറവിടങ്ങളിലേക്കും സ്ഥാപകരിലേക്കും മടങ്ങുക എന്നതാണ്. അതായത് സുവിശേഷങ്ങളിലേക്കും മിശിഹായിലേക്കും മടങ്ങുക. ഇത് തന്നെയാണ് വി. ഫ്രാൻസിസ് നൂറ്റാണ്ടുകൾക്ക് മുമ്പ് ചെയ്തത്.

അദ്ദേഹം ദരിദ്രനും വിനീതനും ക്രൂശിതനുമായ മിശിഹായെ അനുകരിച്ചു. സുവിശേഷം അക്ഷരം പ്രതി അനുസരിച്ചു. അതിൽ പൂർണ്ണ വിജയം പ്രാപിച്ചു. അങ്ങനെ അദ്ദേഹം രണ്ടാം ക്രിസ്തുവെന്ന അപര നാമത്തിനർഹനായി.

## വി. ഫ്രാൻസിസ് സ്ഥാപിച്ച മൂന്ന് സഭകൾ

സഭയേയും സമൂഹത്തെയും നവീകരിക്കുവാൻ വി. ഫ്രാൻസിസിന് സാധിച്ചത് മൂന്ന് സന്യാസ സഭകളുടെ സ്ഥാപനത്തോടെയാണ്. 1209-ൽ 'നിസ്സാര സഹോദരന്മാരുടെ സമൂഹം' എന്ന ഒന്നാം സഭയും, 1212-ൽ 'ദരിദ്ര കന്യകമാരുടെ സമൂഹ'മെന്ന രണ്ടാം സഭയും, 1223-ൽ 'പരിഹാരത്തിന്റെ സ്ത്രീ പുരുഷൻമാരുടെ സമൂഹം' എന്ന മൂന്നാം സഭയും ഫ്രാൻസിസ് സ്ഥാപിച്ചു. ഇപ്രകാരം സന്യാസികളും സന്യാസിനികളും, അൽമായരും ഉൾപ്പെടുന്ന വലിയ സമൂഹം സുവിശേഷാത്മക ജീവിതം നയിക്കുകയും സഭാ സേവനത്തിനും സുവിശേഷ പ്രഘോഷണത്തിനും സമാധാന സംസ്ഥാപനത്തിനും സ്വയം സമർപ്പിക്കുകയും ചെയ്തതിന്റെ ഫലമായി മധ്യയുഗത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായി.

മധ്യശതകത്തിലെ ഫ്യൂഡൽ വ്യവസ്ഥയിൽ ഫ്രാൻസിസികൻ അൽമായ സഭ ഒരു തിരുത്തൽ ശക്തിയായി വളർന്നുവരാൻ അധികനാൾ വേണ്ടി വന്നില്ല. അധാർമ്മികതയും അശ്ലീലങ്ങളും നിർബാധം വിളയാടിയിരുന്ന കുടുംബങ്ങളിൽ മാതൃകാ ദമ്പതികളായി മാറിയ മൂന്നാം സഭക്കാർ വലിയ മാറ്റം വിതച്ചു. മദ്യവും മദിരോത്സവവുമായി കഴിഞ്ഞിരുന്നവർ പ്രാർത്ഥനയും പരിത്യാഗവും ഏറ്റെടുത്തപ്പോൾ എണ്ണമറ്റ കുടുംബങ്ങൾ വിശുദ്ധീകരിക്കപ്പെട്ടു. സമാധാനവും അനുരഞ്ജനവും പ്രഖ്യാപിച്ചുകൊണ്ട് മൂന്നാം സഭക്കാർ കടന്നുവന്നപ്പോൾ സമൂഹത്തിലെ കലഹങ്ങൾക്ക് ഒരുപരിധിവരെ പരിഹാരമായി. ആയുധം വഹിക്കാനും യുദ്ധത്തിൽ പങ്കെടുക്കുവാനും വിസമ്മതിച്ചതുകൊണ്ട് ആഭ്യന്തര യുദ്ധങ്ങളും നാട്ടുരാജ്യങ്ങൾ തമ്മിലുള്ള വഴക്കുകളും നിയന്ത്രിക്കപ്പെട്ടു. മാത്രമല്ല, രാജാക്കന്മാരും പ്രഭുക്കന്മാരും മാടമ്പിമാരും സഭയിലെ അംഗത്വം സ്വീകരിച്ചപ്പോൾ രാജ്യഭരണം നീതിപൂർവ്വകമായി തീർന്നു. കലാകാരന്മാരും കവികളും ഇതിൽ അംഗങ്ങളായപ്പോൾ മൂല്യബോധമുള്ള കൃതികളും കലാരൂപങ്ങളും കൊണ്ട് നാട് നിറഞ്ഞു. അൽമായരുടെ ഈ ആത്മീയ മുന്നേറ്റം സഭാധികരികളുടെ പോലും കണ്ണു തുറപ്പിക്കുകയും അവരും ഈ നവീകരണത്തിന്റെ ഭാഗമായി തീരുകയും ചെയ്തു. അങ്ങനെ അസീസ്സിയിൽ ആരംഭിച്ച ഈ മഹാപ്രസ്ഥാനം ലോകം മുഴുവൻ ശാഖകൾ വിരിച്ച മഹാവൃക്ഷമായി തീർന്നു.

## മൂന്നാം സഭ - കുടുംബ ജീവിതക്കാരുടെ സന്യാസസഭ

ഇത് മറ്റ് സംഘടനകളെപോലുള്ള ഒന്നല്ല. അൽമായർക്കുവേണ്ടിയുള്ള സഭ എന്നതാണ് ഇതിന്റെ പ്രത്യേകത. സമ്പത്ത്, സ്വാതന്ത്ര്യം, വിവാഹം തുടങ്ങയിവ ഉപേക്ഷിക്കാതെ ക്രമമായ ജീവിതത്തിലൂടെ ദാരിദ്ര്യം, ദാമ്പത്യ വിശുദ്ധി, അനുസരണം എന്നീ വ്രതങ്ങൾ അനുഷ്ഠിച്ച് അവർക്കും തങ്ങളെ തന്നെ വിശുദ്ധീകരിക്കാം. കുടുംബ ജീവിതം നയിക്കുന്നവർക്കും വിശുദ്ധരാകാം, പുണ്യ പരിപൂർണ്ണത പ്രാപിക്കാം, പ്രേക്ഷിത പ്രവർത്തനം നടത്താം, ദൈവരാജ്യം സ്ഥാപിക്കാം എന്ന് ഫ്രാൻസിസ്കൻ മൂന്നാം സഭ തെളിയിച്ചു. സുവിശേഷത്തിന്റെ ചൈതന്യത്തിൽ അവർ എവിടെ ജീവിച്ചാലും ലോകത്തെ അതിനുള്ളിലിരുന്ന് വിശുദ്ധീകരിക്കാൻ അവർക്ക് കഴിയും. ഇതാണ് യഥാർത്ഥമായ അൽമായ പ്രേക്ഷിതത്വം. അതിന്റെ സകല നിയമങ്ങളും ഭരണക്രമവും, പ്രാർത്ഥനയും സന്യാസ സഭകളുടെതുപോലെതന്നെയാണ്. ലൗകിക ജീവിതവ്യഗ്രതയിൽപ്പെട്ടുഴലുന്നവർക്ക് ക്രൈസ്തവ പരിപൂർണ്ണത സുഗമമാക്കാനുള്ള ഒരു മാർഗ്ഗം കാണിച്ചു കൊടുക്കാൻ വേണ്ടി വി. ഫ്രാൻസിസ് അൽമായർക്കുവേണ്ടി സ്ഥാപിച്ച സഭയാണിത്.

യഥാർത്ഥ വിശുദ്ധി പ്രാപിക്കാനുള്ള മാർഗ്ഗമായി കണ്ട് 1289-ൽ നാലാം നിക്കോളാസ് മാർപാപ്പ ഈ സഭയെ രേഖാമൂലം അംഗീകരിച്ചു. മൂന്ന് ചാക്രിക ലേഖനങ്ങളും 200-ൽ പരം തിരുവെഴുത്തുകളും മൂന്നാം സഭയെപ്പറ്റി വിവിധ കാലയളവുകളിൽ മാർപാപ്പമാർ പ്രസിദ്ധം ചെയ്തിട്ടുണ്ട്.

## ഫ്രാൻസിസ്കൻ മൂന്നാം സഭ - കേരളത്തിൽ

ഫ്രാൻസിസ്കൻ അൽമായ സഭയുടെ ഉത്തരവാദിത്വം തിരുസ്സഭ ഫ്രാൻസിസ്കൻ ഒന്നാം സഭയിലെ അച്ചൻമാരെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അത് അനുസരിച്ച് മൂന്നാം സഭയുടെ ആത്മീയ നേതൃത്വം കപ്പുച്ചീൻ വൈദികർ നിർവഹിച്ചു പോരുന്നു. ബഹു. ലിയോ അച്ചനും, തോമസ് മൂർ അച്ചനും മൂന്നാം സഭയുടെ വളർച്ചയ്ക്ക് അത്യദ്ധ്വാനം ചെയ്തവരാണ്. തൽഫലമായി തിരുവിതാംകൂർ മേഖലയിൽ എല്ലാ ഇടവകകളിലും രൂപതകളിലും അൽമായ സഭയുടെ യൂണിറ്റുകൾ സ്ഥാപിതമായി. ഇന്നും കേരളത്തിന്റെ തിരുവിതാംകൂർ ഭാഗത്ത് മൂന്നാം സഭ ശക്തമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

1980 കാലഘട്ടത്തിന് ശേഷമാണ് സഭയുടെ പ്രവർത്തനങ്ങൾ മലബാർ മേഖലയിൽ ഊർജ്ജീതമായത്. പുണ്യശ്ലോകനായ ബഹു. അഡോൾഫ് കണ്ണാടിപ്പാറ, ഫാ. ബിജു ഇളമ്പച്ചൻവീട്ടിൽ എന്നിവരുടെ ആത്മീയ നേതൃത്വത്തിൽ തലശ്ശേരി അതിരൂപതയിൽ 30-തോളം ദേവാ

ലയങ്ങളിൽ ഫ്രാൻസിസ്കൻ അൽമായസഭയുടെ യൂണിറ്റുകൾ സ്ഥാപിതമായി. ഈ കാലയളവിൽ ബഹു. ജോൺബോസ്കോ അച്ചന്റെ നേതൃത്വത്തിൽ 70-തോളം ദേവാലയങ്ങളിൽ ഫ്രാൻസിസ്കൻ അൽമായ സഭയുടെ യൂണിറ്റുകൾ സ്ഥാപിതമായി കഴിഞ്ഞു. അതിരൂപത മുഴുവൻ ഫ്രാൻസിസ്കൻ അൽമായ സഭയെ പരിചയപ്പെടുത്താനും ഭ്രാതൃത്വങ്ങൾ ആരംഭിക്കാനുമുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

## എല്ലാവരും പ്രോത്സാഹിപ്പിക്കണം

എല്ലാ ഇടവകളിലും ഫ്രാൻസിസ്കൻ അൽമായ സഭയുടെ യൂണിറ്റുകൾ ആരംഭിക്കുകയും കഴിയുന്നിടത്തോളം ഇടവാകാംഗങ്ങൾ അതിൽ അംഗങ്ങളായി ചേരുകയും ചെയ്യണമെന്നതാണ് എന്റെ ആഗ്രഹം. ബഹു. വികാരിയച്ചൻമാർ ഇക്കാര്യത്തിൽ മുൻകൈയെടുക്കണം. നമ്മുടെ ഇടവകാംഗങ്ങളെ മുഴുവൻ സുവിശേഷ ചൈതന്യത്തിൽ വി. ഫ്രാൻസിസിന്റെ അരൂപിയിൽ നവീകരിക്കുന്നതിന് അത് സഹായകമാകും. മറ്റ് സംഘടനകൾ ഇടവകയിൽ ഉണ്ടെന്നുള്ള പേരിൽ ഫ്രാൻസിസികൻ അൽമായ സഭ ആരംഭിക്കുന്നതിന് മടിക്കരുത്. ഇത് ജീവിത വിശുദ്ധീകരണത്തിനുള്ളതാണ്, മറ്റ് സംഘടനകൾ പ്രത്യേക പ്രവർത്തനങ്ങൾക്കുള്ളതും. അതുകൊണ്ട് മറ്റ് സംഘടനകളിലുള്ളവർക്കും ഇതിൽ ചേർന്ന് പ്രവർത്തിക്കാം. വി. ഫ്രാൻസിസിനെ പോലെ ഈശോയെ അനുകരിക്കുന്നതിനും അങ്ങനെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ പരിപൂർണ്ണരാകുന്നതിനും ഫ്രാൻസിസികൻ അൽമായ സഭ എല്ലാവരെയും സഹായിക്കുന്നു.

അതിരൂപതയിൽ അൽമായ സഭയ്ക്ക് നേതൃത്വം നൽകുന്ന കപ്പുച്ചിൻ വൈദികർക്കും അൽമായ സഹോദരങ്ങൾക്കും എന്റെ അഭിനന്ദനകളും പ്രാർത്ഥനാശംസകളും നേരുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
25-09-2019

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2019 ഒക്ടോബർ മാസം 20-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനമധ്യേ വായിക്കേണ്ടതാണ്.




## 1. പുതിയ നിയമനം

1. ഫാ. ജോർജ് പടിഞ്ഞാറേ ആനിശ്ശേരിൽ – താല്ക്കാലിക വികാരി, തിരൂർ
2. ഫാ. പോൾ പുതുശ്ശേരി – അസി. വികാരി, പടുപ്പ്
3. ഫാ. ജോസഫ് കല്ലറയ്ക്കൽ O.Prem – അസി. വികാരി, ചന്ദനക്കാംപാറ
4. ഫാ. പോൾ തട്ടുപറമ്പിൽ – അസി വികാരി, കുടിയാന്മല

## 2. മിഷൻഞായർ

ഒക്ടോബർ 27 ഞായറാഴ്ചയാണ് ഈ വർഷത്തെ മിഷൻഞായർ. പരിശുദ്ധപിതാവ് 2019 ഒക്ടോബർ മാസം അസാധാരണ മിഷൻമാസമായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ എല്ലാ ഇടവകകളിലും മിഷൻ മാസാചരണം പതിവിലും കൂടുതൽ വിപുലമായി നടത്താൻ പരിശ്രമിക്കുമല്ലോ. കഴിഞ്ഞമാസത്തെ ഗിരിദീപത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന കെ.സി.ബി.സി. സർക്കുലറിൽ ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ. മിഷൻ ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച ആഗോളമിഷൻ പ്രവർത്തനങ്ങളെ സഹായിക്കാനായി പ്രത്യേകം അറിയിച്ച് സമാഹരിക്കുകയും അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യുമല്ലോ.

## 3. ആദ്ലീമിന സന്ദർശനം

എട്ടുവർഷത്തെ ഇടവേളയ്ക്കുശേഷം നടക്കുന്ന ആദ്ലീമിന സന്ദർശനത്തിനായി അഭിവന്ദ്യപിതാക്കന്മാർ മൂന്നുപേരും ഒക്ടോബർ ആദ്യവാരത്തിൽ റോമിലേക്ക് പോകുന്നു. പരിശുദ്ധപിതാവിനെയും റോമിലെ വിവിധ തിരുസംഘങ്ങളെയും സന്ദർശിച്ച് നമ്മുടെ അതിരൂപതയെക്കുറിച്ചുള്ള കാര്യങ്ങൾ സംസാരിക്കാനുള്ള ഈ യാത്ര സഫലമാകാനായി നമുക്ക് പ്രാർത്ഥിക്കാം.

## 4. സ്ഥാനാരോഹണദിനം

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് തലശ്ശേരി അതിരൂപതാ ധ്യക്ഷനായി ചുമതലയേറ്റിട്ട് ഈ ഒക്ടോബർ 30-ന് അഞ്ചുവർഷം പൂർത്തിയാവുകയാണ്. പിതാവിലൂടെ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദിപറയുകയും പിതാവിന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാനുള്ള ദൈവകൃപയ്ക്കുവേണ്ടിയും പിതാവിന്റെ ആയുരാരോഗ്യ ത്തിനുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

## 5. പുതിയ ഡയറക്ടറി

പുതിയ അതിരൂപതാ ഡയറക്ടറി വില്പനക്ക് തയ്യാറായിട്ടുണ്ട്. എല്ലാ ഇടവകപ്പള്ളികളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും പുതിയ ഡയറക്ടറി വാങ്ങി സൂക്ഷിക്കണം. കോപ്പികൾ ബഹു. പ്രൊക്കുറേറ്ററച്ചന്റെ ഓഫീസിൽ ലഭ്യമാണ്. വില 200 രൂപ.

## 6. പാസ്റ്ററൽ കൗൺസിൽ മീറ്റിംങ്

പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2019 നവംബർ 12-ാം തീയതി നടത്തുന്നതാണ്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 7. ഡീക്കന്മാരുടെ മാതാപിതാക്കൾക്കുവേണ്ടിയുള്ള ധ്യാനം

ഈ വർഷം പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന ബഹു. ഡീക്കന്മാരുടെ മാതാപിതാക്കൾക്ക് വേണ്ടിയുള്ള ധ്യാനം നവംബർ 15, 16, 17 തീയതികളിൽ തൃശ്ശൂരുള്ള ജറുസലെം ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തപ്പെടുന്നു. നിങ്ങളുടെ ഇടവകാംഗങ്ങളായ നമ്മുടെ രൂപതയിലെയും സന്യാസ സമൂഹങ്ങളിലെയും ഡീക്കന്മാരുടെ മാതാപിതാക്കളെ ഈ ധ്യാനത്തിന്റെ കാര്യങ്ങൾ അറിയിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: Mob: 9656 133 533, 9744 478 248.

## 8. ആദരാഞ്ജലികൾ

**ശ്രീ. മത്തായി പരതേപതിക്കൽ (80):** അതിരൂപതാ പ്രൊക്കുറേറ്റർ ബഹു. ആന്റണി പരതേപതിക്കലിന്റെ വത്സലപിതാവ് ശ്രീ. മത്തായി പരതേപതിക്കൽ 2019 സെപ്റ്റംബർ 6-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാര കർമ്മങ്ങൾ സെപ്റ്റംബർ 9-ന് തിങ്കളാഴ്ച തയ്യേനി ലൂർദ്ദ്മാതാ ദൈവാലയത്തിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സംസ്ക്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ബഹു. ആന്റണി അച്ചനെയും കുടുംബാംഗ ങ്ങളെയും അനുശോചനം അറിയിക്കുകയും പരേതന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുയും ചെയ്യുന്നു.

**ശ്രീമതി അന്നക്കുട്ടി ഓരത്തേൽ (88):** ബഹു. കുര്യാക്കോസ് ഓരത്തേലച്ചന്റെ വത്സലമാതാവ് ശ്രീമതി അന്നക്കുട്ടി ഓരത്തേൽ 2019 സെപ്റ്റംബർ 13-ന് നിര്യാതയായി. 2019 സെപ്റ്റംബർ 17-ന് ചുങ്കക്കുന്ന് ഫാത്തിമ മാതാ ദൈവാലയത്തിൽ നടന്ന മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. പരേതയുടെ ആത്മാവിന് നിത്യശാന്തി നേരുകയും കുര്യാക്കോസച്ചനെയും കുടുംബാംഗ ങ്ങളെയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**സി. അനസ്താസിയ എഫ്.സി.സി. (86):** ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാ സിനി സമൂഹത്തിന്റെ സെന്റ് ജോസഫ് പ്രൊവിൻസ്, അംഗമായ സി.അന

സ്താസിയ 2019 സെപ്റ്റംബർ 17 ന് നിര്യാതയായി. മൃതസംസ്ക്കാരം സെപ്റ്റം



ബർ 18-ന് ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ആർച്ച് ബിഷപ് എമിരറ്റസ് മാർ ജോർജ്ജ് വലിയമറ്റത്തിന്റ മുഖ്യകാർമ്മികത്വത്തിൽ കുന്നോത്ത് നൊവിഷ്യറ്റ് ഹൗസ് സെമിത്തേരിയിൽ നടത്തി. പരേത പാല രൂപതയിൽ പ്ലാശനാൽ ഇടവക തട്ടാംപറമ്പിൽ ഉലഹന്നാൻ- അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ മകളാണ്. തലശ്ശേരി അതിരൂപതയിൽ ചെമ്പേരി, കരിക്കോട്ടക്കരി, കുടിയാൻമല, കരിമ്പം, വിമലശ്ശേരി, പുഷ്പഗിരി എന്നിവടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സിസ്റ്ററിന്റെ ആത്മശാന്തിക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**സി.ലോറൻസ് മരിയ എഫ്.സി.സി.(83):** ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹത്തിന്റെ സെന്റ് ജോസഫ് പ്രൊവിൻസ്, അംഗമായ സി. ലോറൻസ്



മരിയ 2019 സെപ്റ്റംബർ 19ന് നിര്യാതയായി. മൃതസംസ്ക്കാരം സെപ്റ്റംബർ 20-ന് ഉച്ചകഴിഞ്ഞ് 2.00 മണിക്ക് തലശ്ശേരി അതിരൂപത വികാരിജനറാൾ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ കുന്നോത്ത് നൊവിഷ്യറ്റ് ഹൗസ് സെമിത്തേരിയിൽ നടത്തി. പരേത തലശ്ശേരി അതിരൂപതയിൽ മേരിപുരം ഇടവക തോട്ടാപ്പിള്ളിൽ കുര്യൻ- മറിയം ദമ്പതികളുടെ മൂന്നാമത്തെ മകളാണ്. തലശ്ശേരി അതിരൂപതയിൽ കുടിയാൻമല, കരിക്കോട്ടക്കരി, കുന്നോത്ത്, ചെമ്പേരി, കമ്പല്ലൂർ, ചെമ്പന്തൊട്ടി, ഉദയപുരം, എമ്പേറ്റ് എന്നിവടങ്ങളിലും താമരശ്ശേരി രൂപതയിൽ കോടഞ്ചേരി, കൂടത്തായി, കരിങ്ങലത്താണി, എന്നിവടങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സിസ്റ്ററിന്റെ ആത്മശാന്തിക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

## 9. സ്നേഹസ്മൃതി

1. റവ. ഫാ. ബർത്തലോമിയോ മഴുവഞ്ചേരി സി.എം.ഐ. - 01-10-2006
2. റവ. ഫാ. ജേക്കബ്ബ് ആലുങ്കൽ - 04-10-1994
3. റവ. ഫാ. സെബാസ്റ്റ്യൻ ജോസഫ് കാഞ്ഞിരക്കാട്ട് - 06-10-2017
4. റവ. ഫാ. ജോസഫ് കച്ചിറമറ്റം - 07-10-2001
5. റവ. ഫാ. തോമസ് പുറത്തെമുതുകാട്ടിൽ - 21-10-2013
6. റവ. ഫാ. സാബാസ് കുരുവിത്തടം സി.എം.ഐ. - 23-10-1982
7. റവ. ഫാ. മാത്യു കാനക്കാട്ട് - 24-10-2007
8. റവ. ഫാ. ജേക്കബ്ബ് നെടുമ്പിള്ളി - 26-10-2010
9. റവ. ഫാ. അഡ്രിയാൻ സി.എം.ഐ. - 26-10-1978
10. റവ. ഫാ. ഹൊർമീസ് പെരുമാലിൽ സി.എം.ഐ. - 28-10-1986
11. റവ. ഫാ. ജേക്കബ്ബ് കുന്നപ്പള്ളിൽ - 30-10-2002

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# സെമിനാരി വാർത്തകൾ

## 1. വിഷൻ & മിഷൻ : നവംബർ 10, 17 തീയതികളിൽ

നമ്മുടെ സൺഡേ സ്കൂളുകളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി വിഷൻ & മിഷൻ എന്ന പേരിൽ ഒരു ദൈവവിളി സെമിനാർ എല്ലാവർഷവും നടത്താറുണ്ടല്ലോ. ഈ വർഷത്തെ ഈ ദൈവവിളി സെമിനാർ നവംബർ മാസം 10, 17 തീയതികളിലെ ഞായറാഴ്ചകളിൽ നടത്തുവാനാഗ്രഹിക്കുന്നു. ബഹു. വികാരിയച്ചന്മാരും, കൊച്ചച്ചന്മാരും സൺഡേ സ്കൂൾ ഹെഡ്മാസ്റ്റേഴ്സും ഈ സെമിനാർ നടത്തുന്നതിനുവേണ്ടുന്ന ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

## 2. ദൈവവിളി പ്രോത്സാഹനം-തലശ്ശേരി സെമിനാരി

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി ചേർന്ന് വൈദികനാകാൻ ആഗ്രഹിക്കുന്ന നല്ല കുട്ടികളെ കണ്ടെത്തി അവരുടെ പേരുകളും അഡ്രസ്സും വൊക്കേഷൻ പ്രമോട്ടറെ അറിയിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## 3. ലൈഫ് ഗൈഡൻസ് വിജയകരം

വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നമ്മുടെ കോർപ്പറേറ്റ് സ്കൂളുകളിൽ നടത്തിയ ലൈഫ് ഗൈഡൻസ് പ്രോഗ്രാം 10-ാംക്ലാസ്സിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഉപകാരപ്രദമായി. വൊക്കേഷൻ ബ്യൂറോ അംഗങ്ങളുടെ അത്യുത്സാഹവും കഠിനപ്രയത്നവുമാണ് ഈ പ്രോഗ്രാമിന്റെ വിജയത്തിനു ആധാരമായത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച സ്കൂൾ മാനേജറച്ചന്മാർ, ഹെഡ്മാസ്റ്റേഴ്സ്, വൊക്കേഷൻ ബ്യൂറോയിലെ ബഹു. വൈദികർ, സിസ്റ്റേഴ്സ്, അല്മായ പ്രേഷിതർ എന്നിവരെ നന്ദിയോടെ ഓർമ്മിക്കുന്നു. അഭിനന്ദനങ്ങളും അറിയിക്കുന്നു.

## 4. വൊക്കേഷൻ പ്രോമോഷൻ- ഇടവകയിൽ

ഒക്ടോബർ-നവംബർ മാസത്തിലാണല്ലോ സ്കൂളുകളിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് സന്ദർശിക്കുന്നത്. ഇടവകകളിലും സ്കൂളുകളിലും വൊക്കേഷൻ പ്രൊമോഷൻ നടത്തുന്നതിനുള്ള അതിരൂപതയുടെ നിർദ്ദേശങ്ങൾ ഓഗസ്റ്റ് 2019-ലെ ഗിരിദീപത്തിൽ (പേജ് 24-26) നല്കിയിരിക്കുന്നത് ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ 8547 128 523

**ഫാ. ജോർജ് കരോട്ട്**
റെക്ടർ 8304 871 142

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

ലോകസമാധാനത്തിനും കുടുംബങ്ങളുടെ നിലനിൽപ്പിനും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ 'കന്യകാമറിയത്തിന്റെ ജപമാല' (*Rosarium Virginis Mariae*) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. 'സുവിശേഷസംഗ്രഹം' എന്നു വിളിക്കപ്പെടുന്ന ഈ ഭക്തമുറ കേവലം ഒരു യാന്ത്രികപ്രാർത്ഥനയല്ല, മറിച്ച് തികച്ചും ധ്യാനാത്മകമാണെന്ന് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ മാസത്തിൽ വിശ്വാസപരിശീലകരായ നമുക്ക് ജപമാല നമസ്ക്കാരത്തിൽ ഭക്തിപൂർവ്വം പങ്കുചേരാം.

## 1. അസൈൻമെന്റ് ക്ലാസ് - XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മിശ്രവിവാഹത്തെ ബൈബിളിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തുക'** എന്നതാണ്. അസൈൻമെന്റ് **ഒക്ടോബർ 27ന്** മുമ്പ് നിർബന്ധമായും ഓഫീസിൽ എത്തിക്കേണ്ടതാണ്. ക്ലാസ് ടീച്ചർ കുട്ടികളെ അസൈൻമെന്റ് എഴുതാൻ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ ഉണ്ടായിരിക്കണം. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. കുട്ടികൾ എഴുതിയ അസൈൻമെന്റിൽ ഓഫീസിൽ നിന്ന് നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ക്ലാസ് ടീച്ചറും ഹെഡ്മാസ്റ്ററും പരിശോധിച്ച് തിരുത്തലുകൾ വരുത്തിയതിന് ശേഷമാണ് ഓഫീസിലേക്ക് അയക്കേണ്ടത്.

## 2. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII) വെബ്സൈറ്റിലൂടെ മാത്രം

ഈ അധ്യയനവർഷത്തെ 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അവരുടെ രജിസ്ട്രേഷൻ പൂർത്തിയാകും. അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2019-2020 എന്ന തലക്കെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത

കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. പൂർണ്ണമായ വിവരങ്ങൾ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ രജിസ്ട്രേഷൻ നമ്പർ ലഭിക്കുകയുള്ളൂ. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കു ന്നതായിരിക്കും.

## 3. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2020 ജനുവരി 26 -ന് നടത്തുന്ന പരീക്ഷയക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്).

## 4. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്.) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

## 5. XII -ാം ക്ലാസ്സിലെ കുട്ടികൾക്കുള്ള ധ്യാനം

12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ധ്യാനം ഇതുവരെയും നടത്താത്ത ഫൊറോനകൾ ഒക്ടോബർ മാസത്തിലെ ഏതെങ്കിലുമൊരു ഞായറാഴ്ച ധ്യാനം നടത്തേണ്ടതാണ്. ബഹു. ഫൊറോന വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ധ്യാനത്തിനുള്ള ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ.

## 6.ആസ്പെക്ട് 2019-2020

2019-2020 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **വിശ്വാസവഴിയിലെ സംശയങ്ങൾ** എന്ന പുസ്തകമാണ്. 304 പേജുകളുള്ള ഈ പുസ്തകത്തിന് 100 രൂപയാണ് വിലയായി നല്കേണ്ടത്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. ഏകദിന സെമിനാർ നടക്കുന്ന ദിവസം പുസ്തകങ്ങൾ ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കുന്നതാണ്.

## 7. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള ഏകദിന സെമിനാർ നടന്നുകൊണ്ടിരിക്കുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാർ നയിക്കുന്ന ടീം അംഗങ്ങൾ ആരെന്ന് ഓഫീസിൽ നിന്നും അറിയിക്കുന്നതായിരിക്കും. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസ പരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

ചെറുപുഴ - ഒക്ടോബർ 12
മേരിഗിരി - ഒക്ടോബർ 12
തോമാപുരം - ഒക്ടോബർ 12
വെള്ളരിക്കുണ്ട് - ഒക്ടോബർ 12

## 8. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2019-2020 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്.** ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 9. USER ID+ PASSWORD

വിശ്വാസപരിശീലന ഡിപ്പാർട്ടുമെന്റിന്റെ വെബ്സൈറ്റിൽ തലശ്ശേരി അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകരുടെയും വിശ്വസപരിശീലനം നടത്തികൊണ്ടിരിക്കുന്ന കുട്ടികളുടെയും ഡാറ്റാ ഉണ്ട്. അക്ഷയകേന്ദ്രങ്ങൾ വഴിയോ, മറ്റ് കമ്പ്യൂട്ടർ സെന്ററുകൾ വഴിയോ വിശ്വാസ പരിശീലന സംബന്ധമായ കാര്യങ്ങൾ വെബ്സൈറ്റിൽ എന്റർ ചെയ്യുമ്പോൾ password കൈമാറാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ബഹു. വികാരിയച്ചനോ പ്രധാനാധ്യാപകനോ വിളിച്ചാൽ മാത്രമായിരിക്കും ഓഫീസിൽനിന്നും pass-

word തരിക. പ്രധാനാധ്യാപകൻ ഓഫീസിൽ തന്നിട്ടുള്ള മൊബൈൽ നമ്പറിൽതന്നെ വിളിക്കേണ്ടതാണ്. ഇക്കാര്യം എല്ലാ പ്രധാനാധ്യാപകരും ഗൗരവത്തിലെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 10. ബധിരരും മൂകരുമായവരുടെ വിശ്വാസപരിശീലനം

തലശ്ശേരി അതിരൂപതയിൽപ്പെട്ട കേഴ്‌വി, സംസാര ന്യൂനതയുള്ളവരുടെ വിശ്വാസ പരിശീലനം ലക്ഷ്യമാക്കി *ADAM* മിനിസ്ട്രിയുമായി സഹകരിച്ച് ഡിസംബർ മാസത്തിൽ ഒരു സംഗമം നടത്തുവാൻ ആഗ്രഹിക്കുന്നുണ്ട്. നമ്മുടെ ഇടവകയിൽ ഇപ്രകാരമുള്ള കുട്ടികൾ ഉണ്ടെങ്കിൽ (20 വയസ്സിൽ താഴെ) ബഹു. ഹെഡ്മാസ്റ്റർമാർ കത്തുമുഖേന ഓഫീസിൽ അറിയിക്കുമല്ലോ. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ "മതബോധനം ഇന്ന്" എന്ന ചാക്രിക ലേഖനത്തിൽ ഇപ്രകാരം പറയുന്നു: **"ശാരീരികമോ മാനസീകമോ ആയ വൈകല്യമുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും തങ്ങളുടെ പ്രായത്തിലുള്ള മറ്റുള്ളവരെപ്പോലെതന്നെ, വിശ്വാസത്തിന്റെ രഹസ്യം അറിയുവാൻ അവകാശമുണ്ട്"** (CT 41). സംഗമം സംബന്ധിച്ച വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 11. ഓഫീസ് റിക്കാർഡുകൾ

എല്ലാ സൺഡേ സ്കൂളുകളിലെയും ഓഫീസ് റിക്കാർഡുകൾ ഓരോ വർഷവും പുനഃക്രമീകരിച്ചു സൂക്ഷിക്കേണ്ടതുണ്ട്. അധ്യാപകരുടെയും കുട്ടികളുടെയും **ഹാജർ രജിസ്റ്ററുകൾ, മാർക്ക് രജിസ്റ്ററുകൾ** എന്നിവ സൂക്ഷിച്ചുവയ്ക്കേണ്ടതാണ്. ഓഫീസ് റിക്കാർഡുകളും ഫയലുകളും ഹെഡ്മാസ്റ്ററിന്റെയും സ്റ്റാഫ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ ക്രമമായും ചിട്ടയായും സൂക്ഷിക്കണം. **12-ൽ പഠിച്ച കുട്ടികളുടെ സർട്ടിഫിക്കറ്റുകൾ അതതുവർഷം വിതരണം നടത്തേണ്ടതും issue register ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.**

## 12. പ്രത്യേക ശ്രദ്ധയ്ക്ക്

ആഴ്ചയിൽ ഒരു ദിവസം മാത്രം നടത്തുന്ന വിശ്വാസപരിശീലനം വളരെ പ്രധാനപ്പെട്ടതായതിനാൽ ക്ലാസ്സ് സമയത്തിനിടയിലുള്ള മറ്റുപരിപാടികൾ (ഉദാ. കലോത്സവ പരിശീലനങ്ങൾ, വ്യക്തിത്വ പരിശീലന പരിപാടികൾ തുടങ്ങിയവ) നിരുത്സാഹപ്പെടുത്തണം. ക്ലാസ്സ് സമയത്തിന് കുറവുവരാതിരിക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. എക്സ്ട്രാ ആക്ടിവിറ്റികൾക്ക് മാസത്തിലെ അവസാനത്തെ ഞായറാഴ്ചത്തെ ഫുൾഡേ ക്ലാസ്സിൽ ഉച്ചകഴിഞ്ഞുള്ള സമയമോ, ഞായറാഴ്ച ക്ലാസ്സ് കഴിഞ്ഞുള്ള സമയമോ, മറ്റവധി ദിനങ്ങളോ പ്രയോജനപ്പെടുത്താവുന്നതാണ്.

## 13. മിഷൻ ഞായർ ഒക്ടോബർ 27

ആഗോളമിഷൻ ഞായറായ ഒക്ടോബർ 27-ാം തീയതി എല്ലാ ഇടവകകളും മിഷൻദിനമായി ആഘോഷിക്കുമല്ലോ.

## 14. മതാധ്യാപകദിനം നവംബർ 4

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4-നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 3-ാം തീയതി ഞായറാഴ്ച മതാധ്യാപക ദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ നല്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

## 15. അതിരൂപതാ മതാദ്ധ്യാപക സംഗമം

തലശ്ശേരി അതിരൂപതയിലെ മുഴുവൻ വിശ്വാസ പരിശീലകരുടെയും സംഗമം നവംബർ 9ന് ശനിയാഴ്ച ചെമ്പേരിയിൽവച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിന്റെ കാർമികത്വത്തിലുള്ള വി. ബലിയർപ്പണത്തോടെ സംഗമം ആരംഭിക്കും. സംഗമം രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെയായിരിക്കും. വിശദവിവരങ്ങൾ പിന്നീട് കത്തുമുഖേന അറിയിക്കുന്നതായിരിക്കും.

## 16. രാജത്വത്തിരുനാൾ - നവംബർ 24

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 24-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 17. ഉണ്ണീശോയുടെ സ്വന്തം- Fiat Mission

തിരുപ്പിറവിക്കായൊരുങ്ങുന്ന നാളുകളിൽ കുഞ്ഞുമനസ്സുകളിൽ ഉണ്ണീശോയുടെ സ്നേഹം നിറച്ച്, ഈശോയുടെ സ്വന്തമാണെന്ന തിരിച്ചറിവിലേയ്ക്ക് കുട്ടികളെ നയിക്കാൻ സഹായകമാകുന്ന തരത്തിൽ ഫിയാത്ത് മിഷൻ തയ്യാറാക്കിയിരിക്കുന്ന നോമ്പുകാല പ്രാർത്ഥനാപുസ്തകമാണ് 'ഈശോയുടെ സ്വന്തം. '**ഈ പ്രാർത്ഥനാ പുസ്തകം തീർത്തും സൗജന്യമായാണ് ഫിയാത്ത് മിഷൻ നൽകുന്നത്.** ഈ പുസ്തകത്തിന്റെ കോപ്പികൾ ആവശ്യമുള്ള ഇടവകകൾ ഒക്ടോബർ 15-നുള്ളിൽ കോപ്പികളുടെ എണ്ണം വാടസ് ആപ്പ് ഗ്രൂപ്പിൽ ഇടുമല്ലോ. വിശ്വാസപരിശീലന കേന്ദ്രത്തിന്റെയും ചെറുപുഷ്പ മിഷൻ ലീഗിന്റെയും നേതൃത്വത്തിൽ ഇടവകകൾക്ക് ആവശ്യമുള്ള കോപ്പികൾ ഫെറോനാ കേന്ദ്രത്തിൽ എത്തിച്ചു നൽകുന്നതാണ്.

## 18. സീറോ മലബാർ പ്രതിഭാ അവാർഡ്

ഓരോ രൂപതയിൽനിന്നും 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന തിരഞ്ഞെടുക്കപ്പെടുന്ന 3 ആൺകുട്ടികൾക്കും 3 പെൺകുട്ടികൾക്കും

സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേകം പരിശീലനം നല്കി വരുന്നു.

**അതിരൂപതാതല ക്യാമ്പ് :** ഫൊറോനാതലത്തിൽനിന്നും തെരഞ്ഞെടുക്ക പ്പെടുന്ന കുട്ടികളുടെ അതിരൂപതാതല ക്യാമ്പ് **ഒക്ടോബറിൽ 7, 8** തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് ഞായറാഴ്ച 1.00 മണിക്ക് അവ സാനിക്കുന്നു. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ബഹു. ഫൊറോന പ്രസിഡന്റ് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ (3 ആൺ കുട്ടികൾ, 3 പെൺകുട്ടികൾ) പേര്, ഇടവക, ഫോൺനമ്പർ എന്നിവ വാട്ട്സ് ആപ്പിൽ അന്നുതന്നെ ഇടേണ്ടതാണ്. ക്യാമ്പിന് രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുകയില്ല.

## 19. ആദരാഞ്ജലികൾ

കാലാങ്കി സൺഡേ സ്കൂൾ അധ്യാപിക ബഹു. ഷൈനി കൊട്ടാരത്തിൽ ടീച്ചറിന്റെ ഭർത്താവ് ശ്രീ. ബിജു കൊട്ടാരത്തിൽ, മണ്ടളം ഇടവകയിലെ വിശ്വാ സപരിശീലകനായ ശ്രീ. തോമസ് താഴത്തേൽ സാറിന്റെ പിതാവ് ശ്രീ. ദേവസ്യ താഴത്തേൽ, പൊട്ടംപ്ലാവ് ഇടവകയിലെ പ്രധാനാധ്യാപകൻ ശ്രീ. ജോണി മഞ്ചപ്പള്ളിൽ സാറിന്റെ ഭാര്യ ശ്രീമതി ലൈല മഞ്ചപ്പള്ളിൽ, 9-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തിയിരുന്ന പരപ്പ ഇടവകാംഗമായ ചൂരക്കുന്നേൽ ആനന്ദ് എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലന കുടുംബാംഗങ്ങളുടെ അനുശോചനം അറിയിക്കുന്നു.

## 20. അസാധാരണ മിഷൻ മാസം

2019 ഒക്ടോബർ മാസം അസാധാരണ മിഷൻ മാസമായി ഫ്രാൻസീസ് മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. അസാധാരണ മിഷൻ മാസാചാരണത്തിന്റെ കർമ്മപദ്ധതികൾക്ക് വിശ്വാസപരിശീലനകേന്ദ്രവും ചെറുപുഷ്പ മിഷൻലീഗും സംയുക്തമായാണ് നേതൃത്വം കൊടുക്കുന്നത് **(വിശദവിവരങ്ങൾക്ക് ചെറുപുഷ്പമിഷൻലീഗ് പേജ് 38 കാണുക)**

## 21. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ കടുമേനി, അറബി, അമ്മംകുളം, മണ്ടപം എന്നീ ഇടവക കളിലും അസി. ഡയറക്ടറച്ചൻ പടുപ്പ്, അൽഫോൻസഗിരി, കരുണാപുരം, ചെമ്പേരി എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാ പിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

**കുടുംബ കൂട്ടായ്മയുടെ ഓഫീസിൽ നിന്നും ആശംസകൾ!**

പ്രിയ ബഹുമാനപ്പെട്ട അച്ചാ, സുഹൃത്തുക്കളെ,

1. തലശ്ശേരി അതിരൂപത പൊതു കർമ്മപദ്ധതിയുടെ ഭാഗമായി (ദിയാക്കോണിയ) ഒക്ടോബർ ശുചിത്വത്തിനായി മാറ്റി വെച്ചിരിക്കുകയാണ്. ഓരോ കുടുംബ കൂട്ടായ്മയുടെയും നേതൃത്വത്തിൽ വൃത്തിയുള്ള നാട് : ദൈവത്തിന്റെ നാട് എന്ന മുദ്രാവാക്യത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ പരിശ്രമിക്കുമല്ലോ. ചെയ്യാവുന്ന ചില കർമ്മ പദ്ധതികൾ നിർദ്ദേശിക്കുന്നു.

1. വഴികളും റോഡുകളും വൃത്തിയാക്കുക
2. വെള്ളം ഒഴുകുന്ന ഓടകൾ സുഗമമാക്കുക
3. ജല സ്രോതസുകളായ തോട്, പുഴ, കുളം ഇവയിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കുക
4. ഗ്രാമത്തിലെ റോഡുകളിലെ കുഴികൾ മണ്ണിട്ട് നികത്തുക.

എല്ലാ കുടുംബകൂട്ടായ്മകളും ഒരു ദിവസം ശുചീകരണത്തിനായ് മാറ്റിവെയ്ക്കണം. പ്രസിഡന്റുമാർ നേതൃത്വം കൊടുക്കണം യൂണിറ്റിലെ മുഴുവൻ അംഗങ്ങളും ചേർന്ന് ശ്രമദാനമായി ചെയ്യാവുന്നതാണ്. (ഒക്ടോബർ 2 നും 12 നും ഇടയ്ക്ക്)

2. ഒക്ടോബറിൽ ജപമാല മാസം ആചരിക്കുമ്പോൾ പത്തു ദിവസവും ഓരോ കൂട്ടായ്മകൾ നേതൃത്വം കൊടുക്കട്ടെ. പള്ളി പരിസരം വൃത്തിയാക്കൽ, അൾത്താര ഒരുക്കൽ, വായനകൾ, അൾത്താര ശുശ്രൂഷ, ഗാനാലാപനം, കാഴ്ച സമർപ്പണം ഇവ ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തട്ടെ. ജനപങ്കാളിത്വത്തിനും കൗദാശിക സ്വീകരണത്തിനും പ്രാധാന്യം കൊടുത്ത് ആത്മീയ വാശിയോടെ ഒരോ യൂണിറ്റും ജപമാലയിൽ പങ്കെടുക്കട്ടെ (സമ്മാനം നൽകാം).

3. **കുടുംബ കൂട്ടായ്മ കോർഡിനേറ്റർമാരുടെ സമ്മേളനം:** ഒക്ടോബർ 8 ന് ചൊവ്വാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവെച്ച് ചേരുകയാണ്. ഭാവി പദ്ധതികളെക്കുറിച്ച് ചർച്ചകളും പ്ലാനുകളും ഉള്ളതിനാൽ നിർബന്ധമായും കോർഡിനേറ്റർമാരെ പറഞ്ഞയക്കണം. വരാൻ പറ്റില്ലെങ്കിൽ ഇടവകയിൽ നിന്ന് ആരെയെങ്കിലും പറഞ്ഞു വിടുമല്ലോ.(സിസ്റ്റർ, വേദപാഠ ഹെഡ്മാസ്റ്റർ, കൈക്കാരൻ.. ..).

4. **വീര സൈനിക കൂട്ടായ്മ:** നമ്മുടെ രാജ്യത്തിന്റെ അഖണ്ഡതക്കും ഐശ്വര്യത്തിനും വേണ്ടി സേവനം ചെയ്ത തലശ്ശേരി അതിരൂപതയിൽ

പെടുന്ന പട്ടാളത്തിൽ നിന്ന് വിരമിച്ച സൈനികരെ ഒന്നിച്ച് ചേർത്ത് കൂട്ടായ്മ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഒക്ടോബർ 8 ന് ചൊവ്വാഴ്ച 2 മണി മുതൽ 4 മണിവരെ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വെച്ച് ആദ്യ സമ്മേളനം നടത്തുകയാണ്. ഇവിടെ ലഭിച്ച അഡ്രസുകളിൽ കത്ത് എഴുതിയിട്ടുണ്ട്. അച്ചൻ ഈ വിവരം അവരെ നേരിട്ട് അറിയിക്കുകയോ, പള്ളിയിൽ വിളിച്ച് പറയുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുന്നവർ വിവരം അറിയിക്കുമല്ലോ. (contact numbers – Fr. Mathew Asariparambil 9447 607101, Michael Paisakari - 9447 371 157, Baby Taliparamba - 9495 067 012)

5. A.K.C.C **യൂണിറ്റ് സമ്മേളനം:** നമ്മുടെ സഭയിലെ അത്മായ സഹോദരങ്ങളെ മുഖ്യധാരയിലേക്ക് വിളിച്ച് ചേർത്ത് ഒരു സാമുദായിക ശക്തിയായി മാറ്റുന്നതിനുള്ള പരിശ്രമമായ കത്തോലിക്ക കോൺഗ്രസിനെ (A.K.C.C) ശക്തിപ്പെടുത്തേണ്ടത് ഇന്നിന്റെ ആവശ്യമാണ്. സഭക്കുവേണ്ടി സംസാരിക്കുവാനും നിലകൊള്ളുവാനും കുറച്ച് ആളുകളെ ഓരോ ഇടവകയിലും നാം വളർത്തിയെടുക്കണം. കുടുംബ കൂട്ടായ്മകൾ സജീവമായി മാറുന്ന ഈ ദിനങ്ങളിൽ കൂട്ടായ്മയുടെ കൺവീനർമാരെയും A.K.C.C, D.F.C പ്രതിനിധികളെയും നിലവിലുള്ള A.K.C.C ഭാരവാഹികളെയും ഒരു ദിവസം വിളിച്ചു ചേർത്ത് ഇടവക (യൂണിറ്റ്) സമ്മേളനം നടത്തണം. ഭാരവാഹികളെ വേണമെങ്കിൽ പുതിയതായി നിശ്ചയിക്കാം. ഇങ്ങനെ യോഗം വിളിച്ച് ചേർക്കാൻ അച്ചൻ താല്പ്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

5. ഒക്ടോബർ 15 നും 30 നും ഇടയിൽ A.K.C.C ഫൊറോനതല സമ്മേളനം കൂടുവാൻ ആഗ്രഹിക്കുകയാണ്. A.K.C.C ഇടവക ഭാരവാഹികളെയും കൂട്ടായ്മയുടെ കൺവീനർമാരെയും ഫൊറോന സമ്മേളനത്തിലേക്ക് അച്ചൻ പറഞ്ഞയക്കുമല്ലോ. തീയതി ഫൊറോന ഡയറക്ടർമാർ അച്ചനെ അറിയിക്കുന്നതാണ്.

6. കർഷക പ്രക്ഷോഭത്തെക്കുറിച്ചുള്ള ലഘുലേഖ കുടുംബ കൂട്ടായ്മയിൽ ചർച്ച ചെയ്യുന്നുവെന്ന് വിചാരിക്കുന്നു. എല്ലാ കർമ്മപദ്ധതികളും വിജയിക്കുന്നത് ആളുകളുടെ പങ്കാളിത്വത്തോടുകൂടിയാണ്. കൂട്ടായ്മയിൽ അതിനുള്ള താല്പ്പര്യവും ഉണർവ്വും വളർത്തുവാൻ എല്ലാവരും താല്പ്പര്യപൂർവ്വം പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കർഷക പ്രക്ഷോഭം വൻവിജയമാക്കാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**

ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## ലോഗോസ് ക്വിസ് - 2019

ലോഗോസ് 2019, രൂപതാതല പരീക്ഷ സെപ്റ്റംബർ 29 -ാം തീയ്യതി നടത്തപ്പെട്ടു. 189 ഇടവകയിൽ നിന്ന് 30881 പേർ ഈ വർഷം പരീക്ഷയിൽ പങ്കെടുത്തു. ലോഗോസ് ക്വിസ് ഏറ്റവും നല്ല രീതിയിൽ നടത്താൻ സഹായിച്ച എല്ലാ മതാദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ!

## ലോഗോസ് ക്വിസിന്റെ മൂല്യനിർണ്ണയം

ലോഗോസ് പരീക്ഷയുടെ ഉത്തരക്കടലാസുകൾ വികാരിയച്ചന്റെ നേതൃത്വത്തിൽ അതാത് പള്ളികളിൽത്തന്നെ സൂക്ഷിച്ച് വയ്ക്കുമല്ലോ. ഉത്തരസൂചികകൾ, മേഖലാകേന്ദ്രമാക്കി പരീക്ഷയുടെ ഉത്തരവാദിത്വമുള്ളവരെ ഒരുമിച്ച് കൂട്ടി വിതരണം ചെയ്യുന്നതായിരിക്കും. ഒക്ടോബർ 5 ശനിയാഴ്ച മേഖലാകേന്ദ്രത്തിൽ ഓരോ ഇടവകയിൽനിന്നും ഹെഡ്മാസ്റ്ററോ, ലോഗോസ് പരീക്ഷയുടെ ഉത്തരവാദിത്വമുള്ളവരോ വന്നുചേരുകയും ഉത്തരസൂചികകൾ കൈപ്പറ്റുകയും ചെയ്യേണ്ടതാണ്. വന്നു ചേരേണ്ട സമയം പിന്നീട് അറിയിക്കുന്നതായിരിക്കും. ലോഗോസ് പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്ത് ഒക്ടോബർ 13 ഞായറാഴ്ച മാർക്ക്ലിസ്റ്റ് പ്രസിദ്ധം ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മൂല്യനിർണ്ണയത്തിന് ശേഷം മുഴുവൻ പേരുടെ മാർക്കുകൾ രേഖപ്പെടുത്തിയ ലിസ്റ്റും ഓരോ ഗ്രൂപ്പിലും ഏറ്റവും കൂടുതൽ മാർക്കുകൾ ലഭിച്ച മൂന്നു വ്യക്തികളുടെ പേരുകൾ സഹിതം രൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ ഒക്ടോബർ 20 ന് മുൻപ് എത്തിക്കേണ്ടതാണ്.

ഓരോ വിഭാഗത്തിനും സമ്മാനാർഹരായവരുടെ സെമിഫൈനൽ മത്സരങ്ങൾ നവം.10 ഞായറാഴ്ച കോഴിക്കോട് വച്ച് നടത്തപ്പെടുന്നു. സെമിഫൈനൽ വിജയികളുടെ സംസ്ഥാനമത്സരം നവം. 21 – 24 വരെ എറണാകുളം പി.ഒ.സി യിൽ വച്ചും നടത്തപ്പെടുന്നു.

## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാനചടങ്ങ്

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആറാമത്തെ ബിരുദദാനചടങ്ങ് സെപ്റ്റംബർ 7-ാം തീയ്യതി ശനിയാഴ്ച തലശ്ശേരി സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. ബിരുദവും ബിരുദാനന്തരബിരുദവുമുൾപ്പെടെ 315 ഓളം വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി. ചടങ്ങിൽ അഭിവന്ദ്യ പിതാക്കന്മാർക്കൊപ്പം കണ്ണൂർ കലക്ടർ ബഹു. റ്റി.വി സുഭാഷ്, തലശ്ശേരി എം.എൽ.എ അഡ്വ. എ.എൻ. ഷംസീർ, എം.എസ്.ജെ സുപ്പീരിയർ ജനറാൾ

സി. പീയാ തുടങ്ങിയവരും തലശ്ശേരി രൂപതാ സിൻചെല്ലൂസ് മോൺ. ജോസഫ് ഒറ്റപ്ലാക്കലും പങ്കെടുത്തു. പ്രൗഢഗംഭീരമായ ചടങ്ങ് മനോഹരമാക്കുവാൻ സഹ കരിച്ച എല്ലാവർക്കും നന്ദി.



## ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകൾ

| തീയതി | സ്ഥലം | സമയം |
|---|---|---|
| ഒക്ടോ. 1-2 | വിജയവാഡ SABS | 9.30am - 4.30pm |
| ഒക്ടോ. 2 | പാലാ SH | 9.30am - 4.30pm |
| ഒക്ടോ. 2 | പാലാ FCC | 9.30am - 4.30pm |
| ഒക്ടോ. 2 | വെണ്ണിയൂർ | 9.30am - 4.30pm |
| ഒക്ടോ. 5-6 | ഡൽഹി | 9.30am - 4.30pm |
| ഒക്ടോ. 8 | കോഴിക്കോട് | 9.30am - 4.30pm |
| ഒക്ടോ. 12-13 | വിജയവാഡ | 9.30am - 4.30pm |

## ല്യൂമെൻ എക്ലേസിയ പരീക്ഷ: ഒക്ടോബർ 13, 27

ല്യൂമെൻ എക്ലേസിയാ ക്രിസ്തുവിജ്ഞാനിയത്തിന്റെ പരീക്ഷ ഒക്ടോബർ 13 ഞായറാഴ്ച ഉച്ചക്കഴിഞ്ഞ് 2.30 മുതൽ 4.30 വരെയും യുഗാന്ത്യദൈവശാ സ്ത്രത്തിന്റെ പരീക്ഷ ഒക്ടോബർ 27 നും നടത്തപ്പെടുന്നതാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, മിഷനറിമാരെ,

സുകൃതങ്ങൾ ജീവിതത്തിന്റെ മുഖമുദ്രയാക്കിമാറ്റി ശക്തമായ സുവിശേഷപ്രഘോഷണം നടത്തിയ വി. കൊച്ചുത്രേസ്യായുടെയും ദ്വിതീയ ക്രിസ്തുവായ വി. ഫ്രാൻസീസ് അസ്സീസിയുടെയും തിരുനാൾ ആചരിക്കുന്ന മാസമാണല്ലോ ഒക്ടോബർ. ജപമാല ചൊല്ലിയും മിഷൻമാസാചരണം കൃത്യമായി നടത്തിയും ഈ മാസത്തെ മിഴിവുറ്റതാക്കാം. മറ്റുള്ളവർക്ക് മാതൃകയും പ്രചോദനവുമായി ഈ മാസത്തെ പ്രവർത്തനങ്ങൾ ഓരോന്നും മാറട്ടെ.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : കാവൽമാലാഖ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. കൊച്ചുത്രേസ്യാ<br>വി. ഫ്രാൻസീസ് അസ്സീസി |
| പ്രാർത്ഥനാ നിയോഗം | : പ്രേഷിതപ്രവർത്തന വിജയത്തിനായി |
| സുകൃതജപം | : ഈശോയുടെ പീഡാനുഭവമേ മിഷൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തണമേ. |
| സുകൃതം | : 72 എത്രയും ദയയുള്ള മാതാവേ |
| വചനഭേരി | : ലോഗോസ് ക്വിസ് 2020 പഠനഭാഗം |
| ദിയാക്കോണിയ | : ശുചിത്വം |

**ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 1 ചൊവ്വ | : | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ; മിഷൻമാസാരംഭം: ശാഖയിൽ പതാക ഉയർത്തുന്നു. അംഗത്വനവീകരണം. അസാധാരണ സമ്മേളനം. പൊതുദിവ്യകാരുണ്യ സ്വീകരണം. |
| 2 ബുധൻ | : | ശുചീകരണപ്രവർത്തനങ്ങൾ |
| 3 വ്യാഴം | : | മിഷൻലീഗ് 73-ാം സ്ഥാപകദിനം, പതാകവന്ദനം |
| 4 വെള്ളി | : | വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ |
| 7 തിങ്കൾ | : | അതിരൂപതാ കലോത്സവം - ചെമ്പേരി |
| 12 ശനി | : | വി. അൽഫോൻസാമ്മയുടെ വിശുദ്ധ പദവി ദിനാചരണം |
| 27 ഞായർ | : | മിഷൻ ഞായർ - അസാധാരണസമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം, പ്രേഷിതറാലി, സംസ്ഥാനമിഷൻ ഞായർ ആഘോഷം - ചെമ്പന്തൊട്ടി |
| 31 വ്യാഴം | : | മിഷൻമാസ സമാപനം, മിഷൻഗ്രാമങ്ങൾക്ക് 5 മാസത്തെ സുകൃതങ്ങൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ അയച്ചുകൊടുക്കുന്നു. |

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, മിഷൻകലോത്സവം, മിഷൻമാസാചരണപദ്ധതികൾ, മിഷൻലീഗ് സ്ഥാപകദിനം, ദിയാക്കോണിയ പദ്ധതികൾ...

## അസാധാരണ മിഷൻ മാസാചരണം - മിഷൻഞായർ

ഒക്ടോബർ 1 മുതൽ 31 വരെ അസാധാരണമിഷൻമാസമായി ആചരിക്കുകയും ഓരോ ദിവസവും പ്രത്യേക നിയോഗങ്ങളോടെ മിഷൻ ഗ്രാമങ്ങൾക്കും മിഷൻപ്രവർത്തനങ്ങൾക്കും മിഷനറിമാർക്കുംവേണ്ടി പ്രാർത്ഥിക്കാൻ കുട്ടികളെ ഓർമ്മിപ്പിക്കുകയും ഒക്ടോബർ 27-ാം തീയതി മിഷൻ ഞായർ സമുചിതമായി ആഘോഷിക്കുകയും ചെയ്യുമല്ലോ. അതിരൂപതാ സംസ്ഥാനതലത്തിൽ ചെമ്പന്തൊട്ടി മേഖലയിലെ ചെമ്പന്തൊട്ടി ശാഖയിൽ വച്ച് മിഷൻ ഞായർ ആചരിക്കുന്നതായിരിക്കും. കൂടാതെ കുട്ടികളിൽ മിഷൻ ചൈതന്യവും പ്രേഷിതതീക്ഷ്ണതയും ഉജ്ജ്വലിക്കത്തക്കവിധം വി. കുർബ്ബാനയ്ക്ക്ശേഷം വി. കൊച്ചുത്രേസ്യായുടെ രൂപത്തിനുമുമ്പിൽ അനുദിന പ്രാർത്ഥന, മിഷൻഗ്രാമത്തിനുവേണ്ടി പ്രാർത്ഥന, പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന മിഷൻഗ്രാമവുമായി സൗഹൃദബന്ധം തുടങ്ങിയവ നടത്തുകയും ശാഖാതല പ്രവർത്തനങ്ങൾ ശക്തമാക്കാൻ മിഷൻപിരിവ് നടത്തുകയും ചെയ്യുമല്ലോ. അതോടൊപ്പം അസാധാരണമിഷൻ മാസാചരണത്തോട നുബന്ധിച്ച് രൂപതാ-മേഖലാ-ശാഖാ-വ്യക്തിതലം എന്നീ രീതിയിൽ ചെയ്യുവാൻ നിർദ്ദേശിച്ചിരിക്കുന്ന കർമ്മപദ്ധതികൾ നടപ്പാക്കുമല്ലോ.

## മിഷൻ കലണ്ടർ

മിഷൻ കലണ്ടർ ഈ മാസം 10-ാം തീയതിക്കുമുമ്പായി മേഖലകളിൽ എത്തിക്കുന്നതാണ്. ഈ വർഷത്തെ മിഷൻപിരിവിന്റെ 2% വും മിഷൻ കലണ്ടറിന്റെ തുകയും പതിവുപോലെ ഡിസംബർ മാസത്തിനുള്ളിൽ അതിരൂപതാ ഓഫീസിൽ അടയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

## കൈയ്യെഴുത്ത് മാസിക

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുകാണുമെന്ന് കരുതുന്നു. (നിബന്ധനകൾ മാർഗ്ഗരേഖ പേജ് 50 കാണുക) ഈ വർഷത്തെ പഠനവിഷയമായ 'ചെറുപുഷ്പ മിഷൻലീഗ്: ദൈവവിളിയുടെ വിത്ത് വിതയ്ക്കാനും വിളവെടുക്കാനും' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉണ്ടായിരിക്കണം. കൈയ്യെഴുത്ത് മാസിക ഓഫീസിൽ ലഭിക്കേണ്ട അവസാനതീയതി ജനുവരി 26 ആയിരിക്കും.

## ഉപന്യാസം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണജൂബിലി സ്മാരക അവാർഡിനായി അതിരൂപതാതലത്തിൽ 18 വയസ്സിൽ താഴെ പ്രായമുള്ള മിഷൻലീഗ് അംഗങ്ങൾക്കായി ഉപന്യാസമത്സരം നടത്തുന്നു.

## നിബന്ധനകൾ

- വിഷയം: 'ചെറുപുഷ്പ മിഷൻലീഗ്: ദൈവവിളിയുടെ വിത്ത് വിതയ്ക്കാനും വിളവെടുക്കാനും'
- ഉപന്യാസം 10 പേജിൽ കവിയരുത്.
- വികാരിയച്ചന്റെ കത്തും അംഗത്വകാർഡിന്റെ കോപ്പിയും രചനയോടൊപ്പം ഉണ്ടായിരിക്കണം.
- ഒരു ഇടവകയിൽനിന്നും ഒന്നിൽകൂടുതൽ പേർക്ക് പങ്കെടുക്കാം.
- ഒന്നാംസമ്മാനം 2000 രൂപ, രണ്ടാംസമ്മാനം 1000 രൂപ
- രചനകൾ നവംബർ 30 ന് മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കണം.

## ദൈവവിളി - ആൽബം

ദൈവവിളി എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽനിന്ന് മേഖലയിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണ മെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ആൽബനിർമ്മാണത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 22 ഉം സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 48 ഉം കാണുക.

## ശാഖാസന്ദർശനങ്ങൾ

അതിരൂപതാഭാരവാഹികൾ ഒക്ടോബർ മാസം പൈസക്കരി (ഒക്ടോബർ-6), ചെമ്പേരി (ഒക്ടോബർ 13), ചെമ്പന്തൊട്ടി (ഒക്ടോബർ-20), തളിപ്പറമ്പ് (ഒക്ടോബർ -27) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നുള്ളകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖയിൽവേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം ബഹുമാനപ്പെട്ട ഡയറക്ടറച്ചനെയും ശാഖാ പ്രസിഡന്റിനെയും ഈ കാര്യം അറിയിക്കുകയും ചെയ്യുമല്ലോ.

## മിഷൻപച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ടമത്സരത്തിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ 15 ന് മുമ്പ് ഓഫീസിൽ അറിയിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്ത ശാഖകളെ മത്സരത്തിന് പരിഗണിക്കുന്നതല്ല.

## ദിയാക്കോണിയ

ഒക്ടോബർ നവംബർ മാസങ്ങളിൽ ശാഖാതലത്തിൽ ചെയ്യേണ്ടവ:

1. ശുചിത്വ പരിസ്ഥിതിക്ലാസ്സുകൾ, സെമിനാറുകൾ - ബോധവൽക്കരണം എന്നിവ സംഘടിപ്പിക്കുക.
2. ലഘുലേഖകൾ, സ്റ്റിക്കറുകൾ വിതരണംചെയ്യുക.
3. ഇടവകയിലെ മറ്റ് സംഘടനകളുമായി ചേർന്ന് പ്ലാസ്റ്റിക് ശേഖരണം നടത്തുക.

4. പരിസ്ഥിതി സൗഹൃദ ക്യാരിബാഗ് പ്രചരിപ്പിക്കുക.
5. പ്ലാസ്റ്റിക് മുക്ത ഭവനങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

## ക്ലിക്ക് ഷോട്ട് പൂമ്പാറ്റ

ക്ലിക്ക് ഷോട്ട് & പൂമ്പാറ്റ മത്സരങ്ങളിൽ പങ്കെടുക്കുന്നവർ ഷോർട്ട് ഫിലിമും ആംഗ്യപാട്ടും സിഡിയിലോ, പെൻഡ്രൈവിലോ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 19 ഉം, ഓഗസ്റ്റ് മാസത്തെ ഗിരിദീപം പേജ് 49 ഉം കാണുക.

## ജീവകാരുണ്യ കൂപ്പൺ

മിഷൻലീഗ് സംഘടനാ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ഫണ്ട് കണ്ടെത്തുന്നതിനായി നടത്തുന്ന ജീവകാരുണ്യകൂപ്പൺ തയ്യാറാക്കിവരുന്നു. ഓരോ മേഖലയിലേക്കുമുള്ള കൂപ്പൺ ഒക്ടോബർ ആദ്യ ആഴ്ച നൽകുന്നതായിരിക്കും. ഒക്ടോബർ 6 ന് ശാഖകളിൽ വിതരണം ചെയ്യാൻ തക്കവണ്ണം കൂപ്പണുകൾ ശാഖകളിൽ എത്തിക്കാൻ മേഖലാഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. ഓരോ കുറ്റിയിലും 16-ാംമത്തെ കൂപ്പൺ വിൽക്കുന്ന കുട്ടികൾക്കുള്ളതായിരിക്കും. 16-ാംമത്തെ കൂപ്പണുകൾക്ക് പ്രത്യേകം നറുക്കെടുപ്പ് ഉണ്ടായിരിക്കുന്നതാണ്.

### വിശദീകരണങ്ങളും നിർദ്ദേശങ്ങളും

- 16 ലീഫുകളായിരിക്കും ഒരു കുറ്റിയിൽ ഉണ്ടായിരിക്കുക. ഒരു ലീഫിന്റെ വില 20 രൂപ.
- 15 ലീഫുകളും വിൽക്കുന്ന കുട്ടിക്ക് 16-ാംമത്തെ ലീഫ് ഫ്രീയായി മുറിച്ചെടുക്കാവുന്നതാണ്.
- 400 ൽ പരം സമ്മാനങ്ങളോടൊപ്പം ഓരോ മേഖലയ്ക്കും ഒരു സൈക്കിൾ വീതം സമ്മാനം
- എല്ലാ മേഖലകളും ഒരു സൈക്കിൾ വീതം സ്പോൺസർ ചെയ്യേണ്ടതാണ്.
- ഒരു ലീഫിന് 4 രൂപ കുട്ടിക്കും 4 രൂപ ശാഖയ്ക്കും 4 രൂപ മേഖലയ്ക്കും എടുക്കാവുന്നതാണ്.
- നഷ്ടപ്പെടുന്ന കുറ്റിയുടെ മുഴുവൻ തുകയും ശാഖകളിൽനിന്ന് കളക്ട് ചെയ്ത് അതിരൂപത ഓഫീസിൽ ഏല്പിക്കേണ്ടതാണ്.
- പൂർണ്ണമായി തീർക്കുന്ന ഓരോ 50 ബുക്കുകൾക്കും ഒരു പ്രോത്സാഹനസമ്മാനം വീതം ശാഖകൾക്ക് നല്കുന്നതാണ്.
- എല്ലാ സമ്മാനങ്ങളും നറുക്കിട്ടായിരിക്കും തീരുമാനിക്കുന്നത്.
- ഓരോ ലീഫിലും കൃത്യമായി അഡ്രസ്സും ഫോൺ നമ്പറും എഴുതാൻ കുട്ടികൾക്ക് നിർദ്ദേശം നൽകുമല്ലോ.

- ഒക്ടോബർ 6-ാം തീയതി ശാഖകളിൽ വിതരണം ചെയ്യാൻ തക്കവിധം ശാഖകളിൽ കൂപ്പൺ എത്തിക്കേണ്ടതാണ്.
- ഡിസംബർ 30-ാം തീയതിക്കുമുമ്പായി തുകയും മുഴുവൻ കുറ്റികളും ശാഖതിരിച്ച് മേഖലാ നേതൃത്വത്തിൽ അതിരൂപതയിൽ എത്തിക്കേണ്ടതാണ്.
- ഏതെങ്കിലും വിധത്തിൽ നഷ്ടപ്പെടുന്ന ബുക്കുകളുടെ (ഓരോ ബുക്കിനും 300 രൂപ) മുഴുവൻ തുകയും അതിരൂപതയിൽ ഏൽപ്പിക്കേണ്ടതാണ്.
- നറുക്കെടുപ്പ് ജനുവരി 25 -ാം തീയതി അഭിവന്ദ്യഞറളക്കാട്ട് പിതാവിന്റെ സാന്നിദ്ധ്യത്തിൽ തളിപ്പറമ്പിൽവെച്ച് നടക്കുന്നതായിരിക്കും.

## അതിരൂപതാ മിഷൻകലോത്സവം

ഈ വർഷത്തെ അതിരൂപതാ മിഷൻകലോത്സവം ഒക്ടോബർ 7 തിങ്കളാഴ്ച ചെമ്പേരി ഹൈസ്ക്കൂളിൽവെച്ച് നടത്തുന്നു. രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ മത്സരങ്ങൾ ആരംഭിക്കും. മത്സരത്തിന് അംഗത്വകാർഡും ബാഡ്ജും നിർബന്ധമാണ്. രാവിലെ 9.15 ന് ഉദ്ഘാടനം അതിനുശേഷം 9.30 നു തന്നെ മത്സരങ്ങൾ ആരംഭിക്കും. ഓരോ സ്റ്റേജിലും ഒരു മത്സരം കഴിഞ്ഞാലുടൻ അടുത്ത മത്സരം ആരംഭിക്കുന്നതായിരിക്കും.

## കലാമത്സരത്തിൽ മേഖലകൾ പങ്കെടുക്കാൻ വരുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. എല്ലാ മേഖലാഡയറക്ടർമാരും വൈസ് ഡയറക്ടർമാരും ടീം അംഗങ്ങളോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.
2. എല്ലാ മേഖലയ്ക്കും ഒരു ടീം മാനേജർ ഉണ്ടായിരിക്കണം. ഇദ്ദേഹമായിരിക്കണം ടീം അംഗങ്ങൾക്കുവേണ്ടി സ്റ്റേജ് മാസ്റ്ററോടോ, ഓഫീസുമായോ ബന്ധപ്പെടേണ്ടത്. ചാൻസ് നമ്പർ, ചെസ്റ്റ് നമ്പർ, ഗ്രീൻ റൂം തുടങ്ങിയവ ടീം അംഗങ്ങൾക്കുവേണ്ടി ക്രമീകരിച്ചുകൊടുക്കേണ്ടത് ഈ ടീം മാനേജർ ആയിരിക്കണം.
3. മത്സരനടത്തിപ്പ് സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ പരിപാടികഴിഞ്ഞ് 15 മിനിറ്റിനുള്ളിൽ ബഹു. മേഖല ഡയറക്ടർ അച്ചൻ ശുപാർശ ചെയ്ത പരാതി ടീം മാനേജർക്ക് അപ്പീൽ കമ്മിറ്റിക്ക് സമർപ്പിക്കാവുന്നതാണ്. പരാതിയോടൊപ്പം 250 രൂപ അടച്ചിരിക്കണം. മേഖല ഡയറക്ടർ ശുപാർശചെയ്യാത്ത പരാതികൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.
4. മത്സരാർത്ഥികളുടെ അംഗത്വകാർഡ് പുതുക്കാത്തവർ പുതുക്കി അതിരൂപതാ ഡയറക്ടറുടെ ഒപ്പ്, സീൽ എന്നിവ നിർബന്ധമായും മേടിച്ചിരിക്കേണ്ടതാണ്.

5. മത്സര സ്റ്റേജുകളുടെ എണ്ണം സാധിക്കുന്നത്ര വർദ്ധിപ്പിച്ചിട്ടുണ്ട്. (മാതൃവേദി മത്സരവും 7-ാം തീയതി ഇതേ സ്ഥലത്ത് വച്ച് തന്നെയാണല്ലോ) ദയവായി മേഖലകൾ സ്റ്റേജ് ക്രമീകരണങ്ങളും മത്സരങ്ങളും ശ്രദ്ധിക്കേണ്ടതാണ്. ചാൻസ് നമ്പർ എടുത്ത് കഴിഞ്ഞാൽ ചാൻസ് നമ്പർ അനുസരിച്ച് തന്നെ പ്രോഗ്രാം അവതരിപ്പിക്കേണ്ടതാണ്.

6. മേഖലാ സമിതിക്ക് അനുവദിക്കുന്ന റൂമിന് മുൻകൂട്ടി 500 രൂപ നല്കേണ്ടതും പരിപാടികഴിഞ്ഞ് റൂം വൃത്തിയാക്കി ഉത്തരവാദിത്വത്തോടെ തിരികെ താക്കോൽ ഏൽപ്പിച്ചാൽ തുക തിരിച്ച് നല്കുന്നതുമായിരിക്കും.

7. കലോത്സവവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആവശ്യവുമായി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ് അതത് മേഖലകളിലെ ടീം മാനേജർ മാത്രം ആയിരിക്കണം.

8. മേഖലാടീമിന് ഉച്ചഭക്ഷണം ആവശ്യമാണെങ്കിൽ മുൻകൂട്ടി അറിയിച്ചാൽ ഭക്ഷണം മിതമായ നിരക്കിൽ ലഭിക്കുന്നതാണ്. ആവശ്യമുള്ളവർ ഭക്ഷണത്തിന്റെ എണ്ണവും മേഖലയുടെ പേരും ഒക്ടോബർ 2-ന് മുമ്പ് 9496 900 845 എന്ന നമ്പറിലേക്ക് ടെക്സ്റ്റ് മെസേജ് അയയ്ക്കേണ്ടതാണ്. (വാട്ട്സ് ആപ്പിൽ അയയ്ക്കരുത്).

9. മത്സരക്രമീകരണങ്ങളെക്കുറിച്ചോ നിയമങ്ങളെക്കുറിച്ചോ എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ ദയവായി ഓഫീസുമായി ബന്ധപ്പെടുമല്ലോ.

## അധ്യാപകദിനം

അധ്യാപകദിനത്തോടനുബന്ധിച്ച് ചെറുപുഷ്പമിഷൻലീഗ് തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ചരൾ സെന്റ് സെബാസ്റ്റ്യൻ എൽപി സ്കൂളിലെ അധ്യാപകരെ ആദരിച്ചു. പ്രസ്തുത സമ്മേളനത്തിന് അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി അധ്യക്ഷത വഹിച്ചു. ശാഖാ ഡയറക്ടർ ഫാ. ജെയിംസ് ആനക്കല്ലിൽ അധ്യാപകരെ ഷാൾ അണിയിക്കുകയും അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ മെമന്റോ നല്കി ആദരിക്കുകയും ചെയ്തു. അധ്യാപകദിനാഘോഷങ്ങൾക്ക് നേതൃത്വം കൊടുത്ത ഫൊറോന, ശാഖ, ഭാരവാഹികൾക്കും സെന്റ് സെബാസ്റ്റ്യൻ എൽപി സ്കൂളിലെ അധ്യാപകർക്കും കുട്ടികൾക്കും ഹൃദയംഗമമായ നന്ദി.

## സാഹിത്യശില്പശാല

അതിരൂപതാതല സാഹിത്യവിജയികൾക്ക് സംസ്ഥാനതല മത്സരത്തിനൊരുക്കമായി സംഘടിപ്പിച്ച സാഹിത്യശില്പശാല സെപ്റ്റംബർ 20 ന് സന്ദേശഭവനിൽവച്ചു നടന്നു. നിർമ്മലഗിരി കോളേജ് മലയാളം പ്രൊഫസർ ഫാ. മർട്ടിൻ പറപ്പള്ളിയാത്ത് ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. 26 കുട്ടികൾ ശില്പശാലയിൽ പങ്കെടുത്തു.

| ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത മിഷൻ കലോത്സവം 2019 ഒക്ടോബർ 7 ചെമ്പേരി | |
|---|---|
| സ്റ്റേജ് 1 | പരിചമുട്ട്, ബൈബിൾ ദൃശ്യാവതരണം |
| സ്റ്റേജ് 2 | മാർഗ്ഗംകളി, നാടോടി നൃത്തം (സബ്ജൂണിയർ, ജൂണിയർ) |
| സ്റ്റേജ് 3 | സംഗീതം (സൂപ്പർ സീനിയർ) സമൂഹഗാനം, മിഷൻ ആന്തം |
| സ്റ്റേജ് 4 | സംഗീതം (സൂപ്പർ സീനിയർ, സബ് ജൂണിയർ ഗേൾസ്) |
| സ്റ്റേജ് 5 | സംഗീതം (സീനിയർ ഗേൾസ്, ബോയ്സ്) |
| സ്റ്റേജ് 6 | സംഗീതം (ജൂണിയർ ബോയ്സ്, ഗേൾസ്) |
| സ്റ്റേജ് 7 | കഥാപ്രസംഗം സീനിയർ |
| സ്റ്റേജ് 8 | കഥാപ്രസംഗം ജൂണിയർ |
| സ്റ്റേജ് 9 | കഥാപ്രസംഗം സബ് ജൂണിയർ |
| സ്റ്റേജ് 10 | ബൈബിൾ വായന (സബ്ജൂണിയർ ബോയ്സ്, ഗേൾസ്) |
| സ്റ്റേജ് 11 | പ്രസംഗം (സീനിയർ ബോയ്സ്, സൂപ്പർസീനിയർ ഗേൾസ്, സബ്ജൂനിയർ ബോയ്സ്) |
| സ്റ്റേജ് 12 | പ്രസംഗം (സീനിയർ ഗേൾസ്, സൂപ്പർസീനിയർ ബോയ്സ്, സൂപ്പർ സീനിയർ ഗേൾസ്) |
| സ്റ്റേജ് 13 | പ്രസംഗം (ജൂണിയർ ബോയ്സ്, ഗേൾസ്) |

## അതിരൂപത സാഹിത്യമത്സര വിജയികൾ 2019-20

**ചെറുകഥ ജൂണിയർ ബോയ്സ്**

| NO | പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|---|
| I | ജോർജ് പ്ലാക്കൂട്ടത്തിൽ | ജോസ്മൗണ്ട് | പൈസക്കരി |
| II | ജോസഫ് അന്തിക്കാട്ട് | കള്ളാർ | പനത്തടി |
| III | തോമസ് നിരപ്പേൽ | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| **ചെറുകഥ ജൂണിയർ ഗേൾസ്** | | | |
| I | തെരേസ പൈകയിൽ | പടന്നക്കാട് | കാഞ്ഞങ്ങാട് |
| II | ആൻ സ്കറിയ പുള്ളിക്കാട്ടിൽ | മുളപ്ര | ചെറുപുഴ |
| III | ആൻ മരിയ കുന്നേൽ | കടുമേനി | തോമാപുരം |
| **ചെറുകഥ സീനിയർ ബോയ്സ്** | | | |
| I | ജോർജ് കല്ലുകുളങ്ങര | ബളാൽ | വെള്ളരിക്കുണ്ട് |

| | | | |
|---|---|---|---|
| II | തദേവൂസ് പാറേക്കാട്ടിൽ | കരിക്കോട്ടക്കരി | എടൂർ |
| III | ജോർജ് പുന്നക്കൽ | എടത്തൊട്ടി | പേരാവൂർ |

**ചെറുകഥ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | ആൻസ് മുപ്രപ്പള്ളി | മേലെചൊവ്വ | തളിപ്പറമ്പ് |
| II | തെരേസ ഉതിനാപറമ്പിൽ | പൊയ്നാച്ചി | കാഞ്ഞങ്ങാട് |
| III | അന്നമ്മ അന്തീനാട്ട് | ചെടിക്കുളം | എടൂർ |

**ചെറുകഥ സൂപ്പർ സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | സേവ്യർ വലിയകാലായിൽ | ചായ്യോത്ത് | കാഞ്ഞങ്ങാട് |
| II | സോബി കായലപറമ്പിൽ | കടുമേനി | തോമാപുരം |
| III | ലിക്സൺ കൂരക്കാനൽ | എടൂർ | എടൂർ |
| III | പ്രവീൺ പടിഞ്ഞാറെമുറിയിൽ | അങ്ങാടിക്കടവ് | കുന്നോത്ത് |

**ചെറുകഥ സൂപ്പർ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | എലിസബത്ത് കുടക്കച്ചിറ | ചെടിക്കുളം | എടൂർ |
| II | അൽഫോൻസാ തയ്യിൽ | ചെറുപുഴ | ചെറുപുഴ |
| III | ഏലീശ കണ്ടത്തിൽ | ചെമ്പേരി | ചെമ്പേരി |

**കവിത ജൂണിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | ആൽബിൻ വെട്ടർതോട്ടം | കാസർഗോഡ് | കാഞ്ഞങ്ങാട് |
| II | സെബാസ്റ്റ്യൻ മറ്റത്തിൽ | മാട്ടറ | നെല്ലിക്കാംപോയിൽ |
| III | സെബാസ്റ്റ്യൻ തടത്തിൽ | പാത്തൻപാറ | വായാട്ടുപറമ്പ് |

**കവിത ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | ആഞ്ചല അഴകുംപറമ്പിൽ | വിജയഗിരി | ആലക്കോട് |
| II | ഹെലേന ചേരിയിൽ | ചെങ്ങോം | പേരാവൂർ |
| III | ലിസ് റോസ് പൊട്ടംപ്ലാക്കൽ | നടുവിൽ | ചെമ്പന്തൊട്ടി |

**കവിത സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | ഫിലിപ്പ് പകലോമറ്റം | എടത്തൊട്ടി | പേരാവൂർ |
| II | ജോർജ് കണ്ണാംകുളം | കരിക്കോട്ടക്കരി | എടൂർ |
| III | മാത്യു പനക്കൽ | തളിപ്പറമ്പ് | തളിപ്പറമ്പ് |

**കവിത സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | അന്നമ്മ പകലോമറ്റം | എടത്തൊട്ടി | പേരാവൂർ |
| II | ആഗ്നസ് കിഴക്കേക്കര | ബാലേശുഗിരി | തളിപ്പറമ്പ് |
| III | മരിയ നല്ലോംപുഴ | കണ്ണിവയൽ | തോമാപുരം |

**കവിത സൂപ്പർ സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | മാത്യു മണക്കാട്ട് | ഭീമനടി | വെള്ളരിക്കുണ്ട് |
| II | കുര്യാക്കോസ് അനന്തക്കാട്ട് | എള്ളുക്കൊച്ചി | പനത്തടി |
| III | ജോസഫ് നെല്ലംകുഴി | കുടിയാൻമല | ചെമ്പേരി |

**കവിത സൂപ്പർ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | റോസ്മേരി കല്ലുപുരപ്പറമ്പിൽ | കരിക്കോട്ടക്കരി | എടൂർ |
| II | മേരി തേക്കുംകാട്ടിൽ | നിർമ്മലഗിരി | പേരാവൂർ |

| | | | |
|---|---|---|---|
| III | സിസിലി കാളിയാനി | ജോസ്ഗിരി | ചെറുപുഴ |
| III | അന്നമ്മ ചീങ്കല്ലേൽ | ആലക്കോട് | ആലക്കോട് |

**ഉപന്യാസം ജൂനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | ലൂക്ക് നെല്ലിക്കാട്ടിൽ | കുളിനീർ | തോമാപുരം |
| II | ജേക്കബ് കുളത്തിനപ്രായിൽ | കുന്നോത്ത് | കുന്നോത്ത് |
| III | ജിബിൻ പാലത്തിങ്കൽ | ഒറ്റത്തൈ | ആലക്കോട് |

**ഉപന്യാസം ജൂനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | റോസ്മേരി പാത്രപാങ്കൽ | തിരുമേനി | ചെറുപുഴ |
| II | അലീന പള്ളിച്ചിറ | പൈസക്കരി | പൈസക്കരി |
| III | അലീന മുണ്ടന്താനത്ത് | പൊൻമല | ചെമ്പേരി |

**ഉപന്യാസം സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | ജോസഫ് ഐപ്പൻപറമ്പിൽ | കനകക്കുന്ന് | ചെമ്പേരി |
| II | മാത്യു കുന്നിന് | ആനറ | നെല്ലിക്കാംപോയിൽ |
| III | ക്രിസ്റ്റഫർ തകിടിയേൽ | നെടുവാലൂർ | ചെമ്പന്തൊട്ടി |

**ഉപന്യാസം സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | എലിസബത്ത് പുളിങ്കാലായിൽ | ചുള്ളി | വെള്ളരിക്കുണ്ട് |
| II | മേരി പേക്കാടൻകുഴിയിൽ | ഉളിക്കൽ | നെല്ലിക്കാംപോയിൽ |
| III | തെരേസ് മറ്റത്തിൽ | കുടിയാൻമല | ചെമ്പേരി |

**ഉപന്യാസം സൂപ്പർസീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | മാത്യു വണ്ടാകുന്നേൽ | പൈസക്കരി | പൈസക്കരി |
| II | ജോസ് കാനാട്ട് | പുറവയൽ | നെല്ലിക്കാംപോയിൽ |
| III | മാത്യു കാഞ്ഞിരത്തുമൂട്ടിൽ | കരുണാപുരം | വായാട്ടുപറമ്പ് |

**ഉപന്യാസം സൂപ്പർസീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | മേരി ഊഴിയാമന്നത്ത് | മണിക്കടവ് | നെല്ലിക്കാംപോയിൽ |
| II | അന്നമ്മ വിലങ്ങുപാറ | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |
| III | മേരി ഇടയാനിക്കാട്ട് | ചാവറഗിരി | തോമാപുരം |

**സബ് ജൂണിയർ – ജലഛായം**

| | | | |
|---|---|---|---|
| I | അൽഫോൻസ പനമറ്റത്തിൽ | പൊട്ടംപ്ലാവ് | ചെമ്പേരി |
| II | ആൻറോസ് ആലുങ്കൽതാഴെ | മണക്കടവ് | ആലക്കോട് |
| III | ജേക്കബ് കണിയത്ത് | നെല്ലിക്കുന്ന് | ചെമ്പന്തൊട്ടി |

**ജൂണിയർ – ചിത്രരചന**

| | | | |
|---|---|---|---|
| I | തെരേസ അയ്യങ്കനാൽ | ചെമ്പേരി | ചെമ്പേരി |
| II | ആൻമരിയ മരങ്ങാട്ട്മാലിൽ | നെല്ലിക്കാംപോയിൽ | നെല്ലിക്കാംപോയിൽ |
| III | വർഗ്ഗീസ് പാലപ്പള്ളി | മാമ്പോയിൽ | ആലക്കോട് |

**സീനിയർ - ചിത്രരചന**

| | | | |
|---|---|---|---|
| I | എലിസബത്ത് കുമ്പളാനിക്കൽ | കടുമേനി | തോമാപുരം |
| II | ജോസഫ് പനമറ്റത്തിൽ | പരപ്പ | ആലക്കോട് |
| III | ഇവമരിയ തെക്കയിൽ | തലശ്ശേരി | തളിപ്പറമ്പ് |

**മിഷൻമാസ ആചരണം:** ഫ്രാൻസീസ് മാർപ്പാപ്പയുടെ നിർദ്ദേശാനുസരണം ഈ ഒക്ടോബർമാസം അസാധാരണ മിഷൻമാസമായി നമ്മൾ ആചരിക്കുകയാണല്ലോ. ഈ മാസം ചെയ്യാവുന്ന കർമ്മപദ്ധതികൾ താഴെ കൊടുക്കുന്നു. മേഖലകളും ശാഖകളും ഈ കർമ്മപദ്ധതികൾ ചെയ്യാനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**അതിരൂപതാതലം :**

1) **ഉദ്ഘാടനം :** 2019 സെപ്റ്റംബർ 21 ന് വായ്ട്ടുപറമ്പ് മേഖലയിലെ കരുണാപുരം ശാഖയിൽ വച്ച് നടക്കുന്ന ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ വാർഷികത്തിൽ ഔദ്യോഗികമായി തിരി തെളിക്കുന്നു. അതിനെ തുടർന്ന് പ്രതീകാത്മകമായി എല്ലാ ചെറുപുഷ്പ മിഷൻലീഗ് മേഖലാ പ്രസിഡന്റ്മാർക്കും വായാട്ടുപറമ്പ് ഫൊറോന വിശ്വാസ പരിശീലന പ്രസിഡന്റിനും തിരി കത്തിച്ച് നൽകുന്നു.
2) **മിഷൻ ദൂത് :** അഭിവന്ദ്യ പിതാക്കൻമാരുടെ ആശംസ E - Card രൂപത്തിൽ തയ്യാറാക്കി അതിരൂപതയിൽ നിന്ന് മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും ലഭിക്കത്തക്ക വിധത്തിൽ സോഷ്യൽ നെറ്റ് വർക്ക് സിസ്റ്റം വഴി (ഫെയ്സ് ബുക്ക്, വാഡ്സപ്പ്, ടെലഗ്രാം) അയയ്ക്കുന്നു.
3) **ഡോസയൊ :** സഭയുടെ മിഷനെക്കുറിച്ചുള്ള ഡോക്യുമെന്റുകൾ കുട്ടികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. വീഡിയോ അയയ്ക്കുന്നു. A) Maximum Illud, B) Ad Gentes, C) Redemptoris Missio, D)Evangeli Nuntianti E) Baptized and Send : The Church of Christ on Mission in the World.
4) **വചനോപാസന :** ബൈബിൾവ്യക്തി പരമായി വായിക്കാനും പഠിക്കാനും ധ്യാനിക്കാനുമായി മിഷനെ സംബന്ധിച്ചുള്ള ബൈബിൾ ഭാഗങ്ങൾ 30 ദിവസങ്ങളിലേക്കായി നിശ്ചയിച്ച് നൽകുന്നു.
5) **മിഷനെ അറിയാൻ :** മിഷൻ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അനുഭവങ്ങൾ വീഡിയോ രൂപത്തിൽ എല്ലാവർക്കും അയയ്ക്കുന്നു.
6) **വെളിച്ചത്തിലേക്ക് :** മിഷനെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. 5 പുസ്തകങ്ങൾ (5 കുട്ടികൾ)
7) **മിഷൻ എക്സിബിഷൻ :** സംസ്ഥാന മിഷൻ ഞായർ ആചരണത്തോടനുബന്ധിച്ച് ചെമ്പന്തൊട്ടി ശാഖയിൽവച്ച് മിഷൻ എക്സിബിഷൻ നടത്തുന്നു.

8) **മിഷൻറാലി :** സംസ്ഥാന മിഷൻ ഞായർ ആചരണത്തോടനുബന്ധിച്ച് ചെമ്പന്തൊട്ടി ശാഖയിൽവച്ച് മിഷൻ റാലി നടത്തുന്നു.

9) **മിഷൻ പ്രാർത്ഥന :** മിഷൻമാസക്കാലയളവിലെ 4 ഞായറാഴ്ചകളിൽ മിഷൻമാസ പ്രാർത്ഥനയും 10 നന്മനിറഞ്ഞ മറിയവും ചൊല്ലി മിഷനറിമാർക്ക് വേണ്ടി പ്രാർത്ഥിക്കുന്നു.

10) **മിഷൻ ലിങ്ക് & സ്റ്റാറ്റസ് :** മിഷനെ കൂടുതൽ അറിയാൻ മൊബൈൽ സ്റ്റാറ്റസ് & ലിങ്ക് തയ്യാറാക്കിനൽകുന്നു.

**മേഖലാതലം**

1) **ഉദ്ഘാടനം :** മേഖലയിൽ ഏറ്റവും അടുത്ത് നടക്കുന്ന ചെറുപുഷ്പ മിഷൻലീഗ്/ വിശ്വാസ പരിശീലന പ്രോഗ്രാമിൽ തിരി തെളിച്ച് ഉദ്ഘാടനം നടത്തുന്നു.

2) **ഒന്നിച്ചൊന്നായ് :** എല്ലാ അതിരൂപതാതല പ്രവർത്തനങ്ങളിലും പങ്ക്ചേരുന്നു.

3) മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗിൽ മിഷനറിമാർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു.

4) മിഷനെ കൂടുതൽ അറിയാനും പ്രോത്സാഹിപ്പിക്കാനും വിശുദ്ധരെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ തയ്യാറാക്കുന്നു.

**ശാഖാതലം**

1) **ഉദ്ഘാടനം :** സെപ്റ്റംബർ 29 ഞായറാഴ്ച പതാക ഉയർത്തി ദൈവാലയത്തിൽ തിരി കത്തിച്ച് ഉദ്ഘാടനം ചെയ്യുന്നു.

2) **കൂട്ടായ്മ :** അതിരൂപതാ - മേഖലാ തലത്തിൽ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്ക് ചേരുന്നു.

3) **ദിവ്യകാരുണ്യത്തോടൊപ്പം :** മാസത്തിൽ രണ്ട് ദിവ്യകാരുണ്യ ആരാധന നടത്തുന്നു.

4) **ജ്യോതിർഗമയ :** എല്ലാ ദിവസവും വി. കുർബാനയ്ക്ക് മുമ്പ് തിരി തെളിക്കുന്നു.

5) ഇടവകയിലെ പ്രാർത്ഥനാ ഗ്രൂപ്പിന് പ്രാർത്ഥിക്കാൻ സ്വന്തം ഇടവകയിൽ നിന്ന് വൈദികർ ആയിട്ടുള്ളവരുടെയും സിസ്റ്റേഴ്സിന്റെയും വൈദിക വിദ്യാർത്ഥികളുടെയും ആസ്പിരൻസിന്റെയും പേര് നൽകുന്നു.

6) മിഷൻ മാസ പ്രാർത്ഥന വി. കുർബാനയ്ക്ക് ശേഷം ചൊല്ലുന്നു.

## വ്യക്തിപരം

1) **വചനാമൃതം:** എല്ലാദിവസവും ഒരു ബൈബിൾ വചനം കാണാതെ പഠിക്കുക.

2) **ആത്മീയ ഭോജനം:** അനുദിനം ദിവ്യബലിയിൽ സജീവമായി പങ്കെടുക്കുകയും വി. കുർബാന സ്വീകരിക്കുകയും ചെയ്യുക.

3) **കൂട്ട് :** ഓരോ ദിവസവും ഓരോ ബന്ധുവീടുകളിലേക്ക് ഫോൺ വിളിക്കുകയും വിശേഷങ്ങൾ ആരായുകയും ചെയ്യുക.

4) **സാന്ത്വനം :** 30 ദിവസംകൊണ്ട് സ്വന്തം കുടുംബ കൂട്ടായ്മ വാർഡിലെ രോഗികളായിട്ടുളള വരെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.

5) **പ്രാർത്ഥനാമഞ്ജരി :** മാസത്തിൽ ഒരു ദിവസം ഭവനത്തിലെ എല്ലാ അംഗങ്ങളും ഒന്ന്ചേർന്ന് ദിവ്യബലിയിൽ സംബന്ധിച്ച് എല്ലാ മിഷനറിമാർക്കും വേണ്ടി നിയോഗം സമർപ്പിച്ച് പ്രാർത്ഥിക്കുക.

6) **ഓർമ്മിക്കാനൊരുവേള :** വൈദികരെയോ, വൈദികാർത്ഥി കളെയോ, സിസ്റ്റേഴ്സിനെയോ, അർത്ഥിനികളെയോ ഫോൺ വിളിക്കുകയോ കത്തെഴുതി "ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു, നിങ്ങളുടെ അദ്ധ്വാനങ്ങൾക്ക് ദൈവം പ്രതിഫലം നൽകട്ടെ" എന്ന സന്ദേശം വ്യക്തിപരമായി അറിയിക്കുക.

7) **കൈത്താങ്ങ് :** സെമിനാരികളെയോ, കോൺവെന്റുകളേയോ, മിഷൻ പ്രദേശങ്ങളെയോ സാമ്പത്തികമായി സഹായിക്കുക.

8) മിഷൻലീഗ് അനുദിന പ്രാർത്ഥന കുടുംബ പ്രാർത്ഥനയുടെ ഭാഗമാക്കി മുടങ്ങാതെചൊല്ലുവാൻ പരിശ്രമിക്കുക.

9) **അമ്മയ്ക്കരികെ :** ഇടവകയിലെ സമർപ്പിതരുടെ എണ്ണത്തിന് തത്തുല്യമായ അത്രയും ജപമാലകൾ (കുടുംബാംഗങ്ങൾ എല്ലാവരും കൂടി) വ്യക്തി പരമായി ചൊല്ലുന്നു.

## അതിരൂപതാ കൗൺസിൽ വാർഷികം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 60-ാം കൗൺസിലും വാർഷികവും പ്രേഷിതറാലിയും സെപ്റ്റംബർ 21-ാം തീയതി കരുണാപുരം ശാഖയിൽ വച്ച് നടന്നു. കൗൺസിൽ സമ്മേളനം അതിരൂപതാ വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി അധ്യക്ഷത വഹിച്ചു. 2018-19 വർഷത്തെ പ്രവർത്തനറിപ്പോർട്ടും കണക്കും സമ്മേളനത്തിൽ അവതരിപ്പിച്ചു. അതിരൂപതാ മതബോധന ഡയറക്ടർ ഫാ. ജേക്കബ് വെണ്ണായപ്പള്ളി മിഷൻലീഗ് വാർത്താപത്രികയായ 'മിഷൻജ്യോതി' പ്രകാശനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ ബിനു മാങ്കൂട്ടം മുഖ്യപ്രഭാഷണം നടത്തി അതിരൂപതാ ജൂണിയർ പ്രസിഡന്റ് അമൽ സജി, ശ്രീ ഷിജോ പുതുപ്പറമ്പിൽ, ഫാ. മാത്യു വെട്ടുവയലിൽ, സജി കുന്നത്ത്, സി. ലിസ്ബിൻ എസ്.എച്ച് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

ഉച്ചഭക്ഷണത്തെത്തുടർന്ന് ചെണ്ടമേളങ്ങളുടെയും ബാന്റ് മേളങ്ങളുടെയും അകമ്പടിയോടെ ചെമ്മഞ്ഞ കൊടികളും കൈകളിലേന്തി പ്രാർത്ഥനാ മന്ത്രങ്ങളും മുദ്രാവാക്യങ്ങളും മുഴക്കിക്കൊണ്ട് മനോഹരമായ പ്ലേക്കാർഡുകളും

ഡിസ്പ്ലേകളുമായി വായാട്ടുപറമ്പ കവലയിൽനിന്ന് കരുണാപുരം പള്ളിയിലേക്ക് നടത്തിയ പ്രേഷിത റാലിയിൽ 5000 ത്തോളം കുട്ടികളും മുതിർന്നവരും പങ്കെടുത്തു. തുടർന്ന നടന്ന വാർഷികാഘോഷം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. മാർ ജോർജ് വലിയമറ്റം പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരക പ്രേഷിത അവാർഡ് ജേതാവ് ശ്രീ ചാക്കോച്ചൻ മുല്ലക്കുടിയിലിനെ ആദരിക്കൽ, 2018-19 പ്രവർത്തനവർഷത്തെ ബെസ്റ്റ് ശാഖാ-മേഖലാ അവാർഡ് ദാനം, ഏയ്ഞ്ചൽസ് വോയ്സ് സമ്മാനദാനം, യുവപ്രതിഭാ ആദരിക്കൽ, ചിത്രരചനാമത്സരം, പ്രസംഗമത്സരം, വിവിധ മത്സരമേഖലകളിൽ സമ്മാനാർഹരായവരെ ആദരിക്കൽ, മിഷൻ മാസാചരണ ഉദ്ഘാടനം എന്നിവ അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. സംസ്ഥാന ഡയറക്ടർ റവ. ഫാ. ജോബി പൂച്ചകണ്ടത്തിൽ, ഫാ. ജിയോ പുളിക്കൽ, ശ്രീ ജോസഫ് പുല്ലാട്ട്, ശ്രീ സിബി കുന്നേൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. കരുവഞ്ചാൽ, വെള്ളാട് എന്നീ ശാഖകളിലെ കുട്ടികളുടെ രംഗപൂജകളോടെ ആരംഭിച്ച കൗൺസിൽ വാർഷിക സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ സ്വാഗതവും അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ ബിജു മണ്ണനാൽ, അതിരൂപതാ സെക്രട്ടറി ശ്രീ സുനിൽ കല്ലിടുക്കിൽ എന്നിവർ നന്ദിയും പറഞ്ഞു. അതിരൂപാത കൗൺസിൽ-വാർഷിക സമ്മേളനങ്ങളുടെയും പ്രേഷിതറാലി യുടെയും വിജയത്തിനായി രാപകൽ അദ്ധ്വാനിച്ച എല്ലാവർക്കും ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ കുടുംബത്തിന്റെ സ്നേഹപൂർവ്വകമായ നന്ദി.

## സംസ്ഥാന സാഹിത്യമത്സരം

21-ാം തീയതി ശനിയാഴ്ച ശ്രീപുരം പാസ്റ്ററൽ സെന്ററിൽവച്ച് നടന്ന സംസ്ഥാന സാഹിത്യമത്സരത്തിൽ അതിരൂപതയിൽ നിന്ന് 42 കുട്ടികൾ പങ്കെടുത്തു. മത്സരത്തിന് രൂപതാതലത്തിൽ വിജയികളായവരെ പറഞ്ഞയ ച്ചതിന് മേഖലാ-ശാഖാ ഡയറക്ടേഴ്സ് വൈസ്ഡയറക്ടേഴ്സ് എന്നിവർക്ക് പ്രത്യേകം നന്ദി.

## ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം

സെപ്റ്റംബർ 14-ാം തീയതി ശനിയാഴ്ച ആർപ്പൂക്കരയിൽ വച്ച് നടന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണ സമ്മേളനത്തിലും മാനേജിംഗ് കമ്മിറ്റിയിലും അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു. അതോടൊപ്പം അതിരൂപതാതല മാലിപ്പറമ്പിൽ അനുസ്മരണം 8-ാം തീയതി അൽഫോൻ സാഗിരി ശാഖയിൽവച്ച് നടത്തി.

## മദർതെരേസ അനുസ്മരണം

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് അതിരൂപതയുടെ നേതൃത്വത്തിൽ വെമ്പുവായിലുള്ള മദർതെരേസാഭവൻ സന്ദർശിക്കുകയും

അവരുമായി സൗഹൃദസംഭാഷണം നടത്തുകയും ഒരു നേരത്തെ ഭക്ഷണം നല്കുകയും ചെയ്തു. അഗതിമന്ദിരസന്ദർശനം നടത്താൻ വേണ്ട ക്രമീകരണങ്ങൾ നടത്തിയ അതിരൂപതാ ഭാരവാഹികളെയും പൈസക്കരി മേഖലാ ഡയറക്ടർ ഫാ. പോൾ കണ്ടത്തിൽ അച്ചന്റെ നേതൃത്വത്തിലുള്ള ഭാരവാഹികളെയും വെമ്പുവ ഇടവകാംഗങ്ങളെയും സിസ്റ്റേഴ്സിനെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അൽഫോൻസാ ക്വിസ് - വിജയികൾ

സെപ്റ്റംബർ 9-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേലിന്റെ നേതൃത്വത്തിൽ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാതല അൽഫോൻസാ ക്വിസ് മത്സരം നടത്തപ്പെട്ടു. 16 മേഖലകളിൽനിന്നുമായി 48 കുട്ടികൾ പങ്കെടുത്തു. കുന്നോത്ത്, ആലക്കോട്, എടൂർ എന്നീ മേഖലകൾ യാഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മത്സരത്തിൽ പങ്കെടുത്ത കൊച്ചുകൂട്ടുകാർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ....വിജയികൾക്ക് തെക്കേകണ്ടത്തിൽ കുരുവിള-അന്നമ്മ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും ക്യാഷ്അവാർഡും നല്കി.

## കുഞ്ഞേട്ടൻ ചിത്രരചനാ മത്സരവിജയികൾ

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ. പിസി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 10-ാം ചരമവാർഷികത്തോടനുബന്ധിച്ച് അതിരൂപതാ തലത്തിൽ നടത്തിയ കുഞ്ഞേട്ടൻ ചിത്രരചനാ മത്സരത്തിൽ ജൂണിയർ, സീനിയർ വിഭാഗത്തിൽ വിജയികളായവരുടെ പേരുകൾ ചുവടെ കൊടുക്കുന്നു.

**ജൂനിയർ വിഭാഗം**

I$^{st}$ - ട്രീസ മുറിഞ്ഞ കല്ലേൽ (മണിക്കടവ്)
II$^{nd}$ - ജോസഫ് വേലമ്മാരുകുടിയിൽ (കുന്നോത്ത്)
III$^{rd}$ - ക്രിസ്റ്റേ പുളിമൂട്ടിൽ (ചെറുപുഴ

**സീനിയർ വിഭാഗം**

I$^{st}$ - മരിയ ഏഴുപറയിൽ - (ചാവറഗിരി)
II$^{nd}$ - വർക്കി പോളക്കാട്ടിൽ - ചെറുപുഴ
III$^{rd}$ - പ്രിൻസ് ഇടവക്കുന്നേൽ - മുണ്ടാനൂർ
പ്രോത്സാഹന സമ്മാനം - ഫിലിപ്പ് കൊണ്ടൂർ (തടിക്കടവ്)

**ചിത്രരചനാ ശിബിരം**

ചെറുപുഷ്പ മിഷൻലീഗിന്റെയും ആർട്ടിസ്റ്റ് ഫോറത്തിന്റെയും നേതൃത്വത്തിൽ സെപ്തംബർ 9-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽവച്ച് ചിത്രരചനാ

ശിബിരം നടത്തപ്പെട്ടു. 16 മേഖലകളിൽ നിന്നുമായി 36 കുട്ടികൾ പങ്കെടുത്തു. ചിത്രരചനാ ശിബിരത്തിന് നേതൃത്വം കൊടുത്ത ബഹു. മനോജ് ഒറ്റപ്ലാക്കൽ അച്ചനും അതിരൂപതാ, മേഖലാ, ശാഖ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## ഡോക്യുമെന്ററി - അഭിനന്ദനങ്ങൾ

എടൂർമേഖലയുടെ നേതൃത്വത്തിൽ വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് ഡോക്യുമെന്ററി പ്രകാശനം ചെയ്തു. മനോഹരമായ ഡോക്യുമെന്ററി തയ്യാറാക്കിയ പിന്നിൽ പ്രവർത്തിച്ച മേഖലാ ടീമിന് പ്രത്യേകം അഭിനന്ദനങ്ങൾ.

### മേഖലാ പ്രവർത്തനങ്ങൾ

- 10.9.19ന് ചെമ്പന്തൊട്ടി മേഖലയിൽ ബൈബിൾ കലോത്സവം നടത്തി.
- 12.9.19ന് കുന്നോത്ത് മേഖലയിൽ കൗൺസിൽ വാർഷികം നടത്തി.
- 13.9.19ന് ആലക്കോട്, ചെറുപുഴ, തോമാപുരം, കാഞ്ഞങ്ങാട്, കുന്നോത്ത് എന്നീ മേഖലകളിൽ ബൈബിൾ കലോത്സവം നടത്തി.
- 14.9.19ന് എടൂർ, പേരാവൂർ, വായാട്ടുപറമ്പ്, പൈസക്കരി, ചെമ്പേരി, പനത്തടി, നെല്ലിക്കാംപോയിൽ, വെള്ളരിക്കുണ്ട്, മേഖലകളിൽ ബൈബിൾ കലോത്സവം നടത്തി.
- 14.9.19ന് ചെമ്പന്തൊട്ടി മേഖലയിൽ കൗൺസിൽ വാർഷികം നടത്തി.

## ക്ലാസ്സുകൾ, സെമിനാറുകൾ, ധ്യാനങ്ങൾ

- 8.9.19ന് പടുപ്പ് ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ധ്യാനം നടത്തി.
- 9.9.19ന് അൽഫോൻസാഗിരി ശാഖയിലെ കുട്ടികൾക്ക് ബേബിസാർ ക്ലാസ്സ് എടുത്തു.
- 12.9.19ന് കുന്നോത്ത് മേഖലയിൽ ഡയറക്ടർ ക്ലാസ്സ് എടുത്തു.

## ശാഖാ സന്ദർശനങ്ങൾ

15.9.19 ഞായർ: എടുർ മേഖലയിലെ 9 ശാഖകൾ അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. വെളിമാനം- സി. ടെർസിറ്റ എൻ.എസ്. മാങ്ങോട്, വട്ട്യറ-സുനിൽ കല്ലിടുക്കിൽ, ചെടിക്കുളം - മാണി കണിയാരോലിക്കൽ, എടൂർ-സി. റോഷ്നി എഫ്.സി.സി, കരിക്കോട്ടക്കരി - ബേബി പ്ലാശ്ശേരി, ഉരുപ്പുംകുറ്റി-ജെറിൻ ചേമ്പലാകുന്നേൽ, കീഴ്പള്ളി - ജോബി പനച്ചിക്കൻകരോട്ട്, എടപ്പുഴ-ആന്റണി മേൽവട്ടം.

## ഫാ. പീറ്റർ കൂട്ടിയാനി അനുസ്മരണം

തലശ്ശേരി അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ പ്രഥമ ഡയറക്ടർ ബഹുമാനപ്പെട്ട പീറ്റർ കൂട്ടിയാനി അച്ചന്റെ അനുസ്മരണം 9-9-19ന് തളിപ്പറമ്പ് ഫൊറോന ദൈവാലയത്തിൽ വച്ച് നടത്തി.

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയിൽനിന്നും കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും എപ്പോഴും അമ്മയുടെ സംരക്ഷണം ലഭിക്കുവാനുമായി ജപമാലചൊല്ലി പ്രാർത്ഥിക്കുവാനും ഇടവക ദേവാലയത്തിലെ കൊന്തനമസ്ക്കാരത്തിൽ പങ്കെടുക്കുവാനും വ്യക്തിപരമായി ജപമാല ചൊല്ലുവാനും ഈ ഒക്ടോബർ മാസം കൊച്ചു കൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ......

## നിറംകൊടുക്കാമോ സെപ്റ്റംബർ മാസത്തെ വിജയികൾ

I ജോസഫ് ഓലിയക്കൽ - ചാവ്വോത്ത്

II ക്രിസ്റ്റമരിയ അരിപ്പറമ്പിൽ - കണ്ണിവയൽ

III അൽഫോൻസജെന്റി - കരുണാപുരം

## പരി. അമ്മയുടെ ജനനത്തിരുനാൾ

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ അതിരൂപതാതല ആഘോഷം പടുപ്പ് ശാഖയിൽ വച്ച് നടത്തി.

## മാധ്യമങ്ങൾക്കെതിരെ പ്രതിഷേധം

മാധ്യമങ്ങൾ നടത്തുന്ന സഭാവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ സൺഡേ സ്കൂളിന്റെയും മിഷൻലീഗിന്റെയും നേതൃത്വത്തിൽ 8-9-2019 ഞായറാഴ്ച കുട്ടികൾ പ്രതിഷേധം നടത്തി - കത്തുകൾ എഴുതി പ്രതിഷേധിച്ചു.

## ആദരാഞ്ജലികൾ

പേരാവൂർ മേഖല ഡയറക്ടർ കുര്യാക്കോസ് ഓരത്തേൽ അച്ചന്റെ പ്രിയ മാതാവ് അന്നമ്മ ജോൺ, പരപ്പ ശാഖയിലെ ആനന്ദ് ചൂരക്കുന്നേൽ എന്നിവരുടെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

## നിങ്ങൾക്കറിയാമോ വിജയികൾ

I ക്രിസ്റ്റോ കോമ്പാറ - ഉമ്മർപ്പോയിൽ

II ഡോണ എലിസബത്ത് - വെള്ളരിക്കുണ്ട്

III ആൻമരിയ നീറുവേലിൽ - ചെമ്പന്തൊട്ടി

## എയ്ഞ്ചൽസ്‌വോയിസ് മത്സര വിജയികൾ

I ജിയന്ന പൂവത്തുംമൂട്ടിൽ (വെള്ളരിക്കുണ്ട്)

II വർഗ്ഗീസ് മന്താനത്ത് (ആലക്കോട്)

III അന്ന ചേലമരം (കാസർഗോഡ്)

III അൽഫോൻസ് വേട്ടർമുറിയിൽ (ആലക്കോട്)

## ഈശോയെപ്പോലെ ജോലിചെയ്യാം......

കുഞ്ഞുകൂട്ടുകാരേ ഈ മാസം ഈശോയെപ്പോലെ ജോലിചെയ്യാം എന്ന 4-ാം അധ്യായം പഠിക്കാം. കൂട്ടുകാരേ കൊച്ചുവീട്ടിലായിരുന്നപ്പോൾ യൗസോപ്പിതാവിനെയും മാതാവിനെയും എപ്പോഴും ഈശോ ജോലിയിൽ സഹായിച്ചിരുന്നു. നിങ്ങളും നിങ്ങളുടെ പപ്പയെയും മമ്മിയെയും ജോലിയിൽ സഹായിക്കാറുണ്ടോ? കൂട്ടുകാർക്ക് ജോലിചെയ്യാൻ ഇഷ്ടമല്ലേ. എല്ലാ ജോലിയിലും നമ്മുടെ പപ്പയെയും മമ്മിയെയും സഹായിക്കാൻ കൂട്ടുകാർ പരിശ്രമിക്കണം. നന്നായി ജോലിചെയ്യാനുള്ള ആരോഗ്യവും, നല്ല മനസ്സും, സന്തോഷവും തരണമേ എന്ന് നമുക്ക് ഈശോയോട് പ്രാർത്ഥിക്കാം അല്ലേ....

## തിരുബാലസഖ്യ കലോത്സവം

ഈ വർഷവും പതിവുപോലെ തിരുബാല സഖ്യ കലോത്സവം ഉണ്ടായിരിക്കുന്നതാണ്. അതിരൂപതാതല കലോത്സവം ജനുവരി മാസത്തിലായിരിക്കും എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. മത്സരയിനങ്ങൾ തിരുബാലസംഖ്യ വർക്ക് ബുക്കിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചുകാണുമല്ലോ. ഡിസംബർ 30ന് മുമ്പ് മേഖലകളിൽമത്സരം നടത്തി ലിസ്റ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

## പ്രത്യേകശ്രദ്ധയ്ക്ക്

തിരുബാലസഖ്യ വർക്ക്ബുക്കിന്റെ പൈസതരാത്തവർ എത്രയും പെട്ടെന്ന് തന്നെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## അസാധാരണ മിഷൻമാസം

അസാധാരണ മിഷൻമാസത്തെക്കുറിച്ച് അഭിവന്ദ്യപിതാവ് കുട്ടികൾക്ക് എഴുതിയ സന്ദേശം കുഞ്ഞുങ്ങൾക്ക് വിശദീകരിച്ച് നല്കുമല്ലോ. ഒരു ഞായറാഴ്ച മിഷനെക്കുറിച്ചുള്ള ഒരു ബൈബിൾ വചനം വീതം കുഞ്ഞുങ്ങളെ പഠിപ്പിക്കാനും ആനിമേറ്റേഴ്സ് ശ്രദ്ധിക്കണേ.

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

**" Go MAD " - Make A Difference**

നിങ്ങളുടെ യൗവ്വനം ഒരു ഇടവേളയല്ല. നിങ്ങൾ ദൈവത്തിന്റെ ഇപ്പോൾ ആണ്
(ക്രിസ്തൂസ് വിവിദ് 5 ; 178).

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

## അഗതി ദിനാചരണം

കുന്നോത്ത് ഫൊറോനയുടെ ആതിഥേയത്വത്തിൽ കൂട്ടുപുഴ സ്നേഹഭവനിൽ വച്ച് ഒക്ടോബർ 2 ന് രാവിലെ 10 മണിക്ക് അഗതി ദിനാചരണം നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫൊറോന പ്രസിഡണ്ടിന്റെ പക്കൽ പേര് നല്കുക. ഒരു ഫൊറോനയിൽ നിന്ന് 2 യുവജനങ്ങൾക്ക് വരെ പങ്കെടുക്കാം.

## കണ്ണ് കൊണ്ട് കേൾക്കാം

ബധിര-മൂക ദിനത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ *കണ്ണ് കൊണ്ട് കേൾക്കാം* എന്ന പ്രോഗ്രാം കാഞ്ഞങ്ങാട് ഫൊറോനയിലെ ചായ്യോത്ത് ഉള്ള ജ്യോതി ഭവൻ സ്പെഷ്യൽ സ്കൂളിൽ വച്ച് ഒക്ടോബർ 5 രാവിലെ 9.30 ന് നടത്തപ്പെടുന്നു. ഒരു ഫൊറോനയിൽ നിന്ന് 2 യുവജനങ്ങൾക്ക് വരെ പങ്കെടുക്കാം. ദയവായി പങ്കെടുക്കുന്നവരുടെ എണ്ണം ഫൊറോന പ്രസിഡണ്ടിന്റെ പക്കൽ നല്കുമല്ലോ.

## സംയുക്ത സിണ്ടിക്കേറ്റ് - ഫൊറോനാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, പ്രസിഡണ്ടുമാർ

എല്ലാ ഫൊറോനകളിലെയും ഫൊറോനാ ഡയറക്ടേഴ്സ്, ഫൊറോനാ ആനിമേറ്റേഴ്സ്, ഫൊറോനാ അല്മായ ആനിമേറ്റേഴ്സ് ഫൊറോനാ പ്രസിഡണ്ടുമാർ എന്നിവരുടെ സംയുക്ത സിണ്ടിക്കേറ്റ് ഒക്ടോബർ 12 രണ്ടാം ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. എല്ലാവരും കൃത്യസമയത്ത് തന്നെ എത്തിച്ചേരുമല്ലോ.

## നിമിഷ ടോമിന്റെ നിത്യതയിലേക്കുള്ള യാത്ര..

നന്മയുടെ സ്മരണ അനശ്വരമാണ്. ദൈവവും മനുഷ്യനും അതിനെ വിലമതിക്കുന്നു. ഓർക്കാനും ഓർമ്മകളിൽ സൂക്ഷിക്കുവാനും സുകൃതത്തിന്റെ സുഗന്ധവും സാഹോദര്യത്തിന്റെ ഊഷ്മളതയുമുള്ള ഒരുപാട് നല്ല ഓർമ്മകൾ നല്കി കെ സി വൈ എം പ്രസ്ഥാനത്തെ നെഞ്ചോട് ചേർത്ത് വച്ച അതിരൂപത ജോയിൻ സെക്രട്ടറി നിമിഷ ടോം നിത്യതയിലേക്ക് യാത്രയായി. തലശ്ശേരി യുവജന പ്രസ്ഥാനത്തിനും ഇടവകയിലെ യുവജന സഹോദരങ്ങൾക്കും

പഠിച്ചിരുന്ന വിദ്യാലയത്തിനും അനുഗ്രഹത്തിന്റെ സാനിധ്യമായിരുന്നു. തന്റെ ജീവിത വഴികളിൽ കണ്ടുമുട്ടിയവരിൽ എല്ലാം സൗഹൃദത്തിന്റെ തണൽ വിരിക്കാൻ നിമിഷക്ക് സാധിച്ചു. വ്യത്യസ്തങ്ങളായ ജീവിത അനുഭവങ്ങളെ ധീരതയോടെ നേരിടാനുള്ള കഴിവ് നിമിഷയിൽ പ്രകടമായിരുന്നു. അപകടത്തിൽപ്പെട്ട് ആശുപത്രയിലായ ദിനം മുതൽ യുവജന സഹോദങ്ങൾ നിമിഷയെ പ്രാർത്ഥനയോടെ അനുഗമിക്കുകയായിരുന്നു. വൈദ്യസഹായത്തിനൊന്നും രക്ഷിക്കാൻ സാധിക്കാത്തവിധം നിമിഷയുടെ ആത്മാവിനെ സ്വർഗ്ഗം സ്വന്തമാക്കിയ വിവരം അറിഞ്ഞ നിമിഷം മുതൽ യുവജന സഹോദരങ്ങളും കെ സി വൈ എം അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരിയും, രൂപത സമിതി അംഗങ്ങളും ഭൗതിക ശരീരത്തോടൊപ്പം യാത്ര ചെയ്തു. നിമിഷയുടെ ഭൗതീക ശരീരം മനോഹരമായി ഈ ലോകത്തിൽ യാത്രയാക്കുന്നതിന് ആശുപത്രയിൽ നിന്നും വരുന്ന വഴി ക്രമീകരണങ്ങൾ ഒരുക്കിതന്ന പടന്നക്കാട് ദേവാലയ വികാരി തോമസ്സ് തയ്യിൽ അച്ചനെയും സഹായ ഹസ്തവുമായി എത്തിയ ഡി എം, സി എം സി കോൺവെന്റുകളിലെ സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു. മൃതശരീരവുമായി നിമിഷയുടെ ഭവനത്തിലേക്ക് കടന്ന് ചെന്നപ്പോൾ ധാരാളം വൈദികരും, സിസ്റ്റേഴ്സും, വലിയ ജനാവലിയും നിമിഷയെ ഒരു നോക്ക് കാണാൻ കാത്ത് നിന്നിരുന്നു.

മരണം മരവിപ്പിച്ച മൃതശരീരത്തിനടുത്ത് പ്രാർത്ഥനയോടെ രാത്രിയാമങ്ങളിൽ കെ സി വൈ എം അതിരൂപത സമിതി അംഗങ്ങളും യുവജന സുഹൃത്തുക്കളും നിമിഷയോടൊപ്പം ഉണ്ടായിരുന്നു. മൃതസംസ്കാര ശുശ്രൂഷക്ക് നേതൃത്വം നല്കിയ അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവിനെയും, അന്ത്യകർമ്മങ്ങളിൽ പങ്കെടുക്കാൻ എത്തിച്ചേർന്ന വൈദികരെയും സിസ്റ്റേഴ്സിനെയും, യുവജന സഹോദരങ്ങളെയും അദ്ധ്യാപകർ, കൂട്ടുകാർ, പ്രിയപ്പെട്ടവർ, എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. നിമിഷയുടെ വേർപാട് അറിഞ്ഞ നിമിഷം മുതൽ വീട്ടിലും, ഇടവകയിലും മറ്റും വേണ്ട വിധം എല്ലാ ക്രമീകരണങ്ങളും ചെയ്ത് സ്വർഗ്ഗയാത്രക്ക് വേണ്ട ഒരുക്കങ്ങൾ നടത്തിയ വികാരിയച്ചൻ സെബാസ്റ്റ്യൻ മുട്ടത്തുപാറ, കൈക്കാരൻമാർ, കമ്മറ്റിക്കാർ, മതാദ്ധ്യാപകർ, യുവജനങ്ങൾ, അയൽവാസികൾ, നാട്ടുകാർ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ചിതലരിക്കാത്ത ഓർമ്മകളും ഒരിക്കലും മായാത്ത കർമ്മങ്ങളും കാഴചവച്ച് സ്വർഗ്ഗത്തിന്റെ സ്വന്തമാകുവാൻ പറന്നകന്ന നിമിഷ ടോം എല്ലാ ഓർമ്മകൾക്കും ഒത്തിരി നന്ദി...

## ഒറീസ – വിജയവാഡ മിഷൻ യാത്ര GO MAD - GO MISSION

ഒക്ടോബർ മാസം അസാധാരണ മിഷൻ മാസമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഫ്രാൻസ്സീസ് മാർപ്പാപ്പയുടെ ഉദ്ബോധനം അനുസരിച്ച് ഓണക്കാലം മിഷൻ ഗ്രാമങ്ങളിൽ ചിലവഴിക്കുക, മിഷനെ അറിയുക, മിഷൻ ദൈവവിളിയെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ സി വൈ എം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടത്തിയ മിഷൻ ഗ്രാമസന്ദർശനം സെപ്തംബർ 9 ന് ആരംഭിച്ച് 17 ന് അവസാനിച്ചു. ആന്ധ്രാപ്രദേശിലെ വിജയവാഡ

മിഷൻ ഗ്രാമത്തിൽ നിന്നും തുടക്കം കുറിച്ച മിഷൻ പര്യടനത്തിൽ വേഗവാരം, ഭീമവാരം, ഏലൂർ എന്നീ ഗ്രാമങ്ങളിലെ കുഷ്ഠ രോഗാശുപത്രി, എയ്ഡ്സ് രോഗ ബാധിതരുടെ  ബാലഭവൻ, വൃദ്ധരായ മിഷണറിമാരുടെ ആശ്രമം, ഗ്രാമങ്ങ ളിലെ സ്കൂളുകൾ, ആശുപത്രികൾ, എന്നിവ സന്ദർശിച്ചു. ഇരുപത്തിനാല് അംഗ ങ്ങൾ അടങ്ങുന്ന സംഘം ഒമ്പത് ദിവസങ്ങളിലായാണ് മിഷൻ ഗ്രാമങ്ങളിൽ സേവനങ്ങളിൽ ഏർപ്പെട്ടത്. തുടർന്ന് ഒറീസയിലെ വിവിധ മിഷൻ ഗ്രാമങ്ങ ളിൽ സംഘം സന്ദർശനം നടത്തുകയും ഒറീസയിലെ ഗ്രാമീണർ അനുഭവി ക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുകയും ചെയ്തു. മിഷൻ ഗ്രാമസന്ദർശ നത്തോടനുബന്ധിച്ച് ഒറീസ മിഷൻ പ്രവർത്തനത്തിനായി ഒറീസയിലെ നവ ജീവൻ ധ്യാന കേന്ദ്രത്തിന് സാമ്പത്തീക സഹായം നല്കി.

മിഷൻ ഗ്രാമങ്ങളിലെ ജീവിതവും, അനുഭവവും പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി കെ സി വൈ എം ന്റെ നേതൃത്വത്തിൽ ഡോക്യുമെന്ററി നിർമ്മിക്കുന്നു. “എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായ് നൽകും” എന്ന ദൈവവചനം ജീവിതത്തിൽ സ്വീക രിച്ച് മിഷൻ ദേശത്ത് ശുശ്രുഷ ചെയ്യുന്നവരുടെ തീക്ഷണതയും വിശ്വാസവും മിഷൻ സംഘത്തിന് പ്രചോദനവും പ്രേരണയുമായി. മിഷൻയാത്ര പകർന്നു നൽകിയ പുത്തൻ അനുഭവങ്ങൾക്ക് നന്ദി പറഞ്ഞ് നിറകണ്ണുകളോടെ  യാത്ര തിരിക്കുമ്പോൾ യുവജനത പുതിയ തീരുമാനങ്ങളും, വിശ്വാസം ജീവിക്കുവാനുള്ള ദൃഢനിശ്ചയവും സ്വന്തമാക്കിയിരുന്നു. കെ സി വൈ എം തലശ്ശേരി അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരിയിൽ, ഫാ. ജോമിഷ് നൂറുമ്മാക്കൽ, അതിരൂ പത സമിതി, സി. വന്ദന എം എസ് ഐ, സി. ഹെലൻ എഫ് സി സി തുടങ്ങിയ വർ സംഘത്തിന് നേതൃത്വം നല്കി. മിഷൻ പ്രദേശത്ത് എത്തിയപ്പോൾ മുതൽ ഞങ്ങളെ അനുധാവനം ചെയ്ത് താമസ സൗകര്യങ്ങളും വേണ്ടതായ എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയ എം എസ് ഐ സിസ്റ്റേഴ്സിനെയും, ഒറീസ യിൽ ഞങ്ങളെ സ്വീകരിച്ച് എല്ലാ സൗകര്യങ്ങളും ക്രമപ്പെടുത്തിയ സി എം അച്ചൻമാരെയും പല വിധത്തിൽ സഹായ ഉപകാരങ്ങൾ ചെയ്ത എല്ലാവരെയും പ്രത്യേകമായി ആദ്യവസാനം ഞങ്ങളോടുകൂടെ ഉണ്ടായിരുന്ന സി.വന്ദന എം എസ് ഐ എല്ലാവരെയും ഒത്തിരി സ്നേഹത്തോടെ നന്ദിയോടെ ഓർക്കുന്നു.

## നിമിഷ ടോം അനുസ്മരണം

തലശ്ശേരി അതിരൂപത കെ സി വൈ എം ജോയിൻ സെക്രട്ടറിയായി രുന്ന നിമിഷ ടോമിന്റെ ആകസ്മികമായ വേർപാടിന്റെ 7 -ാം ദിനം ആചരിച്ചു. ആറിന് വൈകുന്നേരം തലശ്ശേരി അതിരൂപത സമിതിയും സിൻഡിക്കേറ്റ് അംഗ ങ്ങളും ഒരുമിച്ച് നിമിഷയുടെ കല്ലറയിൽ പോയി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. അതിന് ശേഷം നിമിഷ അനുസ്മരണ യോഗം നടത്തി. ഏഴിന് രാവിലെ സമൂ ഹബലിക്ക് ശേഷം കല്ലറയിലെ ഒപ്പീസിലും ഭവനത്തിലെ പ്രാർത്ഥനയിലും നൂറിൽ പരം യുവതീ യുവാക്കൾ പങ്കെടുത്തു.

## പ്രതിഷേധിച്ചു

കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ക്രൈസ്തവ വിരുദ്ധതകൾ പ്രചരിപ്പിക്കുകയും സന്യാസത്തെ

അവഹേളിക്കുകയും ചെയ്ത മാതൃഭൂമി ദിനപത്രം കത്തിച്ച് പ്രതിഷേധിച്ചു. തോമാപുരം ഫൊറോനയിലെ മണ്ഡപം ഇടവക ദേവാലയത്തിന് മുന്നിൽ നടന്ന പ്രതിഷേധ യോഗത്തിൽ വച്ച്, മാതൃഭുമി ദിനപത്രത്തിന് യുവാക്കളുടെ അവസാന താക്കീതാണിത് എന്ന് കെ സി വൈ എം അതിരൂപത പ്രസിഡന്റ് സിജോ കണ്ണേഴത്ത് ഓർമ്മിപ്പിച്ചു. കെ സി വൈ എം തലശ്ശേരി അതിരൂപത ഡയറക്ടർ ഫാ.സോണി വടശ്ശേരിൽ തന്റെ ശക്തമായ ഭാഷയിൽ പ്രതിഷേധം അറിയിച്ചു. ഫാ.അലക്സ് നിരപ്പേൽ, ഫാ.ജോജോ പൊടിമറ്റം, ഫാ.സെബാസ്റ്റ്യൻ മുട്ടത്തുപാറ, ഫാ.റോബിൻസൺ ഓലിക്കൽ, കെ സി വൈ എം അതിരൂപത സമിതി എന്നിവർ പ്രതിഷേധ സംഗമത്തിന് നേതൃത്വം നൽകി.

## ROOTS - വേരുകൾ

വിശ്വാസത്തിന്റെ വേരുകളെ പുനരുജ്ജീവിപ്പിക്കാനും സംഘടനയെ യൂണിറ്റ് തലത്തിൽ ശക്തിപ്പെടുത്തുവാനും കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനും പരസ്പരം പ്രവർത്തനങ്ങൾ മനസ്സിലാക്കുവാനുമായി നടത്തപ്പെടുന്ന സംഗമങ്ങളായ റൂട്ട്സ് മനോഹരമായി നടന്ന് വരുന്നു. റൂട്ട്സിന്റെ ഫലപ്രാപ്തിക്കുതകും വിധം ആറ് ഫൊറോനകൾ അതിരൂപത സമിതിയോടൊപ്പം മീറ്റിങ്ങ് കൂടുകയും വേണ്ടതായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. ബാക്കിയുള്ള ഫൊറോനകൾ എത്രയും വേഗം ക്രമീകരണങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## ദിയാകോണിയ കർമ്മ പദ്ധതി

ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, ക്ലീൻസിറ്റി-സീസൺ 2, യുവജനങ്ങളുടെ നേതൃത്വത്തിൽ അതിരൂപതയിലെ ടൗണുകൾ ശുചീകരിക്കുന്ന പ്രവർത്തനങ്ങൾ തുടരുന്നു.

## അസാധാരണ മിഷൻ മാസത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ

1. ഒറീസ – വിജയവാഡ മിഷൻ സന്ദർശനം
2. ഡോക്യുമെന്ററി നിർമ്മാണം
3. ഇടവകകളിൽ യുവജനങ്ങൾ മിഷൻ അനുഭവം പങ്കുവെയ്ക്കുന്നു
4. 100 കുടുംബങ്ങൾ മിഷൻ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു
5. സ്പന്ദനം ഡിജിറ്റൽ മാഗസിൻ – മിഷൻ വിശേഷാൽ പതിപ്പ്

## അഭിനന്ദനങ്ങൾ

വത്തിക്കാന് കീഴിലുള്ള അന്താരാഷ്ട്ര യുവജനസംഘടനയായ FIMCAP ന്റെ ഏഷ്യൻ പ്രസിഡണ്ടുമാരിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ട സിജോ അമ്പാട്ടിന് തലശ്ശേരി അതിരൂപത കുടുംബത്തിന്റെയും യുവജന പ്രസ്ഥാനത്തിന്റെയും അഭിനന്ദനങ്ങളും ആശംസകളും.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്കറിയ വടശ്ശേരിൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

855, 856 എം.പി.സി കോഴ്സ് ആഗസ്റ്റ് 27 – 29, സെപ്റ്റംബർ 17 – 19 ന് എന്നീ തീയ്യതികളിൽ തലശ്ശേരി സന്ദേശഭവൻ, പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പള്ളി എന്നീ സ്ഥലങ്ങളിൽ വച്ച് നടക്കുകയുണ്ടായി. 125 ആൺകുട്ടികളും, 100 പെൺകുട്ടികളും ഉൾപ്പെടെ 225 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അവരുടെ മാതാപിതാക്കൾക്കുവേണ്ടി നടത്തിയ ക്ലാസിൽ 250 പേർ സംബന്ധിച്ചു. ആവശ്യമുള്ളവർക്കുവേണ്ടി പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

**MPC - 2019**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| OCTOBER | 15 – 17 | Nil | 29 - 31 |
| NOVEMBER | 5 – 7, 12-14 | Nil | 26 - 28 |
| DECEMBER | 10 - 12 | 17-19 | Nil |

**പ്രത്യേക ശ്രദ്ധയ്ക്ക്**

• കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg.Fee 600 രൂപ അടയ്ക്കേണ്ടതാണ്.

Family Apostolate, Contact Number: 0490 2343414, Mob: 9400206974

Account Details : Name : Director Family Apostolate
A/c No : 0078053000073775, IFSC Code: SIBL0000078

**NB : നവംബർ മാസത്തെ എം.പി.സി 12 – 14 ന് നടത്തപ്പെടുന്നത് തലശ്ശേരി സന്ദേശഭവനിൽ വച്ചാണ്. മുമ്പ് നൽകിയിരിക്കുന്ന സ്ഥലം പടന്നക്കാട് എന്നതിൽ മാറ്റം വരുത്തിയിട്ടുണ്ട്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ www.anugrahamarry.com

## III. മാതൃവേദി

### 1. തൂവാനീസ : - നിയോഗം

ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് ദാമ്പത്യപ്രശ്നങ്ങളിൽ വലയുന്ന കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം.

**2. യൂണിറ്റ്തല പ്രവർത്തനം** - പള്ളി, പൊതുസ്ഥാപനങ്ങൾ എന്നിവ വൃത്തിയാക്കുക.

### 3. ദിയാക്കോണിയ പ്രവർത്തനം - ഒക്ടോബർ, നവംബർ

**പ്രകൃതി സംരക്ഷണം** - മാതൃദിനത്തോടനുബന്ധിച്ച് വീടുകളിൽ മരം നട്ടുപിടിപ്പിക്കൽ നടത്തുക, ഇടവകാതലത്തിൽ പൂന്തോട്ട നിർമ്മാണ മത്സരം നടത്തുക, പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനയജ്ഞത്തിന്റെ ഭാഗമായി എല്ലാ മാസവും ഒന്നാം തീയ്യതി ക്ലീൻ ഡേ ആയി പ്രഖ്യാപിക്കുക, പുഴകൾ, ഇടവഴികൾ, കാടുപിടിച്ച പ്രദേശങ്ങൾ എന്നിവ വൃത്തിയാക്കുക, വൃത്തിയായി സൂക്ഷിക്കുന്ന ഭവനത്തിന് യൂണിറ്റ് തലത്തിൽ മാതൃവേദിയുടെ പ്രോത്സാഹന സമ്മാനം നൽകുക. ആഗസ്റ്റ്, സെപ്റ്റംബർ ദിയാക്കോണിയ പ്രവർത്തന റിപ്പോർട്ട് മേഖലയിൽ എത്തിച്ച് രൂപതാ ഓഫീസിൽ നൽകുക.

**4. അതിരൂപതാ കലാ മത്സരങ്ങൾ**

അതിരൂപതാ കലോത്സവം എന്ന നിലയിൽ മാതൃവേദി, മിഷൻലീഗ് സംയുക്തമായി മത്സരങ്ങൾ 2019 ഒക്ടോബർ 7 -ാം തീയ്യതി ചെമ്പേരിയിൽ വച്ച് നടത്തുന്നതാണ്. കൃത്യം 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്. **ഉച്ചഭക്ഷണം ആവശ്യമുള്ളവർ ഒക്ടോബർ 3 ന് മുമ്പായി ഓർഡർ നൽകണം. രൂപതാ ഓഫീസിൽ വിളിച്ചറിയിക്കുക**

സിംഗിൾ ഐറ്റംസ് ജൂനിയർ, സീനിയർ വിഭാഗങ്ങളായും ഗ്രൂപ്പ് ഐറ്റംസ് ജൂനിയർ, സീനിയർ വ്യത്യാസമില്ലാതെ ആയിരിക്കും നടത്തപ്പെടുക.

### മത്സര ഇനങ്ങൾ

- **പ്രസംഗം** (വിഷയങ്ങൾ : സഭ എന്റെ അമ്മയാണ്, മാതൃത്വം സേവനത്തിന്, കുടുംബം സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനം) 5 മിനിറ്റ്
- **സംഗീതം** (പല്ലവിയും അനുപല്ലവിയും മാത്രം), ഭക്തിഗാനം (ക്ലാസിക്കൽ, സെമിക്ലാസിക്കൽ ഗാനങ്ങൾ പാടില്ല)
- **മോണോ ആക്ട്** (വിഷയം ആനുകാലികം, 5 മിനിറ്റിൽ കവിയരുത്),
- **കഥാപ്രസംഗം** (വിഷയം ക്രിസ്തീയമായിരിക്കണം, സമയം 8 മിനിറ്റ് കവിയരുത്)
- **ബൈബിൾ വായന** (വായനയ്ക്കുള്ള ഭാഗം മത്സരസമയത്ത് നൽകുന്ന

താണ്. എടുക്കുക, ഭാഗം പറയുക, വായിക്കുക, ചുംബിക്കുക, ആദരവ്, അക്ഷരസ്ഫുടത, ശബ്ദം.

- **മാർഗ്ഗം കളി** (7 പേർ, 6 പേർ കളിക്കുന്നു, 1 ആൾ പാടുന്നു. സമയം വന്ദന ഗാനം ഉൾപ്പെടെ 10 മിനിറ്റ്. പാട്ട്, താളം, മുദ്ര, വേഷം ഇവയെല്ലാം പരിഗ ണിക്കും. പാടുന്നയാൾ പേപ്പറിൽ നോക്കാതെ പാടി താളമടിക്കണം എന്നു ള്ളത് മാർഗം കളിയുടെ പൊതു നിയമമാണ്.
- **സിംഗിൾ ഡാൻസ്** (ക്രിസ്തീയഗാനമായിരിക്കണം, സമയം 7 മിനിറ്റിൽ കവിയരുത് (നാടോടി നൃത്തം)
- **സംഘഗാനം** (ഒരു ഭക്തിഗാനം മാത്രം. സമയം 7 മിനിറ്റ് കവിയരുത്. 5 പേരിൽ കുറയാതെയും, 7 പേരിൽ കൂടാതെയും അംഗങ്ങൾ ഉണ്ടാകണം. (ക്ലാസിക്കൽ, സെമിക്ലാസിക്കൽ ഗാനങ്ങൾ പാടില്ല)
- **മാതൃവേദി ആന്തം** (7 പേരിൽ കവിയരുത്. കോറസ്സായിട്ടാണ് പാടേണ്ടത്, കാണാതെ പാടണം, (കൈകൾ ചുരുട്ടി പിടിക്കണമെന്നും താളമടിക്കാൻ പാടില്ല എന്ന നിബന്ധനയും ബാധകമല്ല)

## 5. സാഹിത്യ മത്സരം അതിരൂപതാതല വിജയികൾ

**പ്രബന്ധരചന സീനിയർ**

| | | | |
|---|---|---|---|
| Ist | എലിസബത്ത് തെക്കേക്കുളത്തിങ്കൽ | നെല്ലിപ്പാറ | ആലക്കോട് |
| IInd | മേഴ്സി അറയ്ക്കൽ | കരിക്കോട്ടക്കരി | എടൂർ |
| IIIrd | ലാലി പല്ലാട്ട് | കച്ചേരിക്കടവ് | കുന്നോത്ത് |
| IIIrd | സിസിലി നീണ്ടുകുന്നേൽ | മേലേച്ചൊവ്വ | കണ്ണൂർ |

**പ്രബന്ധരചന ജൂനിയർ**

| | | | |
|---|---|---|---|
| Ist | മഞ്ജുഷ കണ്ടത്തിൽ | കരിക്കോട്ടക്കരി | എടൂർ |
| IInd | സിനി പൈങ്ങോട്ട് | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| IIIrd | ദീപ അമ്പലക്കുന്നേൽ | ഉളിക്കൽ | നെല്ലിക്കാംപൊയിൽ |

**കവിതാരചന സീനിയർ**

| | | | |
|---|---|---|---|
| Ist | ആനി എടപ്പാടി | കോളയാട് | പേരാവൂർ |
| IInd | ചിന്നമ്മ കൈപ്പനാനിക്കൽ | കീഴ്പ്പള്ളി | എടൂർ |
| IIIrd | ലൈസമ്മ പാലത്തടത്തിൽ | വെമ്പുവ | പൈസക്കരി |

**കവിതാരചന ജൂനിയർ**

| | | | |
|---|---|---|---|
| Ist | സജി എടപ്പാട്ട് | കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട് |
| IInd | ജിസ്സി കൂട്ടകാഞ്ഞിരത്തിങ്കൽ | കീഴ്പ്പള്ളി | എടൂർ |
| IIIrd | മഞ്ജു പള്ളത്ത് | വെള്ളാട് | വായാട്ടുപറമ്പ് |

**ചിത്രരചന സീനിയർ**

| | | | |
|---|---|---|---|
| I$^{st}$ | ബിന്നീസ് പറമ്പുകാട്ടിൽ | എടൂർ | എടൂർ |
| II$^{nd}$ | സ്റ്റെല്ല മരിയ പറക്കണശ്ശേരി | കുന്നോത്ത് | കുന്നോത്ത് |
| III$^{rd}$ | ലൈല കൊട്ടാരത്തിൽ | ചെമ്പേരി | ചെമ്പേരി |

**ചിത്രരചന ജൂനിയർ**

| | | | |
|---|---|---|---|
| I$^{st}$ | ജെയിൻ നെല്ലിക്കുന്നേൽ | എടത്തൊട്ടി | പേരാവൂർ |
| II$^{nd}$ | സിസിലി കുമ്പളാനിയിൽ | കടുമേനി | തോമാപുരം |
| III$^{rd}$ | ജോസ്മി ചുണ്ടക്കാട്ടിൽ | കാഞ്ഞിരക്കൊല്ലി | നെല്ലിക്കാംപൊയിൽ |

**ബൈബിൾ ക്വിസ് സീനിയർ**

| | | | |
|---|---|---|---|
| I$^{st}$ | മേരിക്കുട്ടി പടന്നമാക്കൽ | പുലിക്കുരുമ്പ | ചെമ്പേരി |
| II$^{nd}$ | മോളി കാരക്കടയിൽ | ജയഗിരി | ആലക്കോട് |
| II$^{nd}$ | ജെസ്സി കുന്നത്ത് | ചെമ്പംതൊട്ടി | ചെമ്പംതൊട്ടി |
| III$^{rd}$ | ത്രേസ്യാമ്മ നരിമറ്റം | മണിക്കടവ് | നെല്ലിക്കാംപൊയിൽ |

**ബൈബിൾക്വിസ് ജൂനിയർ**

| | | | |
|---|---|---|---|
| I$^{st}$ | റെജി മുണ്ടയ്ക്കൽ | പൂപ്പറമ്പ് | ചെമ്പേരി |
| II$^{st}$ | ബീന ഇല്ലിമൂട്ടിൽ | ചെട്ടിയാംപറമ്പ് | പേരാവൂർ |
| III$^{rd}$ | ഷീജ പൂവന്നിക്കുന്നേൽ | പുന്നക്കുന്ന് | വെള്ളരിക്കുണ്ട് |

സാഹിത്യമത്സര വിജയികൾക്കും റീജിയൺ, മേഖല തലത്തിൽ സംഘടിപ്പിച്ചവർക്കും അഭിനന്ദനങ്ങൾ.

## 6) അറിയിപ്പുകൾ

1) മത്സരത്തിൽ പങ്കെടുക്കുന്നവർക്ക്, യൂണിഫോം, ബാഡ്ജ്, ഫോട്ടോ പതിച്ച അംഗത്വകാർഡ് എന്നിവ ഉണ്ടായിരിക്കണം. യൂണിഫോം സാരിയും ചുരിദാറും ഏതു വേണമെങ്കിലും ധരിക്കാവുന്നതാണ്.
2) മേഖലകളിൽ ഫസ്റ്റ് കിട്ടിയവർ മാത്രമാണ് രൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
3) വികാരിയച്ചന്മാരുടെ ഒപ്പും, പള്ളിയുടെ സീലുമുള്ള മത്സരാർത്ഥികളുടെ പ്രായം തിരിച്ചുള്ള ലിസ്റ്റ് എത്തിക്കണം.
4) അതിരൂപതാ വിഹിതം കഴിഞ്ഞ വർഷത്തെ തുക തന്നെ എല്ലാ യൂണിറ്റുകളും രൂപതാ മത്സരത്തിനു മുമ്പ് നൽകേണ്ടതാണ്. മേഖലാ സമിതി ഈ തുക ശേഖരിക്കേണ്ടതണ്.
5) മാതൃവേദി 2020 കലണ്ടർ എല്ലാ ഭവനങ്ങളിലും എത്തിക്കുക. ഒക്ടോബർ 15 നകം കലണ്ടർ മേഖലാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്.
6) മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഗ്രേഡ് തിരിച്ച് പോയിന്റ് നൽകുന്നതാണ്. ഇപ്രകാരം സാഹിത്യ മത്സരത്തിനും കലാമത്സരത്തിനും കൂടി

ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന മേഖലകൾക്ക് ഓവറോൾ ട്രോഫി നൽകുന്നതാണ്.

## 7. ഒക്ടോബർ - അസാധാരണ മിഷൻ മാസം

പരി.പിതാവ് ഫ്രാൻസീസ് പാപ്പയുടെ ഈ പ്രഖ്യാപനം സ്വീകരിച്ചുകൊണ്ട് മിഷൻ പ്രവർത്തനത്തെക്കുറിച്ചുള്ള സഭാ പ്രബോധനങ്ങൾ പഠിക്കുന്നതിനും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും യൂണിറ്റുകളും മേഖലകളും പരിശ്രമിക്കുക. മിഷൻലീഗിന്റെ പ്രവർത്തന പദ്ധതികളോടും അമ്മമാർ സഹകരിക്കുക.

## 8. മാതൃവേദി ഇലക്ഷൻ

സീറോ മലബാർ മാതൃവേദിയുടെ ഭാരവാഹികളുടെ പൊതുവായ തിരഞ്ഞെടുപ്പ് 2019 - ഒക്ടോബറിൽ യൂണിറ്റ്, നവംബറിൽ മേഖല, ഡിസംബറിൽ അതിരൂപതാതലം എന്നീ രീതിയിൽ നടത്തപ്പെടുന്നു. യൂണിറ്റുകളിൽ 5 ഭാരവാഹികളും രണ്ട് സെനറ്റ് മെമ്പർമാരുമാണ് ഉണ്ടാകേണ്ടത്. ഈ ഭാരവാഹികളിൽ നിന്ന് മേഖലയിലേക്ക് അഞ്ച് ഭാരവാഹികളെയും 2 സെനറ്റു മെമ്പർമാരെയും തെരഞ്ഞെടുത്ത് നവംബർ 28 നകം പേരുകൾ അതിരൂപതാ ഓഫീസിൽ എത്തിക്കുക.

## അതിരൂപതാതല തെരഞ്ഞെടുപ്പ്

മേഖലയിലെ ഭാരവാഹികളിൽ നിന്ന് രൂപതാതലത്തിൽ മത്സരിക്കാൻ തീരുമാനിക്കുന്നവരുടെ ലിസ്റ്റ് നവംബർ 28 നകം രൂപതയിൽ എത്തിക്കേണ്ടതാണ്. ഒരു മേഖലയിൽ നിന്ന് ഓരാൾക്കുമാത്രമേ രൂപതാ ഭാരവാഹിയായി സ്ഥാനാർത്ഥിയാകാൻ സാധിക്കുകയുള്ളു. അപ്രകാരം സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്ന മേഖലകൾ, മേഖലാ ജനറൽ ബോഡിയിൽ വച്ച് ആളെ തീരുമാനിക്കുകയും പേര് നൽകുകയും ചെയ്യുക. ഏത് സ്ഥാനത്തേക്കാണ് തിരഞ്ഞെടുക്കപ്പെടുക എന്നത് ബാലറ്റ് വോട്ടിംങ്ങിലൂടെ രൂപതാതല ഇലക്ഷനിൽ തീരുമാനിക്കുന്നതാണ്. മേഖലയിലും യൂണിറ്റിലും ആവശ്യമെങ്കിൽ ബാലറ്റ് വോട്ടിംങ്ങ് നടത്താവുന്നതാണ്. പഴയ ഭാരവാഹികളെ തുടർന്നും നിലനിർത്തുന്ന ഇടവകകൾ ഭാരവാഹികളുടെ ലിസ്റ്റ് നൽകേണ്ടതാണ്.

## 9. ജ്വാല - എടൂർ

2019 ആഗസ്റ്റ് 31-ാം തീയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ എടൂർ മേഖലയുടെ ജ്വാല പ്രോഗ്രാം എടൂർ സെന്റ് മേരീസ് പള്ളിയിൽ വച്ച് നടന്നു. എടൂർ മേഖലാ ഡയറക്ടർ റവ.ഫാ.ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ സ്വാഗതം ആശംസിച്ചു. എടൂർ മേഖലാ മാതൃവേദി പ്രസിഡണ്ട് ശ്രീമതി വത്സമ്മ പുത്തൻപുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ചടങ്ങിൽ എടൂർ ഫൊറോന അസി.വികാരി ഫാ. ജോൺസൺ പുലിയുറുമ്പിൽ, ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി.

പൗളിൻ സി.എച്ച്.എഫ്, റീജന്റ് ബ്രദർ ജിസ്സ് മാത്യു എന്നിവർ ആശംസക ളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. എടൂർ മേഖലാ സെക്രട്ടറി ശ്രീമതി സാലി പാമ്പയ്ക്കൽ റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി ജെസ്സി ഉമ്മിക്കുഴിയിൽ കണക്കും അവതരിപ്പിച്ചു. എടൂർ മേഖലാ ആനിമേറ്റർ സി.മേഴ്സി എഫ്.സി.സി ഏവർക്കും നന്ദി അർപ്പിച്ചു. തുടർന്ന് ശ്രീ.രാധാകൃഷ്ണൻ എസ്.ഐ സൈബർ സുരക്ഷയെക്കുറിച്ചുള്ള ക്ലാസ്സ് നയിച്ചു. ജ്വാല പ്രോഗ്രാം മനോഹരമായി സംഘ ടിപ്പിച്ച എടൂർ മേഖലാ മാതൃവേദിയെ അഭിനന്ദിക്കുന്നു.

### 10. ജ്വാല - തോമാപുരം, തളിപ്പറമ്പ്, കാഞ്ഞങ്ങാട്

2019 പ്രവർത്തന വർഷത്തെ ജ്വാല പരിപാടി ഒക്ടോബർ 19 ന് തോമാപുരം മേഖലയ്ക്കുവേണ്ടിയും ഒക്ടോബർ 26 ന് തളിപ്പറമ്പ് മേഖലയ്ക്കു വേണ്ടിയും നവംബർ 2 ന് കാഞ്ഞങ്ങാട് മേഖലയ്ക്കുവേണ്ടിയും നടത്തപ്പെടുന്നു. കൊടിയേ റ്റ്, പൊതുസമ്മേളനം, ക്ലാസ്, കലാപരിപാടികൾ എന്നിവ ഉൾക്കൊള്ളുന്ന ജ്വാല യുടെ ക്രമീകരണത്തെക്കുറിച്ച് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. റെക്കോർഡ്സ്, യൂണിറ്റ് രജിസ്ട്രേഷൻ ഫോം, മിനിട്ട്സ് ബുക്ക്, അക്കൗണ്ട് ബുക്ക്, എന്നിവ കൊണ്ടുവരേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഭാര വാഹികളും കൂടാതെ 5 മാതൃവേദി അംഗങ്ങളും പങ്കെടുക്കണം.

### 11. സഖറിയാസ് കൺവെൻഷൻ - കാഞ്ഞങ്ങാട് ഫൊറോന

സെപ്റ്റംബർ 16, 17, 18 തീയ്യതികളിൽ കാഞ്ഞങ്ങാട് ഫൊറോനയിലെ 60 വയസ്സിനു മുകളിൽ പ്രായമായവർക്കു വേണ്ടിയുള്ള സഖറിയാസ് കൺവെൻഷ ൻ കാലിച്ചാനടുക്കം പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഫാമിലി അപ്പൊസ്റ്റൊലേറ്റി ന്റെയും മലബാർ ക്രിസ്റ്റീൻ ടീമിന്റെയും നേതൃത്വത്തിൽ നടത്തിയ കൺവെൻഷൻ കാലിച്ചാനടുക്കം വികാരി റവ. ഫാ. ലൂയി മരിയദാസ് തിരി തെളിച്ച് ഉദ്ഘാ ടനം ചെയ്തു. മോൺ ജോസഫ് ഒറ്റപ്ലാക്കൽ, ഫാ. അബ്രാഹം മടത്തിമ്യാലിൽ എന്നിവർ കൺവെൻഷൻ ദിവസങ്ങളിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ബ്രദർ.ജോയ്സ് കുരുവിത്താനം, തങ്കച്ചൻ ചെ റുചെറുപ്പിൽ, സി. ആൻസി കാനക്കാട്ട് എന്നിവരുടെ നേതൃത്വത്തിൽ ക്ലാസുകൾ നടന്നു. കൺവെൻഷൻ വിജയകരമാക്കാൻ താൽപര്യപൂർവ്വം അദ്ധ്വാനിച്ച മല ബാർ ക്രിസ്റ്റീൻ ടീം അംഗങ്ങൾക്കും കാഞ്ഞങ്ങാട് മേഖലാ മാതൃവേദിക്കും അഭിനന്ദനങ്ങൾ.

### 12. മാതൃസംഗമങ്ങൾ

ആഗസ്റ്റ് 28-ാം തീയ്യതി പേരാവൂർ ഫൊറോനാ പള്ളിയിൽ വച്ച് പേരാവൂർ മേഖലയുടെ ആഭിമുഖ്യത്തിൽ മാതൃസംഗമവും വി. മോനിക്ക അനുസ്മരണവും നടത്തി. ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സമ്മേളനവും മേഖലാതല രക്തദാന സേനയും ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. സെപ്റ്റംബർ 7-ാം തീയ്യതി ബദിയടുക്ക ഇടവകയിൽ മാതൃസംഗമം ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഉദ്ഘാടനം ചെയ്തു.

സെപ്റ്റംബർ 15-ാം തീയ്യതി തടിക്കടവ് യൂണിറ്റ് മാതൃസംഗമത്തോടനുബന്ധിച്ച് ഇടവകയിലെ സീനിയർ അമ്മമാരെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്ത് ഡയറക്ടറച്ചൻ സന്ദേശം നൽകി

**13. സെപ്റ്റംബർ 8 - മാതൃദിനം അതിരൂപതാതല ആചരണം**

സെപ്റ്റംബർ 8-ാം തീയ്യതി നെല്ലിക്കാംപൊയിൽ മേഖലയിലെ ശാന്തിനഗർ ഇടവകയിൽ വച്ച് മാതൃദിന അതിരൂപതാതല ആചരണം നടന്നു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഉദ്ഘാടന കർമ്മം നിർവ്വഹിച്ച ചടങ്ങിൽ മേഖലാ നെല്ലിക്കാംപൊയിൽ മേഖലാ ഡയറക്ടർ ഫാ. ഫ്രാൻസിസ് റാത്തപ്പള്ളി ആശംസകളർപ്പിച്ച് സംസാരിച്ചു. ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ് ക്ലാസ് നയിച്ചു.

## LV. ജീവോത്സവം 2019

വലിയ കുടുംബങ്ങളെ ആദരിക്കുകയും ജീവന്റെ സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പരിപാടിയാണ് ജീവോത്സവം. ഇതിൽ പങ്കെടുക്കാനുള്ള കുടുംബങ്ങളെ കണ്ടെത്താനും അയക്കാനും മാതൃവേദി അംഗങ്ങൾ മുൻകൈ എടുക്കുക. 2017 നു ശേഷം അവസാനത്തെ കുട്ടി ജനിച്ചതുവരെയാണ് ഈ വർഷത്തെ ജീവോത്സവത്തിനു പങ്കെടുപ്പിക്കേണ്ടത്.

**സ്ഥലം : സന്ദേശഭവൻ, തീയ്യതി : 2019 ഡിസംബർ 21**

## V. വലിയ കുടുംബങ്ങളുടെ സർവ്വേ

നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങളുടെ ഒരു സർവ്വേ നടത്തുന്നതിനുള്ള ഫോറങ്ങൾ എല്ലാ യൂണിറ്റുകളിലുമുള്ള സിസ്റ്റേഴ്സിന് നൽകിയിട്ടുണ്ട്. ലഭിക്കാത്തവർ മേഖലാ ആനിമേറ്റർമാരിൽ നിന്ന് വാങ്ങിക്കേണ്ടതാണ്. ഇത് കൃത്യമായി പൂരിപ്പിച്ച് ഒക്ടോബർ 20 നകം വികാരിയച്ചന്റെ ഒപ്പോടുകൂടി മേഖലാ ആനിമേറ്റർമാരുടെ പക്കൽ ഏൽപ്പിക്കുക

## VI. വിവാഹാർത്ഥികളുടെ സംഗമം

കോഴിക്കോടുവച്ച് നടന്ന വിവാഹാർത്ഥികളുടെ സംഗമത്തിൽ രജിസ്ട്രേഷൻ നടത്തിയ എല്ലാവരെയും prolifemarry.com എന്ന മാര്യേജ് ബ്യൂറോയിൽ അംഗങ്ങളായി ചേർത്തിട്ടുണ്ട്. 2019 ഡിസംബർ 31 വരെ അവർക്ക് സൗജന്യമായി ബ്യൂറോയിൽ സെർച്ച് നടത്താവുന്നതാണ്.

വിശദവിവരങ്ങൾ അറിയുവാൻ വിളിക്കേണ്ട നമ്പർ : 6235445544 (ഇനിയും ഈ ബ്യൂറോയിൽ മെമ്പർഷിപ്പ് ലഭ്യമാണ്)

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## സദ്ഗമയ പി.ടി ചാക്കോ പ്രസംഗമത്സര വിജയികൾ

### ചെമ്പേരി റീജിയൺ

| | | | |
|---|---|---|---|
| Ist | സഞ്ജയ് ഷാജി | XII | വെള്ളരിക്കുണ്ട് എച്ച്.എസ്.എസ് |
| Ist | അലീന ജെയിംസ് | XII | അങ്ങാടിക്കടവ് എച്ച്.എസ്.എസ് |
| IIIrd | ജീസൺ ജെയിസൺ | XII | തോമാപുരം എച്ച്.എസ്.എസ് |

### വായാട്ടുപറമ്പ് റീജിയൺ

**എൽ.പി സെക്ഷൻ**

| | | | |
|---|---|---|---|
| Ist | എഡ്‌വിൻ സനീഷ് | IV | ഉദയഗിരി യു.പി. |
| IInd | ആനിയ സുനിൽ | IV | പുലിക്കുറുമ്പ യു.പി. |
| IIIrd | ഷിയോന മരിയ കെ.എസ് | IV | കുടിയാന്മല യു.പി. |

**യു.പി സെക്ഷൻ**

| | | | |
|---|---|---|---|
| Ist | നിയ ബെന്നി | VI | പാലാവയൽ എച്ച്.എസ്.എസ് |
| IInd | ആദിത്യൻ സുനിൽ | VI | പുലിക്കുറുമ്പ യു.പി.എസ് |
| IIIrd | അന്ന പി. ടോം | VII | വായാട്ടുപറമ്പ് യു.പി.എസ് |

**എച്ച്.എസ് സെക്ഷൻ**

| | | | |
|---|---|---|---|
| Ist | റോസ് മെരിയറ്റ് ബാബു | IX | തോമാപുരം എച്ച്.എസ്.എസ് |
| IInd | ടാനി എലിസബത്ത് ജോസ് | X | വായാട്ടുപറമ്പ് യു.പി. |
| IIIrd | അർഷ ബിനു | X | പൈസക്കരി എച്ച്.എസ് |
| IVth | ലിസ് റോസ് | X | കുടിയാന്മല എച്ച്.എസ് |

### എടൂർ റീജിയൺ

**എച്ച്.എസ് സെക്ഷൻ**

| | | | |
|---|---|---|---|
| Ist | ജാസ്മിൻ സുരേഷ് | IX | അങ്ങാടിക്കടവ് യു.പി |
| IInd | ഡാരിസ് ബെന്നി | X | വെളിമാനം എച്ച്.എസ്.എസ് |
| IIIrd | റിച്ച റോസ് സോണി | X | എടൂർ എച്ച്.എസ്.എസ് |

**യു.പി സെക്ഷൻ**

| | | | |
|---|---|---|---|
| Ist | മരിയ ജോമോൻ | VII | മഞ്ഞളാംപുറം യു.പി |
| IInd | അൽബിൻ തോമസ് സിബിച്ചൻ | VII | പൈസക്കരി യു.പി |
| IIIrd | ജിയോ അരുൺ | VII | വീർപ്പാട് യു.പി |

**എൽ.പി സെക്ഷൻ**

| | | | |
|---|---|---|---|
| Ist | ആൽഫ്രഡ് റിജോ സെബാസ്റ്റ്യൻ | IV | അങ്ങാടിക്കടവ് യു.പി |
| IInd | ദിയ അൽഫോൻസ ഷെറിൻ | IV | വയത്തൂർ യു.പി |
| IIIrd | ആൻ മേരീ ബിനു | IV | മഞ്ഞളാംപുറം യു.പി |

മത്സരത്തിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്കും അവരെ പരിശീലിപ്പിച്ച അധ്യാപകർക്കും എല്ലാവിധ സൗകര്യങ്ങളും ഒരുക്കി കൊടുത്ത ഓരോ റീജിയണൽ സെന്ററിലെ പ്രധാനാധ്യാപകരെയും അവരോടൊപ്പം സഹകരിച്ച എല്ലാ അധ്യാപകർക്കും പ്രത്യേകം നന്ദി പറയുന്നു. അവധിക്കാലമായിട്ടും എല്ലാ അസൗകര്യങ്ങളും മാറ്റിവച്ച് വിവിധ സെന്ററുകളിൽ ജഡ്ജസ്സായി പോയ എല്ലാ അധ്യാപകരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

## മാട്ടറ കാരിസ് യു.പി സ്കൂളിന് പുതിയ കെട്ടിടം

കാരിസ് യു.പി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം ലളിതമായ രീതിയിൽ 08.09.2019 ഞായറാഴ്ച നടത്തുകയുണ്ടായി. തദവസരത്തിൽ സ്കൂളിന്റെ സ്ഥാപക മാനേജർ ബഹുമാനപ്പെട്ട മാത്യു കിഴക്കേലച്ചൻ ഉദ്ഘാടനം നിർവഹിച്ചു. മനോഹരമായ സ്കൂൾ കെട്ടിടം നിർമ്മിക്കാൻ നേതൃത്വം നൽകിയ ബഹുമാനപ്പെട്ട ബോസ്കോ പുറത്തേമുതുകാട്ടിൽ അച്ചനും അച്ചനോടൊത്ത് സഹകരിച്ച അധ്യാപകർക്കും രക്ഷകർത്താക്കൾക്കും ഇടവകക്കാർക്കും പ്രത്യേകം നന്ദി.

## അഭിനന്ദനങ്ങൾ

മികച്ച അധ്യാപക രക്ഷകർതൃസമിതിക്കായി സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയ "ബെസ്റ്റ് പി.ടി.എ. അവാർഡ് 2018-19" ചിറ്റാരിക്കാൽ ഉപജില്ലയിലെ വെള്ളരിക്കുണ്ട് നിർമ്മലഗിരി എൽ.പി.സ്കൂൾ കരസ്ഥമാക്കി. ഈ കാലയളവിൽ മകച്ച സേവനം കാഴ്ചവച്ച് അവാർഡ് കരസ്ഥമാക്കിയ അധ്യാപക രക്ഷാകർതൃസമിതിയംഗങ്ങൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ: 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

സാൻജോസ് അക്കാഡമിയുടെ വിവിധ പരിശീലനങ്ങൾ സജീവമായി വിവിധ സ്ഥലങ്ങളിൽ നടന്നുക്കൊണ്ടിരിക്കുന്നു. ഒക്ടോബർ മാസത്തെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## I. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലം വരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K-TET അഞ്ചാം ബാച്ചിന്റെ പരിശീലനം ഇരിട്ടി സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയത്തിലും തളിപ്പറമ്പ് സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയത്തിലും നടന്നുകൊണ്ടിരിക്കുന്നു. നവംബർ 16, 17 തീയതികളിൽ നടക്കാനിരിക്കുന്ന K-TET പരീക്ഷയ്ക്ക് ഒരുക്കമായിട്ടുള്ള പരിശീലനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കണ്ണൂർ ജില്ലയിലെ മികച്ച പരിശീലനകേന്ദ്രമായിതന്നെ സാൻജോസ് അക്കാഡമി മാറിയിട്ടുണ്ട്. ഈ ബാച്ചിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

## II. Bridge +1, +2

എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായി രണ്ടുവർഷം നീണ്ടുനിൽക്കുന്ന പരിശീലന ക്യാമ്പുകൾ ഇരിട്ടി സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയത്തിൽവച്ചു നടന്നുകൊണ്ടിരിക്കുന്നു. പ്രധാന അവധിദിവസങ്ങളിലും ശനിയാഴ്ച ദിവസങ്ങളിലും ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞുമാണ് ക്ലാസ്സുകൾ നടത്തപ്പെടുക.

## III. PSC Coaching

കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് മേഖലകളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള കവാടമാണല്ലോ P.S.C, U.P.S.C. പരീക്ഷകൾ. ലളിതവും എന്നാൽ നല്ല ഒരുക്കവും പരിശീലനവും ആവശ്യമായ പരീക്ഷാഘടനയാണ് ഇതിനുള്ളത്. നമ്മുടെ അതിരൂപതയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന ഈ പരിശീലന പദ്ധതി കാര്യക്ഷമമായി മുന്നോട്ടുപോകുന്നു. പുതിയ ബാച്ച് ജൂലൈ മാസത്തിൽ പൈസക്കരി ദേവമാതാ കോളേജിൽ ആരംഭിച്ചിട്ടുണ്ട്. അഡ്മിഷൻ ആവശ്യമുള്ളവർ കോളേജ് ഓഫീസിലോ, 8281 750 777, 8281 730 777 എന്നീ നമ്പരുകളിലോ ബന്ധപ്പെടേണ്ടതാണ്.

## IV. NET Exam Crash Coaching

കോളേജ് അധ്യാപകരാകാനും റിസേർച്ച് ഫെലോസ് ആകാനുമുള്ള യോഗ്യതാ പരീക്ഷയായ യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് വേണ്ടിയുള്ള പരിശീലനം സെപ്റ്റംബർ മാസം ആദ്യവാരം മുതൽ ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽവച്ച് നടന്നുകൊണ്ടിരിക്കുന്നു. ഡിസംബർ മാസത്തിൽ 2 മുതൽ 6 വരെ തിയ്യതികളിലാണ് അടുത്ത NET പരീക്ഷ നടക്കുന്നത്. സെപ്റ്റംബർ 9 മുതൽ ഒക്ടോബർ 9 വരെയാണ് അപേക്ഷാ സമർപ്പണ തിയ്യതി. ഞായറാഴ്ചകളിലാണ് സാൻജോസ് അക്കാഡമിയുടെ പരിശീലന ക്ലാസ്സുകൾ നടക്കുന്നത്. വിവിധ യൂണിവേഴ്സിറ്റികളിലെ പ്രഗല്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതായിരിക്കും. പി.ജി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പൂർത്തിയാക്കിയവർക്കും പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. താൽപ്പര്യമുള്ളവർ സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടുക.

## VII. IELTS പരിശീലനം

ഇംഗ്ലീഷ് ഭാഷ ലോക ഭാഷയായി മാറിയ ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾക്ക് വിവിധ കോഴ്സുകളിൽ അഡ്മിഷൻ നേടുവാനും വിജയിക്കുവാനും വിവിധ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കും IELTS, OET തുടങ്ങിയ സർട്ടിഫിക്കറ്റുകൾ അത്യന്താപേഷിതമാണ്. നമ്മുടെ കുട്ടികൾക്ക് നല്ല പരിശീലനം നൽകി വിജയികളാക്കുവാൻ സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ തലശ്ശേരി മാതാ സെന്റർ കേന്ദ്രീകരിച്ച് IELTS പരിശീലനം ആരംഭിച്ചിരിക്കുന്നു. കോഴ്സ് ഫീസ് രണ്ട് മാസത്തേക്ക് 12000 രൂപയും + ഹോസ്റ്റൽ ഫീസും ഒരു മാസത്തേക്ക് 8000 രൂപയും ഹോസ്റ്റൽ ഫീസുമാണ് നിശ്ചയിച്ചിരിക്കുന്നത്. വിജയികൾക്ക് U Kയിൽ നേഴ്സിംഗ് സംബന്ധമായ ജോലികൾക്ക് പ്രത്യേക സഹായസഹകരണങ്ങൾ സൗജന്യമായി സാൻജോസ് അക്കാഡമി നൽകുന്നതാണ്. ഏത് ദിവസവും വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. അഡ്മിഷൻ ആവശ്യമുള്ളവർ 8281 750 777, 8281 730 777 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.കേരളത്തിലെ പ്രമുഖ അദ്ധ്യാപകർ കോഴ്സുകൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.

IELTS അക്കാഡമിയിലേക്ക് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള അധ്യാപകരെ ആവശ്യമുണ്ട്. ഉദ്യോഗാർത്ഥികൾക്ക് 8281 750 777, 8281 730 777 എന്നീ നമ്പറുകളിൽ വിളിച്ച് ബന്ധപ്പെടാവുന്നതാണ്.

## VIII. ജോലി ഒഴിവ്

തൊഴിലവസരങ്ങളെപ്പറ്റിയുള്ള അറിയിപ്പുകൾ ഇനി മുതൽ വാട്സ് ആപ്പ് മെസേജുകളായി നമ്മുടെ ബഹു. അച്ചൻമാരുടെ ഗ്രൂപ്പുകളിൽ അയച്ചുതരുന്നതാണ്. ഈ മെസേജുകൾ ഇടവക ഗ്രൂപ്പുകളിൽ ഫോർവേഡ് ചെയ്താൽ ഉപകാരമായിരുന്നു. വിവിധ സ്ഥാപനങ്ങളും കമ്പനികളും അവരുടെ വിവിധ കേന്ദ്രങ്ങളിൽ വരുന്ന ഒഴിവുകൾ സാൻജോസ് അക്കാഡമിയിൽ അറിയിക്കാറുണ്ട്.

നമ്മുടെ ഇടവകകളിൽപ്പെടുന്ന അഭ്യസ്ഥവിദ്യരായ ആളുകൾക്ക് സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടുകയാണെങ്കിൽ ഇത്തരം ജോലി ഒഴിവുകളെ സംബന്ധിച്ചുള്ള അറിവുകൾ കൈമാറുന്നതാണ്.

## IX. വിജയവീഥി ഉപരിപഠന വഴികാട്ടി

സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ്സ്, പ്ലസ് ടു പഠിക്കുന്ന കുട്ടികൾക്ക് പഠനശേഷം തെരെഞ്ഞെടുക്കാവുന്ന വിവിധ കോഴ്സുകളെസംബന്ധിച്ചും പരീക്ഷകളെസംബന്ധിച്ചും വിശദമായി പ്രതിപാദിക്കുന്ന 'വിജയവീഥി ഉപരിപഠന വഴികാട്ടി' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ വിവിധ പരീക്ഷകൾ എഴുതി പുതിയ കോഴ്സുകൾക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് ഇത് ഒരു നല്ല വഴികാട്ടിയായ പുസ്തകമായിരിക്കും. എല്ലാ ഹൈസ്കൂളുകളിലെയും ഹയർസെക്കണ്ടറിയിലെയും കുട്ടികൾക്ക് ഇത് ഉപകാരപ്രദമാവട്ടെ എന്ന് ആശംസിക്കുന്നു. പുസ്തക വില 100 രൂപ . കൂടുതൽ കോപ്പികളെടുക്കുന്നവർക്ക് പ്രത്യേക ഡിസ്കൗണ്ട് നൽകുന്നതാണ്.

## സെമിനാറുകൾ - ക്ലാസ്സുകൾ

22.09.2019 ന് കൊന്നക്കാട് ഇടവകയിൽ ബഹു.പയസ് പടിഞ്ഞാറെമുറിയിൽ അച്ചൻ വി.കുർബ്ബാന അർപ്പിക്കുകയും മാതാപിതാക്കൾക്ക് സംഘടിപ്പിച്ച സെമിനാറിന് നേതൃത്വം നൽകുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

29.09.2019 ന് പടിയോട്ടുച്ചാൽ ഇടവകയിൽ ബഹു. ഡയറക്ടർ അച്ചൻ സൺഡേ സ്കൂൾ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ക്ലാസ്സുകൾ നൽകുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

ഇത്തരത്തിൽ വേദി ഒരുക്കിതന്ന ബഹു. വികാരിയച്ചൻമാർക്കും സൺഡേ സ്ക്കൂൾ അധ്യാപകർക്കും പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു.

## ഹൃദയപൂർവ്വം

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായ സഹകരണങ്ങൾ നല്കിയ ഏവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് ...

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി.

*ഒക്ടോബർ ജപമാല മാസമായി നാം ആചരിക്കുന്നു. കൂടുതൽ ദൈവാനുഗ്രഹങ്ങൾക്കായി പരിശുദ്ധ അമ്മയോട് പ്രത്യേകം പ്രാർത്ഥിക്കാം.*

## സംഘടന ശാക്തീകരണത്തിനായി യൂണിറ്റ്, ഫൊറോനതല സമ്മേളനങ്ങൾ

1. എ.കെ.സി.സി യുടെ യൂണിറ്റ് സമ്മേളനങ്ങൾ ഒക്ടോബർ 20 ന് മുൻപ് നടത്തുവാൻ യൂണിറ്റ് ഭാരവാഹികൾ പരിശ്രമിക്കണം. കർഷകപ്രക്ഷോഭത്തിന്റെ ഈ ദിനങ്ങളിൽ സമര പരിപാടികളിൽ സജീവമായി ഇടപെടുവാനും നേതൃത്വം കൊടുക്കുവാനും കത്തോലിക്കാ കോൺഗ്രസ്സ് തയ്യാറാവുകയാണ്. അതിനാൽ കൂട്ടായ്മകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളെയും കുടുംബ കൂട്ടായ്മ കൺവീനർമാരെയും കത്ത് കൊടുത്ത് വിളിച്ച് ഇടവകതല യോഗം നടത്തുവാൻ നിലവിലുള്ള ഭാരവാഹികൾ ശ്രദ്ധിക്കണം. ബഹുമാനപ്പട്ട വികാരിയച്ചൻമാരോട് ആലോചിച്ച് സമയവും തിയതിയും തീരുമാനിച്ച് പള്ളിയിൽ വിളിച്ചു പറഞ്ഞാണ് സംഘടിപ്പിക്കേണ്ടത്.

2. നവംബർ പകുതിക്കു മുൻപ് ഫൊറോനതല സമ്മേളനങ്ങൾ സംഘടിപ്പിക്കണം. ഫൊറോന ഭാരവാഹികൾ ഫൊറോന ഡയറക്ടർ അച്ചനെ കണ്ട് സമയം നിശ്ചയിക്കണം. കുടുംബ കൂട്ടായ്മ ഭാരവാഹികളിൽ നിന്ന് ശക്തരായ ആളുകളെ കണ്ടെത്തി ഫൊറോന ഭാരവാഹികളെ തീരുമാനിക്കണം. താല്പ്പര്യമില്ലാത്തവരെ മാറ്റി പുതിയ ആളുകളെ ചേർത്ത് സംഘടന ശക്തിപ്പെടുത്തണം. ഫൊറോന സമ്മേളനങ്ങളിൽ അതിരൂപത ഡയറക്ടറും രൂപത ഭാരവാഹികളും പങ്കെടുക്കുന്നതാണ്.

## വീരസൈനിക കൂട്ടായ്മ

വിരമിച്ച സൈനികരുടെ സമ്മേളനം ഒക്ടോബർ 8 ന് ചൊവ്വാഴ്ച 2 മണി മുതൽ 4 മണിവരെ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ ചേരുന്ന വിവരം അറിഞ്ഞു കാണുമല്ലോ. AKCC ഭാരവാഹികൾ ഇത്തരക്കാരെ കണ്ടെത്തി പറഞ്ഞയക്കുവാൻ പ്രത്യേക താല്പ്പര്യം കാണിക്കണം.

## കേന്ദ്രമന്ത്രി വി. മുരളീധരന് നിവേദനം

08.09.2019 ന് കാർഷിക മേഖലയിലെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ. മുരളീധരന് കത്തോലിക്കാ കോൺഗ്രസ്സ് അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ നിവേദനം നൽകി. കാർഷിക വിളകളുടെ വിലയിടിവ്, വന്യമൃഗശല്യം തുടങ്ങിയ വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ നിവേദനമാണ് അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനിയുടെ സാന്നിധ്യത്തിൽ സമർപ്പിച്ചത്. ഡയറക്ടർ ഫാദർ

മാത്യു ആശാരിപറമ്പിൽ, പ്രസിഡന്റ് ദേവസ്യ കൊങ്ങോല, ട്രഷറർ ബെന്നി പുതിയാംപുറം എന്നിവരാണ് നിവേദക സംഘത്തിലുണ്ടായിരുന്നത്.

## അതിരൂപത എക്സിക്യൂട്ടീവ് യോഗം

കത്തോലിക്കാ കോൺഗ്രസ്സ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് യോഗം 17.09.2019 ന് ചൊവ്വാഴ്ച തലശ്ശേരി സന്ദേശഭവനിൽ ചേർന്നു. യോഗം കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ ഡയറക്ടർ റവ.ഫാ.ജിയോ കടവി ഉദ്ഘാടനം ചെയ്തു. യൂണിറ്റ്, ഫൊറോന കമ്മിറ്റികൾ വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു. അതിരൂപതയുടെ നേതൃത്വത്തിൽ വിവിധ ഘട്ടങ്ങളിലായി നടത്തുന്ന കർഷകപ്രക്ഷോഭപരിപാടികൾ വിജയിപ്പിക്കേണ്ടതാണ്. കർഷക സമരങ്ങളിൽ മുഴുവൻ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരുടെയും നേതാക്കളുടെയും സജീവ സാന്നിധ്യം ഉണ്ടാകണമെന്ന് യോഗം തീരുമാനിച്ചു. ദുബായിൽവെച്ച് നടക്കുന്ന ഗ്ലോബൽ സമ്മേളനത്തിന്റെ പ്രസക്തി, കത്തോലിക്കാ കോൺഗ്രസ്സിനെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത എന്നിവ സംബന്ധിച്ച് ഗ്ലോബൽ ഡയറക്ടർ വിവരിച്ചു. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അദ്ധ്യക്ഷം വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ.മാത്യു ആശാരിപറമ്പിൽ, ഗ്ലോബൽ ജനറൽ സെക്രട്ടറി അഡ്വ. ടോണി പുഞ്ചകുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. ഭാഷയുടെ പേരിൽ ജനങ്ങളെ തമ്മിടലടിപ്പിക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തിൽ യോഗം ഉൽകണ്ഠ രേഖപ്പെടുത്തി.

## ഗ്ലോബൽ സമ്മേളനം ദുബായ്

കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ സമ്മേളനം സെപ്തംബർ 30, ഒക്ടോബർ 1 തീയതികളിൽ ദുബായിൽ വെച്ച് നടക്കുന്നു. നമ്മുടെ അതിരൂപതയിൽ നിന്ന് ആർച്ചു ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട്, പ്രതിനിധികളായി ഗ്ലോബൽ ജനറൽ സെക്രട്ടറി അഡ്വ. ടോണി പുഞ്ചകുന്നേൽ, അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല, ഗ്ലോബൽ വർക്കിംഗ് കമ്മിററി മെമ്പർ ജോണി വടക്കേക്കര, ജനറൽ സെക്രട്ടറി ചാക്കോച്ചൻ കാരാമയിൽ, ട്രഷറർ ബെന്നി പുതിയാംപുറം, വിശിഷ്ടാതിഥിയായി ബഹുമാനപ്പെട്ട സണ്ണി ജോസഫ് MLA എന്നിവരാണ് പങ്കെടുക്കുന്നത്. സമ്മേളനത്തിന്റെ വിജയത്തിനായി എല്ലാവരുടെയും പ്രാർത്ഥനാ സഹായം അപേക്ഷിക്കുന്നു.

സ്നേഹപൂർവ്വം,

| | |
|---|---|
| **ദേവസ്യ കൊങ്ങോല** | **ഫാ. മാത്യു ആശാരിപറമ്പിൽ** |
| അതിരൂപതാപ്രസിഡന്റ് | ഡയറക്ടർ |

# വിമൽ ജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

## പ്ലേസ്മെന്റ് വാർത്തകൾ

- 22.08.2019ന് ഇന്ത്യൻ നേവി വടക്കൻ മലബാറിലെ പ്രമുഖ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി വിമൽ ജ്യോതിയിൽ വച്ച് പൂൾ കാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിച്ചു. വിവിധ കോളേജുകളിൽ നിന്നായി 100-ലധികം വിദ്യാർത്ഥികൾ പങ്കെടുത്തു.
- പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ 31.08.2019ന് TCS ഫൈനൽ ഇന്റർവ്യൂവിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനായി ഒരു സെഷൻ സംഘടിപ്പിക്കുകയുണ്ടായി. എല്ലാ ബ്രാഞ്ചുകളിൽനിന്നും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ 10 വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടായിരുന്നു ഈ പ്രോഗ്രാം സംഘടിപ്പിച്ചത്.
- കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിന്റെയും പ്ലേസ്മെന്റ് സെല്ലിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഐ.ടി മേഖലയിലെ നൂതന സാങ്കേതികവിദ്യകളെക്കുറിച്ചും തൊഴിൽ അവസരങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനായി 03.09.2019ന് സെമിനാർ സംഘടിപ്പിച്ചു. HAMON TECHNOLOGIES ന്റെയും LYCAEM SOFTWARES ന്റെയും മാനേജിംഗ് ഡയറക്ടേഴ്സ് ആയ ശ്രീ.നൗഫൽ ഇബ്രാഹിമും, ശ്രീ.ആസിഫ് ഇ.ടി.വിയും സെമിനാറിന് നേതൃത്വം നൽകി.
- Embedded സോഫ്റ്റ്വെയർ എൻജിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ ഐ.ടി കമ്പനിയായ VVDN Technologies 26.08.2019ന് സംഘടിപ്പിച്ച പൂൾ കാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിൽ നിന്ന് 30 വിദ്യാർത്ഥികൾ പങ്കെടുത്തു.

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയിൽ പുതിയ ബാച്ച് ആരംഭിച്ചു

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ ഇന്ത്യയിലെ പ്രശസ്ത സിവിൽ സർവ്വീസ് പരിശീലന സ്ഥാപനമായ ഡൽഹി ALS ന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് അക്കാദമിയിൽ പുതിയ ബാച്ച് (ആഫ്റ്റർനൂൺ ബാച്ച്) 2019 ആഗസ്ത് 20ന് ആരംഭിച്ചു. 1.45 pm - 3.45 pm , 4.15 pm - 6.15 pm എന്നിങ്ങനെയാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയാണ് യോഗ്യത. സ്റ്റഡി മെറ്റീരിയൽസ്, ടെസ്റ്റ് സീരീസ്, പ്രത്യേക മെന്റൽ എബിലിറ്റി ക്ലാസ്സുകൾ, ഇംഗ്ലീഷ് ഇംപ്രൂവ്മെന്റ് ക്ലാസ്സുകൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ജൂണിൽ ആരംഭിച്ച മോണിംഗ് ബാച്ചും നല്ല രീതിയിൽ മുന്നോട്ടു പോകുന്നു. ആഫ്റ്റർ നൂൺ ബാച്ചിൽ ഇനിയും ചേരാൻ അവസരമുണ്ട്. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

## സോഫ്റ്റ്‌വെയർ രംഗത്തെ തൊഴിൽ പരിശീലന പരിപാടി നടത്തി

അവസാനവർഷ ബി.ടെക് വിദ്യാർത്ഥികൾക്കായി സോഫ്റ്റ്‌വെയർ ഇൻഡസ്ട്രിയിൽ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ നൂതന സാങ്കേതിക വിദ്യയുടെ പരിശീലന പരിപാടിയിൽ സെപ്റ്റംബർ 3ന് ലൈസിയം പ്രോഗ്രാമിന്റെ ഭാഗമായ ഇൻഡസ്ട്രി വിദഗ്ധർ ക്ലാസ്സെടുത്തു.

## സി പ്രോഗ്രാമിംഗ് ക്ലാസ്സ്

സെപ്റ്റംബർ 4,5 തീയതികളിൽ സി പ്രോഗ്രാമിങ്ങിന്റെ അടിസ്ഥാന തത്വങ്ങളുടെ പരിശീലനം സി.എസ്.ഐ അംഗങ്ങൾക്ക് അസി.പ്രൊഫസർ അഖില മാത്യുവിന്റെ നേതൃത്വത്തിൽ നടത്തി.

### IoS ട്രെയിനിംഗ്

അവസാനവർഷ ബി.ടെക് വിദ്യാർത്ഥികൾക്കായി IoS ട്രെയിനിംഗ് അസിസ്റ്റന്റ് പ്രൊഫസർ ഡെറോൾ ഡേവിഡിന്റെ നേതൃത്വത്തിൽ നടത്തി.

## പൈത്തൺ പ്രോഗ്രാമിംഗ്

ഡോ. മനോജ് വി തോമസിന്റെ നേതൃത്വത്തിൽ അധ്യാപകർക്കായി പൈത്തൺ പ്രോഗ്രാമിംഗ് പരിശീലന പരിപാടി നടത്തി.

## അഡ്വാൻസ്ഡ് സി വർക്ഷോപ്പ്

ജൂലൈ 24 മുതൽ 26 വരെ രണ്ടാം വർഷ ബി.ടെക് വിദ്യാർത്ഥികൾക്കായി അഡ്വാൻസ്ഡ് സി എന്ന വിഷയത്തിൽ അസോ. പ്രൊഫ. നീന വി.വി.യുടെയും, കീർത്തിജിത്തിന്റെയും നേതൃത്വത്തിൽ വർക്ഷോപ്പ് നടത്തി.

## മലേഷ്യയിൽ ഇൻഡസ്ട്രിയൽ വിസിറ്റ് നടത്തി

വിമൽ ജ്യോതി എം.ബി.എ കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികളും അദ്ധ്യാപകരും അടങ്ങുന്ന 50 അംഗ ടീം ഇൻഡസ്ട്രിയൽ വിസിറ്റിന്റെ ഭാഗമായി മലേഷ്യൻ പര്യടനം നടത്തി. ആഗസ്റ്റ് 22 മുതൽ 26 വരെ നടത്തിയ ഈ പഠന പര്യടനം വലിയൊരനുഭവമായിരുന്നു.

## സിവിൽ സർവ്വീസ് ഓറിയന്റേഷൻ

ഈ വർഷം സിവിൽ സർവ്വീസ് പരീക്ഷയിൽ 66-ാം റാങ്കോടുകൂടി IAS നേടിയ മലയോര മേഖലയുടെ അഭിമാനമായി മാറിയ ചെറുപുഴക്കാരൻ അർജുൻ മോഹനൻ IAS വിമൽ ജ്യോതി എം.ബി.എ കോളേജ് സന്ദർശിച്ചു. എം.ബി.എ വിദ്യാർത്ഥികളും തൊഴിൽ മേഖലയും എന്ന വിഷയത്തിൽ വിദ്യാർത്ഥികളുമായി സംവദിച്ചു.

## ധനകാര്യമേഖലയിലെ നിക്ഷേപസാധ്യതകളെക്കുറിച്ച് സെമിനാർ നടത്തി

ധനകാര്യമേഖലയിലെ നിക്ഷേപസാധ്യതകളെക്കുറിച്ചും, അത് അഭിമുഖീകരിക്കുന്ന വെല്ലുവിളികളെക്കുറിച്ചും എം.ബി.എ വിദ്യാർത്ഥികൾക്കായി സെമിനാർ സംഘടിപ്പിച്ചു. അക്ക്യുമെൻ കാപ്പിറ്റൽ മാർക്കറ്റ് ഇന്ത്യ ലിമിറ്റഡ് മേധാവി ശ്രീ. ബിനു ജോസഫ് സെമിനാറിന് നേതൃത്വം കൊടുത്തു.

## എം.ബി.എ - പ്ലേസ്‌മെന്റ് വാർത്തകൾ

പ്രമുഖ കമ്പനികളും ബാങ്കുകളും കോളേജുകളിൽ നടത്തിയ അഭിരുചി പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ 15ഓളം വിദ്യാർത്ഥി

കൾ തിരഞ്ഞെടുക്കപ്പെട്ടു. തിരുവനന്തപുരം ടെക്നോപാർക് കേന്ദ്രമായി പ്രവർത്തിക്കുന്ന Investment, Extramarks, Skyline Builders, Catholic Syrian Bank, Canara Bank, ESAF Bank തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളിലേയ്ക്കാണ് സെലക്ട് ചെയ്യപ്പെട്ടത്.

## KMAT KERALA 2020 - അപേക്ഷകൾ ആഗസ്റ്റ് 16 മുതൽ

2020 അദ്ധ്യയന വർഷത്തെ എം.ബി.എ പ്രവേശനത്തിന് അർഹത നേടുന്നതിന് വേണ്ടിയുള്ള പ്രവേശനപരീക്ഷയായ KMAT കേരള, 2019 ഡിസംബർ 1ന് നടത്തുന്നതാണ്. അപേക്ഷകൾ ആഗസ്റ്റ് 16 മുതൽ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 10.11.2019 വൈകുന്നേരം 4 മണി വരെ ആണ്. അപേക്ഷാഫീസ് ജനറൽ വിഭാഗത്തിന് 1000 രൂപയും SC/ST വിഭാഗത്തിന് 750 രൂപയുമാണ്.

KMAT, CMAT, CAT എന്നീ പ്രവേശന പരീക്ഷകളിൽ ഏതെങ്കിലും ഒന്നിൽ അർഹത നേടുന്നവർക്കുമാത്രമേ കേരളത്തിലെ എം.ബി.എ കോളേജുകളിൽ പ്രവേശനം ലഭിക്കുകയുള്ളു. ബിരുദധാരികൾക്കും, അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് kmatkerala.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

KMAT KERALA 2020 ന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് വിമൽ ജ്യോതി എം.ബി.എ കോളേജിന്റെ ആഭിമുഖ്യത്തിൽ താഴെപറയുന്ന സ്ഥലങ്ങളിൽ വച്ച് സൗജന്യ KMAT പരിശീലനക്ലാസ്സുകൾ നടത്തുന്നു. താല്പര്യമുള്ളവർക്ക് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. നവംബർ 2ന് ബത്തേരി, മാനന്തവാടി, നവംബർ 9ന് ചെറുപുഴ, ആലക്കോട്, നവംബർ 16ന് ഇരിട്ടി, നവംബർ 23,24,25 തീയതികളിൽ ചെമ്പേരി വിമൽ ജ്യോതി എം.ബി.എ കോളേജിൽ വച്ചും നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 9400512240, 8943615547, 0460 2213900.

## വിമൽ ജ്യോതി -ജീസസ് യൂത്ത്

ഈ വർഷം വിമൽ ജ്യോതിയിൽ അഡ്മിഷൻ നേടിയ കത്തോലിക്കരായ വിദ്യാർത്ഥികളുടെ ജീസസ് യൂത്ത് ഇനിസിയേഷൻ പ്രോഗ്രാം, ആഗസ്റ്റ് 31, സെപ്തംബർ 1 തീയതികളിൽ കോളേജ് ഓഡിറ്റോറിയത്തിൽവച്ച് നടത്തി. കണ്ണൂർ രൂപതാ ബിഷപ്പ് റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല പിതാവ് ഉദ്ഘാടനം ചെയ്തു. നൂറിലധികം കുട്ടികൾ പങ്കെടുത്ത കൂട്ടായ്മയ്ക്ക് ജീസസ് യൂത്ത് കണ്ണൂർ സോണിന്റെ ചാപ്ലിൻ റവ. ഫാ. ഷിറോൺ, കോർഡിനേറ്റർ മിസ്റ്റർ ഷോണിറ്റ്, വിമൽ ജ്യോതി ചാപ്ലിൻ റവ. ഫാ. ബിബിൻ വരമ്പകത്ത്, കോളേജ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ റവ. ഫാ. സുബിൻ റാത്തപ്പിള്ളി എന്നിവർ നേതൃത്വം കൊടുത്തു.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**

മാനേജർ

# നിർമ്മലഗിരി വാർത്തകൾ

## 1. Beat the Air Pollution Campaign

നിർമലഗിരി കോളേജ് ബോട്ടണി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ബീറ്റ് ദി എയർ പൊലൂഷൻ കാംപയിൻ സംഘടിപ്പിച്ചു. മട്ടന്നൂർ പി.ആർ.എൻ.എസ്.എസ്. കോളേജ് ബോട്ടണി വിഭാഗം മേധാവി ഡോ.ബാലകൃഷ്ണൻ പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു. അന്തരീക്ഷ മലിനീകരണം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വൃക്ഷതൈകൾ വിതരണം ചെയ്തു. പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി., ബർസാർ റവ. ഫാ. ഷാജി തെക്കേമുറി, IQAC കോ-ഓർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ, ബോട്ടണി വിഭാഗം മേധാവി ഡോ. ഡെന്നി ഫിലിപ്പ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

## 2. പ്രസംഗ മത്സരം

സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ഹിസ്റ്ററി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പ്രസംഗമത്സരം സംഘടിപ്പിച്ചു. ഒന്നാംവർഷ കൊമേഴ്സ് വിദ്യാർത്ഥിനി മരിയ ടോമി ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഒന്നാം വർഷ വിദ്യാർത്ഥികളായ ആൽവിൻ ടി. സണ്ണി (കെമിസ്ട്രി), ശ്രീനന്ദന (സുവോളജി) രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

## 3.എൻ.സി.സി. ദശദിന ക്യാമ്പ്

31 കേരള എൻ.സി.സി. ബറ്റാലിയൻ ദശദിന ക്യാമ്പ് നിർമലഗിരി കോളേജിൽ സംഘടിപ്പിച്ചു. മന്ത്രി കെ.കെ.ഷൈലജ ഉദ്ഘാടനം ചെയ്തു. കേണൽ ജോസ് അബ്രഹാം, ബർസാർ ഫാ. ഷാജി തെക്കേമുറിയിൽ, ലെഫ്.ഡോ. ടി. കെ. സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. ഫയറിംഗ് പരിശീലനത്തോടൊപ്പം യോഗ, ക്രോസ് കൺട്രി, ആനുകാലിക വിഷയങ്ങളിലൂന്നിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ ക്യാമ്പിനെ സജീവമാക്കി. ആറ് കമ്പനികളിൽ ചാമ്പ്യൻ കമ്പനിയായി ആൾഫയെ തെരഞ്ഞെടുത്തു. സീനിയർ വിഭാഗത്തിൽ അഖിൽ കെ.എസ്., റുക്ത കെ., ജൂനിയർ വിഭാഗത്തിൽ ഷാഹിർ താപ്പ, ശ്രവ്യ ദാസ് എന്നിവർ ബെസ്റ്റ് കാഡറ്റുകൾക്കുള്ള അവാർഡിന് അർഹരായി. ചടങ്ങിനോടനുബന്ധിച്ച് വിവിധ കലാപരിപാടികൾ അരങ്ങേറി.

സമാപന സമ്മേളനം ക്യാമ്പ് കമാണ്ടന്റ് കേണൽ ജോസ് അബ്രഹാം ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.വി. ഔസേപ്പച്ചൻ അധ്യക്ഷനായി. ലെഫ്.ഡോ.കെ.ജിനേഷ്, ലെഫ്.ഡോ.ടി.കെ.സെബാസ്റ്റ്യൻ, സുബേദാർ മേജർ കെ. സുധീന്ദ്രൻ എന്നിവർ സംസാരിച്ചു.

## 4. ഏകദിന സെമിനാർ

Career opportunities in Physics എന്ന വിഷയത്തെ ആസ്പദമാക്കി ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെയും കരിയർ ഗൈഡൻസ് സെല്ലിന്റെയും നേതൃത്വത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. ശ്രീ. മഹേഷ് മണ്ടയാടൻ ചന്ദ്രോത്ത് (Senior Physicist, North Coast Cancer Research Institute, Paul Marquarie, Australia) ക്ലാസ്സുകൾ നയിച്ചു.

## 5. Centre for Advanced Science

നിർമലഗിരി കോളേജ് ബോട്ടണി വിഭാഗത്തിന്റെയും, ബോട്ടണി അലൂമിനി അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി എൻട്രൻസ് പരിശീലന സെന്റർ ആരംഭിച്ചു. ഡിഗ്രി വിദ്യാഭ്യാസത്തിനുശേഷം ഇന്ത്യയിലെ വിവിധ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടുക എന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് ഈ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് ഏറെ ഉപകാരപ്രദമായ ഈ പ്രോഗ്രാം പയ്യന്നൂർ കോളേജ് ബോട്ടണി വിഭാഗം മേധാവിയും, ബോട്ടണി അലൂമിനി അസോസിയേഷൻ സെക്രട്ടറിയുമായ ഡോ. ഹരികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി. അധ്യക്ഷനായ ചടങ്ങിൽ പ്രൊഫ. പി.ടി. ജോസ്, ഡോ. അൻപിൻ രാജ ആർ.ഡി., ശ്രീമതി. രശ്മി പി. തോമസ് എന്നിവർ സംസാരിച്ചു.

## 6. ബൈക്ക് റാലി

സെപ്റ്റംബർ 13-ന് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ബാലാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ ബൈക്ക് റാലി ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർമലഗിരി കോളേജിൽ വച്ച് ഉദ്ഘാടനം ചെയ്തു. പ്രസ്തുത ചടങ്ങിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ, കണ്ണൂർ ജില്ലാ കളക്ടർ, കണ്ണൂർ റേഞ്ച് ഡി.ഐ.ജി., എ.ഡി.ജി. എൻ.സി.സി. ഡയറക്ടറേറ്റ് കേരള ആന്റ് ലക്ഷദ്വീപ്, കണ്ണൂർ 31 കേരള ബറ്റാലിയൻ എൻ.സി.സി. കമാന്റിംഗ് ഓഫീസർ, നിർമലഗിരി കോളേജ് പ്രിൻസിപ്പാൾ, കണ്ണൂർ ജില്ലാ ശിശുസംരക്ഷണ ഓഫീസർ, രാജ്യസഭ എം.പി. തുടങ്ങിയവർ സംസാരിച്ചു.

**പി.ആർ.ഒ., നിർമലഗിരി കോളേജ്**

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ



*"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,*
*ദൈവരാജ്യത്തിനുവേണ്ടി വീടിനെയോ ഭാര്യയെയോ സഹോദരൻമാരെയോ മാതാപിതാക്കളെയോ സന്താനങ്ങളെയോ ഉപേക്ഷിച്ചവരിലാർക്കും, ഇക്കാലത്തുതന്നെ അവ അനേക മടങ്ങു ലഭിക്കാതിരിക്കുകയില്ല. വരാനിരിക്കുന്ന കാലത്തു നിത്യജീവനും" (മത്തായി 18:29-30)*

## പേരാവൂർ എ.സി. സെമിനാറും വാർഷികവും

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പേരാവൂർ എ.സി.യുടെ ആദ്ധ്യാത്മിക സെമിനാറും വാർഷികവും 2019 ആഗസ്റ്റ് 31-ാം തിയ്യതി ശനിയാഴ്ച നെടുംപുറംചാൽ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വെച്ച് നടന്നു. ഇടവക വികാരി റവ. ഫാ. തോമസ് പതിക്കലിന്റെ കാർമികത്വത്തിൽ വി. ബലിയോടെ സെമിനാർ ആരംഭിച്ചു. പൂപ്പറമ്പ് സെന്റ് അൽഫോൻസ മരിയ ഫുസ്ക്കോ ഇടവക വികാരി റവ. ഫാ. ജോസഫ് റാത്തപ്പിള്ളിൽ ക്ലാസ് നയിച്ചു. പാവങ്ങളെ സഹായിച്ചുകൊണ്ട്, അംഗങ്ങളുടെ വിശുദ്ധീകരണമാണ് സംഘടനയുടെ ലക്ഷ്യം എന്ന് അച്ചൻ പറഞ്ഞു. ഒരു വ്യക്തിയ്ക്ക് ഏതെങ്കിലും നന്മയുടെ കുറവുണ്ടെങ്കിൽ ആ മേഖലയിൽ അയാൾ ദരിദ്രനാണെന്നും സാമ്പത്തികം മാത്രമല്ല ദാരിദ്ര്യം എന്നും അച്ചൻ എടുത്തു പറഞ്ഞു. അതുകൊണ്ട് ഓരോ കോൺഫ്രൻസും അതാത് സ്ഥലത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കി പദ്ധതികൾ ആസൂത്രണം ചെയ്യണമെന്നും ബഹു. അച്ചൻ നിർദ്ദേശിച്ചു. ഈശോയിലേയ്ക്കും, അവിടുത്തെ അനുഗ്രഹങ്ങളിലേയ്ക്കും മറ്റുള്ളവരെ നയിക്കുന്നതാണ് പ്രേഷിത പ്രവർത്തനമെന്നും, നമ്മൾ ഓരോരുത്തരും പ്രേഷിതരാണെന്നും അദ്ദേഹം സമർത്ഥിച്ചു.

തുടർന്ന് 12 മണിക്ക് വാർഷിക സമ്മേളനം ആരംഭിച്ചു. പേരാവൂർ എ.സി. പ്രസിഡന്റ് ബ്ര. ജോർജ് തെക്കേൽ അദ്ധ്യക്ഷത വഹിക്കുകയും, നെടുംപുറംചാൽ സെന്റ് സെബാസ്റ്റ്യൻസ് ഇടവക വികാരി റവ. ഫാ. തോമസ് പതിക്കൽ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഓരോ വിൻസെൻഷ്യനും നല്ല കേൾവിക്കാരൻ ആയിരിക്കണമെന്ന് ബഹു. പതിക്കലച്ചൻ പറഞ്ഞു. തലശ്ശേരി സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാ

രത്തിൽ തന്റെ മുഖ്യ പ്രഭാഷണത്തിൽ സൊസൈറ്റിയുടെ ഈ വർഷത്തെ പ്രത്യേക പ്രവർത്തനമായ നേത്രദാന പദ്ധതിയിൽ Power vision എല്ലാവരും സജീവമായി സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചു. തലശ്ശേരി സി.സി.യുടെ സീനിയർ വൈസ് പ്രസിഡന്റ് ബ്ര. കെ.റ്റി ജോസഫ് കാരിക്കുന്നേൽ, മുൻ പേരാവൂർ എ.സി. പ്രസിഡന്റ് ബ്ര. ബേബി മുളകുകൊടിയാനിക്കൽ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. എ.സി. സിക്രട്ടറി - ബ്ര. ജോർജ് റാത്തപ്പിള്ളിൽ റിപ്പോർട്ട് അവതരിപ്പിക്കുകയും ബ്ര. പാപ്പച്ചൻ മാലത്ത് സദസിന് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. സമാപന പ്രാർത്ഥനയ്ക്ക് ശേഷം സ്നേഹവിരുന്നോടെ പരിപാടികൾ സമാപിച്ചു.

## വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനം ദിനാചരണവും തോമാപുരം എ.സി. സെമിനാറും

വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനം ദിനാചരണവും തോമാപുരം എ.സി. യുടെ ആദ്ധ്യാത്മിക സെമിനാറും സംയുക്തമായി 2019 സെപ്റ്റംബർ 9-ാം തിയ്യതി തിങ്കളാഴ്ച നല്ലോംപുഴ വിൻസെൻഷ്യൻ ഭവനിൽ വെച്ച് നടത്തുകയുണ്ടായി. രാവിലെ 9.30ന് ജപമാലയോടും, തുടർന്ന് ബേഡൂർ സെന്റ് ജോസഫ് ഇടവക വികാരി റവ. ഫാ. മാത്യു പയ്യനാട്ടിന്റെ വിശുദ്ധ ബലിയോടും കൂടി ദിനാചരണം ആരംഭിച്ചു. തുടർന്ന് വി. വിൻസെന്റ് ഡി. പോളിന്റെയും വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെയും ജീവിതത്തെ ആധാരമാക്കി ആയന്നൂർ സെന്റ് ജോർജ് ഇടവക വികാരി റവ. ഫാ. പീറ്റർ കൊച്ചുവീട്ടിൽ ക്ലാസ് നയിച്ചു.

തുടർന്ന് തോമാപുരം എ.സി. പ്രസിഡന്റ് ബ്ര. ജോർജ് ഇടക്കര മൈലിക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന എ.സി. സെമിനാർ, തോമാപുരം സെന്റ് തോമസ് ഫൊറോന വികാരി വെരി. റവ. ഫാ. മാർട്ടിൻ കിഴക്കേതലയ്ക്കൽ ഉദ്ഘാടനം ചെയ്തു. ആയന്നൂർ സെന്റ് ജോർജ് ഇടവക വികാരി റവ. ഫാ. പീറ്റർ കൊച്ചുവീട്ടിൽ, ബേഡൂർ സെന്റ് ജോസഫ് ഇടവക വികാരി റവ. ഫാ. മാത്യു പയ്യനാട്ട് എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തി. സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിനെ അനുസ്മരിച്ച് മുഖ്യ പ്രഭാഷണം നടത്തി. സി.സി. സീനിയർ വൈസ് പ്രസിഡന്റ് ബ്ര. കെ.റ്റി. ജോസഫ് കാരിക്കുന്നേൽ സി.സി. ജനറൽ സെക്രട്ടറി ബ്ര. പൗലോസ് പാറേടം, ചെറുപുഴ എ.സി. പ്രസിഡന്റ് ബ്ര. ഫിലിപ്പ് പാറേക്കാട്ട്, തോമാപുരം സെന്റ് തോമസ് കോൺഫ്രൻസ് അംഗമായ ബ്ര. ബിനോയി പുതിയമംഗലം എന്നീവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഓസാനാമിനെ വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രാർത്ഥനയുടെ പതിപ്പ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിന് നൽകി. റവ. ഫാ. മാർട്ടിൻ കിഴക്കേതലയ്ക്കൽ പ്രകാശനം ചെയ്തു. സമ്മേളനത്തിൽ ബ്ര. സണ്ണി നെടിയകാലായിൽ

സ്വാഗതവും തോമാപുരം എ.സി. സിക്രട്ടറി ബ്ര. ടോമി ഇടക്കര മൈലക്കൽ നന്ദിയും രേഖപ്പെടുത്തി. പ്രസ്തുത സമ്മേളനത്തിൽ സി.സി. ഭാരവാഹികൾ, എ.സി. പ്രസിഡന്റുമാർ, വിവിധ കോൺഫ്രൻസ് അംഗങ്ങൾ, വിൻസെൻഷ്യൻ ഭവനിലെ അംഗങ്ങൾ, തുടങ്ങി നൂറോളം അംഗങ്ങൾ പങ്കെടുത്തു. സമാപന പ്രാർത്ഥനയ്ക്ക്ശേഷം സ്നേഹവിരുന്നോടെ ഓസാനാം ദിനാചരണവും സെമി നാറും അവസാനിച്ചു.

## ചെമ്പേരി എ.സി. സെമിനാർ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ചെമ്പേരി എ.സി.യുടെ 2019 -20 വർഷത്തെ പ്രഥമ ആദ്ധ്യാത്മിക സെമിനാർ 15-9-2019ന് ചെമ്പേരി സെന്റ് അൽഫോൻസാ ഓഡിറ്റോറിയത്തിൽവെച്ച് നടന്നു. ചെമ്പേരി എ.സി. പ്രസി ഡന്റ് ബ്ര. മാത്യു ഫിലിപ്പ് ചേരിക്കതൊടുകയിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സെമിനാർ, ചെമ്പേരി ലൂർദ്ദ് മാതാ ഫൊറോന വികാരി റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടനം ചെയ്തു. ചെമ്പേരി കരുണാലയം ഡയറക്ടർ റവ. ഫാ. ബെന്നി പുത്തൻനട ക്ലാസ് നയിച്ചു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നാഷണൽ വനിതാ പ്രതിനിധി സിസ്റ്റർ ജോളി സെബാ സ്റ്റ്യൻ കാരക്കുന്നേൽ ആശംസയർപ്പിച്ച് സംസാരിച്ചു. ചെമ്പേരി എ.സി. വൈസ്. പ്രസിഡന്റ് ബ്ര. ജോസ് ചിറ്റേട്ട് സ്വാഗതവും, എ.സി. സെക്രട്ടറി ബ്ര. ലൂക്കോസ് തൊട്ടിയിൽ നന്ദിയും രേഖപ്പെടുത്തി. സെമിനാറിൽ 72 അംഗങ്ങൾ പങ്കെടു ത്തു. സമാപന പ്രാർത്ഥനയ്ക്കുശേഷം സ്നേഹവിരുന്നോടെ സെമിനാർ സമാ പിച്ചു.

സ്നേഹപൂർവ്വം,

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**
സി.സി. പ്രസിഡന്റ്

# പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം

## എ.എ. സംഗമം നടത്തി

സെപ്തംബർ ഒന്നിന് ചികിത്സാകേന്ദ്രത്തിൽ വച്ച് ലഹരിവിമോചിതരുടെ കുടുംബസംഗമം നടത്തപ്പെട്ടു. ഫാ. ഡയറക്ടർ അധ്യക്ഷത വഹിച്ച യോഗത്തിൽ A.D.S.U. ഉപദേശക സമിതി അംഗം അഡ്വ. സി.ഒ.ടി. ഉമ്മർ ഉദ്ഘാടനം നിർവഹിച്ചു. സന്തോഷകരമായ കുടുംബജീവിതത്തിന്റെ പുത്തൻ മാനങ്ങളെക്കുറിച്ച് ഡോ. സെബാൻ ചെരിപുറത്ത് ക്ലാസ്സെടുത്തു. സമ്മേളനത്തോടനുബന്ധമായി ലഹരി വിമോചിതരുടെ അനുഭവസാക്ഷ്യങ്ങൾ ഉണ്ടായിരുന്നു. ഇ.വി. നാരായണൻ, ടി.സി. തോമസ്, സി. തെരേസ് എന്നിവർ പ്രസംഗിച്ചു. കൗൺസിലർമാരായ മനു മാത്യു സ്വാഗതവും സിസ്റ്റർ ഷാന്റി നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന ഗ്രൂപ്പ് കൗൺസിലിന് ഫാ. ഡയറക്ടറും കൗൺസിലർമാരും നേതൃത്വം നൽകി.

## അഗതി ദിനം ആചരിച്ചു

വി. മദർ തെരേസായുടെ ഓർമദിനമായ സെപ്തംബർ അഞ്ചിന് അഗതിദിനമായി ആചരിച്ചു. ചികിത്സാ കേന്ദ്രത്തിലും പൊന്ന്യം ലെവുക്കാ കോൺവെന്റിലും ശുശ്രൂഷ ചെയ്യുന്ന ബഹു. സിസ്റ്റേഴ്സിനെ അന്ന് ആദരിച്ചു. സമ്മേളനത്തിൽ ഫാ. ഡയറക്ടർ സ്വാഗതം പറഞ്ഞു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി മുഖ്യാധിഥിയായിരുന്നു. എല്ലാ സിസ്റ്റേഴ്സിനെയും പൊന്നാട അണിയിച്ച് ആദരിക്കുകയും സന്യസ്തരുടെ വിവിധങ്ങളായ സേവനങ്ങളെ പ്രത്യേകം അനുസ്മരിക്കുകയും ചെയ്തു. സിസ്റ്റർ തെരേസ്, മനു മാത്യു എന്നിവർ പ്രസംഗിച്ചു.

## ഓണാഘോഷം

സെന്ററിലുള്ള ചികിത്സാർത്ഥികൾക്കായി 10-ാം തിയതി വിവിധങ്ങളായ മത്സരപരിപാടികളും ഓണസദ്യയും സംഘടിപ്പിക്കപ്പെട്ടു. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

## ബോധവൽക്കരണ ക്ലാസ് നിർമലഗിരിയിൽ

സെപ്തംബർ 15ന് നിർമ്മലഗിരി ഇടവകയിൽ മുതിർന്നവർക്കായി ലഹരി വിരുദ്ധ ക്ലാസ്സെടുക്കുകയും വിശ്വാസ പരിശീലന വിദ്യാർത്ഥികൾക്ക് ലഹരിവിരുദ്ധ സെമിനാർ നടത്തുകയും ചെയ്തു. ഫാ. ഡയറക്ടർ ക്ലാസുകൾക്ക് നേതൃത്വം നൽകി. എല്ലാ ക്രമീകരണങ്ങളും നടത്തിയ ഫാ. ഷാജി തെക്കേമുറിക്ക് ഹൃദ്യമായ നന്ദി.

## ലഹരിവിരുദ്ധ സെമിനാർ കിളിയന്തറയിൽ

സെപ്തംബർ 22-ന് രാവിലെ മുതിർന്നവർക്കുള്ള കുർബാന മധ്യേയും വിശ്വാസ പരിശീലന വിദ്യാർത്ഥികൾക്കായി അടുത്ത കുർബാനമധ്യേയും പ്രത്യേകം ക്ലാസ്സുകളെടുത്തു. തുടർന്ന് സൺഡേസ്കൂൾ പി.ടി.എക്ക് വേണ്ടി

# എ.ഡി.എസ്.യു.

## മിനി എക്സിക്യൂട്ടീവ് മീറ്റിംഗ്

സെപ്തംബർ 15-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് എ.ഡി.എസ്.യു ഓഫീസിൽ വച്ച് മിനി എക്സിക്യൂട്ടീവ് മീറ്റിംങ്ങ് നടത്തപ്പെട്ടു. എ.ഡി.എസ്.യുവിന്റെ ആഭിമുഖ്യത്തിൽ സ്ക്കൂൾ കുട്ടികൾക്കായി നടത്തപ്പെടുന്ന കലോത്സവത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ഓഫീസ് വർക്കുകൾ ചെയ്യുകയും ചെയ്തു. എ. ഡി. എസ്.യു ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാകുളം, ചീഫ് കോഡിനേറ്റർ അഡ്വ. മനോജ്.എം. കണ്ടത്തിൽ, ചീഫ് ആനിമേറ്റർ ആൽബിൻ മണ്ടുംപാല, എക്സിക്യൂട്ടീവ് മെമ്പർ ജോർജ് പി.എ, കോ-ഓഡിനേറ്റർ ലൂസീന എസ്.എച്ച്. എന്നിവർ പങ്കെടുത്തു.

---

സെമിനാറും നടത്തപ്പെട്ടു. ഫാ. ഡയറക്ടർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഇടവക വികാരി ഫാ. മാത്യു പോത്തനാമല സ്വാഗതവും സിനി ചക്യത്ത് ടീച്ചർ നന്ദിയും പറഞ്ഞു. ക്ലാസുകൾ സംഘടിപ്പിക്കാൻ മുൻകൈ എടുത്ത വികാരിയച്ചനും സൺഡേ സ്കൂൾ പി.റ്റി.എയ്ക്കും അഭിനന്ദനങ്ങൾ.

## പ്രതീക്ഷാ 36-ാം വാർഷികം

നവംബർ മൂന്നിന് രാവിലെ 10-മണിക്ക് പൊതുസമ്മേളനം ആരംഭിക്കും. ഉച്ചകഴിഞ്ഞ് 2 മണിക്ക് അവസാനിക്കുന്നതുമാണ്. നമ്മുടെ ഇടവകകളിൽ നിന്നും പ്രതീക്ഷാ ചികിത്സാകേന്ദ്രത്തിൽ ചികിത്സാ നടത്തിയിട്ടുള്ളവരെ ഇക്കാര്യം 'ഗിരിദീപ'ത്തിന്റെ മാന്യവായനക്കാർ അറിയിച്ച് പറഞ്ഞുവിട്ടാൽ ഉപകാരമായിരുന്നു.

## എ.എ. മീറ്റിംഗുകൾ

ചികിത്സാ കഴിഞ്ഞു പോകുന്നവർക്കുള്ള തുടർ ചികിത്സാ ഭാഗമായുള്ള ഒരു സംവിധാനമാണ് എ.എ. മീറ്റിംഗുകൾ. പല പ്രദേശത്തും ഇവ നടത്തപ്പെടുന്നുണ്ട്. പ്രതീക്ഷയിൽ എല്ലാ മാസവും ആദ്യ ഞായറാഴ്ചയാണ് നടത്തപ്പെടുന്നത്. ചികിത്സകഴിഞ്ഞുപോകുന്നവരെ ഇത്തരം എ.എ. മീറ്റിംഗുകളിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കണേ. മരുന്നും ഗ്രൂപ്പു കൗൺസിലിംഗും അവർക്ക് നൽകപ്പെടുന്നതുമാണ്.

**ഫാ.ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

## എ.ഡി.എസ്.യു സാഹിത്യോത്സവം നടത്തപ്പെട്ടു

സെപ്തംബർ 17-ാം തീയ്യതി എ.ഡി.എസ്.യുവിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലുള്ള നൂറിൽപരം സ്കൂളുകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്കായി ലഹരിവിരുദ്ധ സാഹിത്യരചനാ മത്സരങ്ങൾ നടത്തപ്പെട്ടു. കാസർഗോഡ് ജില്ലയിലെ വിദ്യാർത്ഥികൾക്കായി ചിറ്റാരിക്കൽ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തപ്പെട്ട സാഹിത്യോത്സവത്തിന്റെ ഉദ്ഘാടനം പ്രിൻസിപ്പാൾ ടോം ജോസ് നിർവ്വഹിച്ചു. സി. മേഴ്സി. എസ്.എ.ബി.എസ്, സി. ആൽഫി എസ്. എ.ബി.എസ്, സോളിയ സെബാസ്റ്റ്യൻ, തോമസ് കെ.ജെ, ജോബി ജോൺ എന്നിവർ നേതൃത്വം നൽകി.

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് പാരീഷ്ഹാളിൽ വച്ചും ഇരിട്ടി സെന്റ് ജോസഫ് പാരിഷ്ഹാളിൽ വച്ചും വിവിധ ഇനങ്ങളിലുള്ള സാഹിത്യരചനാ മത്സരങ്ങൾ സംഘടിക്കപ്പെട്ടു. മഞ്ജുഷ എം. കണ്ടത്തിൽ, ജോഷി പാരിക്കാപള്ളി, റീന ചെറിയാൻ, ആൽബിൻ മണ്ടുംപാല എന്നിവർ ഇരിട്ടിയിലും സി. റിൻസി ജോസ് എസ്.എച്ച്.സി. സോഫിയ മാത്യു എസ്.എച്ച്.സി. ലൂസീന എസ്.എച്ച് ഷിനോ പാറയ്ക്കൽ. അക്കാമ്മ സേവ്യർ, ആനി റോബർട്ട്, മേരിക്കുട്ടി തോമസ് എന്നിവർ തളിപ്പറമ്പിലും നേതൃത്വം നൽകി. അറുനൂറിലധികം വിദ്യാർത്ഥി പ്രതിഭകൾ മത്സരങ്ങളിൽ പങ്കെടുത്തു.

മത്സരങ്ങൾ നടത്തപ്പെട്ട സ്ഥലങ്ങളിലെ തോമാപുരം, സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ, തളിപ്പറമ്പ് സെന്റ് മേരീസ് തീർത്ഥാടന ദേവാലയ വികാരി ഫാ. അബ്രഹാം പോണാട്ട്, ഇരിട്ടി സെന്റ് ജോസഫ് ദേവാലയ വികാരി ഫാ. ജോസഫ് മഞ്ചപ്പള്ളി എന്നിവർക്ക് ഹൃദ്യമായ നന്ദി.

**പ്രത്യേക ശ്രദ്ധയ്ക്ക്**

## ലഹരി വിരുദ്ധ കലോത്സവം

സെപ്തംബർ 21-ാം തിയ്യതി നടത്താനിരുന്ന എ.ഡി.എസ്.യു കലോത്സവം ചില സാങ്കേതിക കാരണങ്ങളാൽ മാറ്റിവയ്ക്കുകയും പ്രസ്തുത കലോത്സവം ഒക്ടോബർ 12-ാം തീയതി രണ്ടാം ശനിയാഴ്ച ചെമ്പേരി നിർമ്മല സ്കൂൾ സമുച്ചയത്തിൽ വച്ച് നടത്തുന്നതുമാണ്. ദയവായി എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ആശംസകളോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ.

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

സെപ്തംബർ 3ന് ചൊവ്വാഴ്ച മണ്ഡപം ഇടവക സെപ്തം 4 ബുധനാഴ്ച തയ്യേനി ഇടവക, സെപ്തംബർ 5 വ്യാഴം നീലേശ്വരം ഇടവക എന്നിവിടങ്ങളിൽ പ്രകാശിതമായ കുടുംബവും ഇടവകയും എന്ന സായാഹ്ന കൺവെൻഷൻ സംഘടിക്കപ്പെട്ടു. വികാരിമാരായ ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, ഫാ. മാത്യു ഓലിക്കൽ, ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് എന്നിവർക്കുള്ള കൃതജ്ഞത സമർപ്പിക്കുന്നു.

**ദ്വിദിന സെമിനാറും മദ്യവിരുദ്ധ സമിതി, മുക്തിശ്രീ യൂണിറ്റ് രൂപീകരണവും തടിക്കടവിൽ**

സെപ്തംബർ 6 വെള്ളി 7 ശനി എന്നീ ദിനങ്ങളിൽ വൈകു. 4 മണിമുതൽ 8.30വരെ ദ്വിദിനസെമിനാർ തടിക്കടവ് ഇടവകയിൽ നടന്നു. അവസാന ദിവസം കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ എന്നീ സംഘടനകൾ രൂപീകരിച്ചു. വികാരി ഫാ. ജോർജ്ജ് ഇലക്കുന്നേൽ എല്ലാം ഭംഗിയായി ക്രമീകരിച്ചു. ഹൃദയംഗവമായ നന്ദി.

**ആനറ ഇടവകാ ദിനാഘോഷവും ലഹരിമുക്ത സന്ദേശവും**

സെപ്തംബർ 8ന് വിപുലമായ രീതിയിൽ ആനറ ഇടവകയിൽ ഇടവകാദിനാചരണം നടന്നു. സുവർണ്ണ ജൂബിലി ആഘോഷിച്ചു 80 ദമ്പതിമാരെ ഡയറക്ടറച്ചൻ ആദരിച്ചു. ലഹരി മുക്ത ജീവിതത്തിന്റെ പ്രസക്തി, എന്ന വിഷയത്തിൽ പ്രസംഗിക്കുകയും ചെയ്തു. ഭംഗിയായി എല്ലാം ക്രമീകരിച്ച വികാരി ഫാ. സെബാസ്റ്റ്യൻ മണപാത്തുപറമ്പിലിന് നന്ദി.

**കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ മേഖലാ പ്രസിഡന്റുമാരുടെയും അതിരൂപതാ സ്റ്റിയറിംഗ് കമ്മിറ്റിയുടേയും സംയുക്ത സമ്മേളനം**

സെപ്തംബർ 10 ചൊവ്വാഴ്ച രാവിലെ 10.30 മുതൽ 1.30വരെ സന്ദേശഭവനിൽ വെച്ച് സംയുക്ത സമ്മേളനം നടന്നു. അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട് സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോസ്‌ലറ്റ് മാത്യു അദ്ധ്യക്ഷത വഹിച്ചു. സ്ഥാപകട ഡയറക്ടർ ഫാ. തോമസ് തൈത്തോട്ടം അനുഗ്രഹഭാഷണവും, സംഘടനകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി പ്രതീക്ഷാ ഡയറക്ടർ റവ. ഡോ. ജോൺസൺ അന്ത്യാംകുളം സെമിനാറും നയിച്ചു.

സമ്മേളനത്തിൽ വെച്ച് സെപ്തംബർ – ജനുവരി പ്രവർത്തന മാർഗ്ഗരേഖ മാർ ജോർജ്ജ് ഞറളക്കാട് പ്രകാശനം ചെയ്ത് അതിരൂപതാ പ്രസിഡന്റുമാരായ ഡോ. ജോസ്‌ലെറ്റ് മാത്യുവിനും, ശ്രീമതി മാർഗരറ്റ് മാത്യുവിനും നൽകി.

ലഹരി വിരുദ്ധ സമരം ധാർമിക പോരാട്ടമാണെന്നും തദവസരത്തിൽ പിതാവ് ഉദ്ബോധിപ്പിച്ചു. ജനറൽ സെക്രട്ടറിമാരായ ആന്റണി മേൽവെട്ടം, റോസിലി കാരിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

## സ്റ്റിയറിംഗ് കമ്മറ്റി സമ്മേളനം

സെപ്തംബർ രണ്ടാംവാരത്തിൽ സന്ദേശഭവനിൽ വെച്ച് നടന്നു. കെ.സി.ബി.സി. മദ്യവിരുദ്ധസമിതി പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യു അദ്ധ്യക്ഷത വഹിച്ചു. മുക്തിശ്രീ പ്രസിഡന്റ് മാർഗ്ഗരറ്റ് മാത്യു ചർച്ചകൾക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് 1.45 മുതൽ 3. 45വരെ സമ്മേളിച്ചു. കർഷക പ്രക്ഷോഭത്തിന് പിന്തുണ പ്രഖ്യാപിച്ചു.

## രണ്ട് പ്രമേയങ്ങൾ സർക്കാരിന് നല്കി

സമാനതകളില്ലാതെ പ്രസിസന്ധികളിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കുന്ന കേരള കർഷകരുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് സർക്കാർ ഉടൻ പരിഹാരം കാണണമെന്ന് കെ.സി.ബി.സി. മദ്യവിരുദ്ധ സമതി കേരള സർക്കാരിനോട് അഭ്യർത്ഥിച്ചു. സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ശ്രീ. തങ്കച്ചൻ കൊല്ലക്കൊമ്പിൽ പ്രമേയം അവതരിപ്പിച്ചു.

കത്തോലിക്കാ സഭയേയും സമർപ്പിതരേയും സഭാസംവിധാനങ്ങളേയും ആക്ഷേപിക്കുന്ന മാധ്യമ ശിഖണ്ഡിതത്വത്തെ മുക്തിശ്രീ അപലപിച്ചു. അതിരൂപതാ ട്രഷറർ ശ്രീമതി ഷിനോ പാറയ്ക്കൽ പ്രമേയം അവതരിപ്പിച്ചു.

## ലഹരിമുക്ത ജൂബിലി, ഞായർ സന്ദേശം

സെപ്തംബർ 12. വ്യാഴം കുന്നോത്ത് സെന്റ് ജൂസ് തീർത്ഥാലയത്തിന്റെ സുവർണ്ണജൂബിലിക്ക് തുടക്കം കുറിച്ചു കൊണ്ട് നടന്ന ആരാധന, വി. കുർബ്ബാന, നൊവേന, സന്ദേശം ഇവയ്ക്ക് ഡയറക്ടറച്ചൻ കാർമ്മികത്വം വഹിച്ചു. ലഹരിമുക്ത ജൂബിലിയായിരിക്കട്ടെയെന്ന് ആശംസിച്ചു. സെപ്തംബർ 15 ഞായർ കാവുന്തല ഇടവകയിൽ ദിവ്യബലിയർപ്പിച്ച് ലഹരിമുക്ത സന്ദേശം ഡയറക്ടറച്ചൻ നല്കി.

## യൂണിറ്റ് രൂപീകരണം

കഴിഞ്ഞ മാസം കൂടിയ മേഖലാ ഡയറക്ടർമാരുടെ തീരുമാന പ്രകാരം എല്ലാ വികാരിയച്ചന്മാർക്കും ഉള്ള അറിയിപ്പ് പ്രവർത്തന മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തി മേഖലാ ഡയറക്ടർമാർക്ക് എത്തിച്ചു നൽകിയിട്ടുണ്ട്. (ലഭിക്കാത്തവർ അറിയിക്കുമല്ലോ.) അതുപ്രകാരം ഒക്ടോബർ 31നകം യൂണിറ്റ് സ്ഥാപിക്കുകയും (കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ) നവംബർ 10നകം മേഖലാ സമിതി സമ്മേളിക്കേണ്ടതാണ്. മേഖലാ ഭാരവാഹികളെ തെരഞ്ഞെടുത്ത് അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

NB:- നവംബർ 27ന് 10.30മുതൽ 1.വരെ പടന്നക്കാട്ടും നവബർ 28ന് 10.30 മുതൽ 1.വരെ തളിപറമ്പിലും മേഖലാ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്നതാണ്.

സ്നേഹാദരവോടെ,

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി**
**(ടി.എസ്.എസ്.എസ്.)**

## പിറന്നാൾ ദിനത്തിൽ തൽഹുവിന് സ്വപ്നസാക്ഷാത്കാരം

1.9.2019 ന് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ എസ് എൽ എഫ് പ്രോഗ്രാമിലെ അംഗമായ തൽഹു എന്ന കുട്ടിക്ക് തന്റെ പിറന്നാൾ ദിനത്തിൽ സ്വപ്നസാക്ഷാത്കാരമായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സൈക്കിൾ സമ്മാനിച്ചു. പിറന്നാളിന്നോടനുബന്ധിച്ച് തൽഹുവും മാതാപിതാക്കളും കേക്ക് മുറിച്ച് എല്ലാവർക്കും മധുരം നൽകി. കാർത്തികപുരം ഇടവകവികാരി ഫാ. മനോജ് മാറ്റത്തിൽ, പഞ്ചായത്ത് സെക്രട്ടറി ജോർജ് ഓലിക്കുന്നേൽ കാർത്തികപുരം ക്രെഡിറ്റ് യൂണിയൻ അംഗങ്ങളും സന്നിഹിതരായിരുന്നു.

## ഓണനാളിൽ സാന്ത്വനമായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി

7.9.2019 ന് നടുവിൽ പാലിയേറ്റീവ് കെയർ ആക്ടിവിറ്റിയോട് സഹകരിച്ചുകൊണ്ട് നടുവിൽ പഞ്ചായത്തിലെ എൺപതോളം കിടപ്പുരോഗികൾക്ക് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഓണക്കിറ്റ് വിതരണം നൽകി. നടുവിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തിയ പൊതുയോഗത്തിൽ പ്രസിഡന്റ് ശ്രീമതി ബിന്ദു ബാലൻ അധ്യക്ഷത വഹിച്ചു. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പരിപാടി ഉദ്ഘാടനം ചെയ്തു. നടുവിൽ പഞ്ചായത്തിന്റ ഈ നല്ല മാതൃക അനുകരണീയവും ഈ കാലഘട്ടത്തിന് അനുയോജ്യവുമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ഫാ. ബെന്നി നിരപ്പേൽ പറഞ്ഞു. വൈസ് പ്രസിഡന്റ് എൻ.വി. അബ്ദുള്ള ആശംസകളർപ്പിച്ചു. സ്റ്റാന്റിങ് കമ്മിറ്റി മെമ്പർ ത്രേസ്യാമ്മ ടീച്ചർ പരിപാടിക്ക് നന്ദി പറഞ്ഞു.

## ഭവനനിർമ്മാണം

8.9.2019 ന് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ബെഡൂർ ഇടവകയിൽ ടി എസ് എസ് എസ് കുടുംബാംഗങ്ങളുടെ സഹകരണത്തോടെ പ്രളയ ബാധിതർക്കായി പണിയുന്ന രണ്ടാമത്തെ വീടിന്റെ കട്ടിളവെപ്പ് ആശീർവാദകർമ്മം തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നിർവഹിച്ചു.

## സേവ് എ ഫാമിലി പ്ലാൻ  ഫണ്ട് വിതരണം നടത്തി

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിലുള്ള സേവ് എ ഫാമിലി പ്രോജക്ട് അംഗങ്ങൾക്ക് ഈ മാസം അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വരുമാനമാർഗം കണ്ടെത്തുന്നതിന് സഹായകരമായി ഫണ്ട് കൊടുത്തു. നെല്ലിക്കാംപൊയിൽ, ചെമ്പേരി, വെള്ളരിക്കുണ്ട് മേഖലകളിലുള്ളവർക്കാണ് ഫണ്ട് കൊടുത്തത്.

## ഓഡിറ്റ് മീറ്റിംഗ് സംഘടിപ്പിച്ചു

17.9.2019 ന് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിലുള്ള ക്രെഡിറ്റ് യൂണിയൻ മഹിള സേവാസംഘം, ഗ്രാമിക യൂണിറ്റ്, എസ് എച്ച് ജി എന്നിവ ഓഡിറ്റ് ചെയ്യുന്ന ഓഡിറ്റർമാരുടെ മീറ്റിംഗ് സംഘടിപ്പിച്ചു. ഓഡിറ്റ് ചെയ്യുന്ന രീതിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും നിലവിൽ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.

## ടി എസ് എസ് എസ് വാർഷിക പൊതുയോഗം സംഘടിപ്പിച്ചു

21.9.2019 ന് ടി എസ് എസ് എസിന്റെ നേതൃത്വത്തിൽ കണ്ണൂർ കാസർഗോഡ് ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന ജനകീയ സംഘങ്ങളുടെ വാർഷിക സമ്മേളനം ചെമ്പേരി ലൂർദ് മാതാ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പാക്കി വരുന്ന വിവിധ ജനസേവന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ വാർഷിക പൊതുയോഗ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി അധ്യക്ഷതവഹിച്ചു. തലശ്ശേരി അതിരൂപതയുടെ നന്മയുടെ മുഖമാണ് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയെന്ന് മാർ ജോസഫ് പാംപ്ലാനി അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ നേതൃത്വം നൽകിവരുന്ന ഡയറക്ടറച്ചനെയും മറ്റ് ടീം അംഗങ്ങളെയും  അദ്ദേഹം അഭിനന്ദിച്ചു.

ടി എസ് എസ് എസ് നൽകുന്ന വിവാഹ സഹായധനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ വിതരണംചെയ്തു. വിവിധ മേഖലകളിലെ മികച്ച കർഷകരെ ആദരിച്ചു. ഏറ്റവും മികച്ച മേഖലക്കുള്ള ട്രോഫികൾ മാർ ജോസഫ് പാംപ്ലാനി സമ്മാനിച്ചു.  എ പ്ലസ്, എ സർട്ടിഫിക്കറ്റുകൾ നേടിയ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി യൂണിറ്റുകൾക്ക് സർട്ടിഫിക്കറ്റുകളും മികച്ച യൂണിറ്റുകൾക്ക് ട്രോഫിയും വിതരണം ചെയ്തു.

സമ്മേളനത്തിന് മുന്നോടിയായി രാവിലെ ചെമ്പേരി ഫൊറോന വികാരിയും ടി എസ് എസ് എസ് എസ് ചെമ്പേരി മേഖലാ ഡയറക്ടറുമായ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

## വി. കുർബാനയും ക്ലാസ്സും

സെപ്റ്റംബർ 1 ഞായറാഴ്ച ആലക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ചു നടത്തിയ വി. കുർബാനയിലും പരി. അമ്മയുടെ പിറവിത്തിരുനാളിനോടനുബന്ധിച്ചു നടത്തിയ ക്ലാസ്സിലും ചെറുപുഴ, ആലക്കോട്, ഇരിട്ടി ഭാഗങ്ങളിൽ നിന്നുള്ള സഹോദരങ്ങൾ പങ്കെടുത്തു.

കാരക്കുണ്ട് സ്പീച്ച് & ഹിയറിങ് സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 6-ന് വി. കുർബാനയും കുമ്പസാരവും കൗൺസിലിംഗ് ശുശ്രൂഷയും നടത്തി. ബധിര സമൂഹത്തിനായി സെപ്റ്റംബർ 14-ന് തൃശ്ശൂർ വച്ചു നടത്തിയ ആൽഫ ബൈബിൾ തിയോളജി കോഴ്സിൽ 18 പേര് പങ്കെടുത്തു. സെപ്റ്റംബർ 15ന് ബാംഗ്ലൂർ സെന്റ് പാട്രിക് ദൈവാലയത്തിൽ സംഘടിപ്പിച്ച ബധിരസമൂഹ കൂട്ടായ്മയിൽ വി. ബലിയർപ്പിച്ച് ബൈബിൾ ക്ലാസ്സ് നടത്തി.

---

വെരി. റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് പതാക ഉയർത്തി. ടി എസ് എസ് എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ആമുഖപ്രഭാഷണം നടത്തി. ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പൗളിൻ ആവനാഴിയിൽ, ടി എസ് എസ് എസ് അതിരൂപത പ്രസിഡന്റ് ശ്രീ ആന്റണി അത്താഴപാടം എന്നിവർ പ്രസംഗിച്ചു. ടി എസ് എസ് എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ ചടങ്ങിന് നന്ദി പറഞ്ഞു.

## ക്യാൻസർ ഇൻഷുറൻസ് പദ്ധതി ഉദ്ഘാടനം

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ ക്യാൻസർ സുരക്ഷാ ഇൻഷൂറൻസ് പദ്ധതി ഉദ്ഘാടനം അതിരൂപത വികാരി ജനറൽ മോൺ. അലക്സ് താരാമംഗലം 100 പേരുടെ ഇൻഷുറൻസ് പോളിസികൾ എൽഐസി ഡിവിഷൻ മാനേജർ ശ്രീ ബിബിന് കൈമാറി നിർവഹിച്ചു.

## കാഡ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു

പൈസക്കരി ഭഗവത്പാത ഐടിഐയിൽ പുതുതായി ആരംഭിക്കുന്ന കാഡ് സെന്ററിന്റെ ഉദ്ഘാടനം തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി അതിരൂപത ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നിർവഹിച്ചു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

പൂമല സെന്റ് റോസല്ലോ സ്പീച്ച് & ഹിയറിങ് ഹയർസെക്കന്ററി സ്കൂളിൽ വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 22-ാം തീയതി വി. കുർബാനയും കൗൺസിലിംഗ് ശുശ്രൂഷയും നടത്തി. ആംഗ്യഭാഷകാർക്കായി കെ.സി.ബി.സി. ബൈബിൾ സൊസൈറ്റി നടത്തിവരുന്ന ലോഗോസ് ക്വിസ് സെപ്റ്റംബർ 29ന് ആലക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മിഡീയം സ്കൂളിൽ വച്ചു നടത്തി.

## ലോക ബധിര വാരാചരണം

ലോക ബധിര വാരാചരണത്തിന്റെ ഭാഗമായി, ആലക്കോട് ബൈബിൾ ഡഫ് സ്റ്റഡി ഫോറത്തിലെ ലീഡേഴ്സിനെ ആദരിക്കുകയും ആംഗ്യഭാഷയുടെ പ്രാധാന്യത്തെപ്പറ്റിയുള്ള ചർച്ചകളും ക്ലാസ്സും നടത്തപ്പെടുകയും കാരക്കുണ്ട് സ്പീച്ച് ആന്റ് ഹിയറിങ് വിദ്യാർത്ഥികൾക്കായി ഒരുദിവസത്തെ സെമിനാറും കലാപരിപാടികളും സംഘടിപ്പിച്ചു.

## ഒക്ടോബർ മാസത്തിലെ കർമ്മപരിപാടികൾ

| | |
|---|---|
| 04.10.19 | Holy Mass - Donbosco School Karakund |
| 06.10.19 | Holy Mass - and class St. Mary's English Medium school Alakode |
| 12.10.19 | Alpha Bible Class - Thrissur |
| 13.10.19 | One day Seminar - Banglore |
| 19.10.19 | മാഹി തിരുനാൾ (12 pm) ബധിര സമൂഹത്തിനായി ആംഗ്യഭാഷയിൽ ദിവ്യബലി) |
| 25.10.19 | മരിയൻ റിട്രീറ്റ് (മദർ ഹോം പരിയാരം) 25 വെള്ളി 4 pm മുതൽ 27 ഞായർ 2 pm |

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2019 ഒക്ടോബർ & നവംബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| **ഒക്ടോ.** 6–11 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| 11 | : | മദർ ഹോം പ്രാർത്ഥനാ ദിനം |
| 12 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| 20–25 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| 25–27 | : | മരിയൻ ധ്യാനം |
| 26–27 | : | എഫ്ഫാത്ത മരിയൻ ധ്യാനം (ശ്രവണവൈകല്യമുള്ളവർക്ക്) (ശനി10 am -ഞായർ 3 pm) |
| **നവംബർ**1–3 | : | തപസ്സ് ധ്യാനം |
| 11–15 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| 17–22 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി**

**ഫോൺ: 0490–2493491, 9745017131, 0490 2491941**

| | | |
|---|---|---|
| **ഒക്ടോ.** 5 | : | ഏകദിനധ്യാനം |
| 6–10 | : | ആന്തരിക സൗഖ്യ ധ്യാനം |
| 11 | : | ജാഗരണപ്രാർത്ഥന |
| 12 | : | കുട്ടികളുടെ ഏകദിന ധ്യാനം |
| 14–17 | : | കപ്പൂച്ചിൻ വാർഷികധ്യാനം |
| 19 | : | ഏകദിനധ്യാനം |
| 20–24 | : | ആന്തരിക സൗഖ്യ ധ്യാനം |
| 26 | : | ഏകദിനധ്യാനം |
| 27– 31 | : | പരിശുദ്ധാത്മാഭിഷേകധ്യാനം |
| **നവംബർ** 2 | : | ഏകദിനധ്യാനം |
| 3–7 | : | ആന്തരിക സൗഖ്യ ധ്യാനം |
| 8 | : | ജാഗരണപ്രാർത്ഥന |
| 9 | : | കുട്ടികളുടെ ഏകദിന ധ്യാനം |
| 16 | : | ഏകദിനധ്യാനം |
| 17–21 | : | ആന്തരിക സൗഖ്യ ധ്യാനം |
| 21 | : | ഏകദിനധ്യാനം |
| 24–28 | : | വചനാഭിഷേകധ്യാനം (ഫാ. മൈക്കിൾ പനച്ചിക്കൽ വി.സി) |

**3. മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

| | | |
|---|---|---|
| **ഒക്ടോ.** 11–13 | : | ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |

25–27 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**നവംബർ** 8–10 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

22–24 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**4. ദർശന ധ്യാന കേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ്**

**ഫോൺ :0460 2202613, 0460 2204556, 9447424076**

**ഒക്ടോ.** 13–17 : ആന്തരികസൗഖ്യധ്യാനം
18–20 : (വെള്ളി – ഞായർ) കുടുംബദർശന ധ്യാനം
24–27 : (വ്യാഴം- ഞായർ) ഹീലിംഗ് & ഡെലിവറൻസ് ധ്യാനം- ഫാ. ജോസഫ് വയലിൽ സി. എം.ഐ & ടീം

**നവംബർ** 4–6 : 40 മണി ആരാധന
10–14 : ആന്തരികസൗഖ്യധ്യാനം
15 –17 : (വെള്ളി – ഞായർ) കുടുംബദർശന ധ്യാനം
21 – 24 : (വ്യാഴം- ഞായർ) ഹീലിംഗ് & ഡെലിവറൻസ് ധ്യാനം- ഫാ. ജോസഫ് വയലിൽ സി. എം.ഐ & ടീം

**5. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ – ചെറുപുഴ**

**ഫോൺ: 9526609050, 9447481643, 9496253756**

**ഒക്ടോ.** 6 –11 : ആന്തരിക സൗഖ്യ ധ്യാനം
20–25 : ആന്തരിക സൗഖ്യ ധ്യാനം
1,8,15,22,29 : ഏകദിന കൺവെൻഷൻ

**6. IMS ധ്യാന കേന്ദ്രം – കൂട്ടുപുഴ ഫോൺ: 9605907813, 9745292602**

**ഒക്ടോ.** 3 : ജാഗരണപ്രാർത്ഥന
7–11 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
18–20 : മരിയൻ ധ്യാനം
27–30 : പരിശുദ്ധാത്മാഭിഷേക ധ്യാനം

**നവംബർ** 7 : ജാഗരണപ്രാർത്ഥന
11–15 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
22 –24 : മരിയൻ ധ്യാനം
24–27 : പരിശുദ്ധാത്മാഭിഷേക ധ്യാനം

**7. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460–2264451**

**സെപ്റ്റം.**29–ഒക്ടോബർ 3 : മരിയൻ ആന്തരികസൗഖ്യ ധ്യാനം

**ഒക്ടോ.** 07 : അഖണ്ഡജപമാല (9am to 4pm)
12 : സീയോൺ മരിയ സംഗമം
20–24 : ആന്തരീകസൗഖ്യ ധ്യാനം

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ആഗസ്റ്റ് 2019

31 രാവിലെ സന്ദേശഭവനിൽ നടന്ന ഉത്തരമലബാർ കർഷക പ്രക്ഷോഭത്തിനോടനുബന്ധിച്ചുള്ള ഫൊറോന കൺവീനർമാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപത അസംബ്ലിയിൽ രൂപകൽപന ചെയ്ത രാഷ്ട്രീയ-മാധ്യമ-കർഷക സമിതികളുടെ പ്രഥമ മീറ്റിങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. വൈകുന്നേരം അതിരൂപതാ ഏകോപനസമിതി മീറ്റിങ്ങിന് നേതൃത്വം കൊടുത്തു. തുടർന്ന് പാത്തൻപാറ ഇടവകയിൽ അജപാലന സന്ദർശനത്തിന് പോയി.

### സെപ്റ്റംബർ

01 പാത്തൻപാറ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

04 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയവരെ സ്വീകരിച്ചു.

05 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയ വൈദികരോടും സിസ്റ്റേഴ്സിനോടുമൊപ്പം സമയം ചിലവഴിച്ചു. വൈകുന്നേരം ചെമ്പേരി വിമൽജ്യോതി എൻജിനിയറിങ് കോളേജിന്റെ ജനറൽ ബോഡി യോഗത്തിൽ അധ്യക്ഷത വഹിച്ചു.

06 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ ഒന്നാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

07 രാവിലെ തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി & സയൻസിന്റെ ബിരുദദാനചടങ്ങിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം മുതിരേരി ഇടവകയിൽ സൈജു-ഷൈല ദമ്പതികളുടെ ഭവനം വെഞ്ചരിച്ചു.

08 ബാംഗ്ലൂർ ക്രൈസ്റ്റ് സ്കൂൾ ഓഡിറ്റോറിയത്തിൽവച്ച് നടന്ന മണ്ഡ്യ രൂപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു.

09 തയ്യേനി ഇടവകയിൽ നിര്യാതനായ ശ്രീ മത്തായി പരതേപതിക്കലിന്റെ മൃസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

09-13 തലശ്ശേരി മൈനർ സെമിനാരിയിൽ വച്ചു നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

14 പൈക ഇടവകയിൽ കാരക്കാട്ട് പ്രവീൺ-ഞറളക്കാട്ട് സ്നേഹ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു

15 മാനന്തവാടി ടൗൺ ഇടവകാംഗം തരക്കാട്ട് ബേബിക്ക് കണ്ണൂർ തെക്കിബസാർ തിരുക്കുടുംബ ഇടവകാംഗങ്ങൾ നിർമ്മിച്ചു നല്കിയ ഭവനം വെഞ്ചരിച്ചു.

26-27 പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിൽ നടക്കുന്ന വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു.

❖❖❖

# Programme of the Archbishop
# Mar George Njaralakatt

## OCTOBER 2019

| | | | |
|---|---|---|---|
| 1-26 | | - | Ad Limina Visit - Rome |
| 27 | | - | Chempanthotty |
| 28 | | - | Angadikadav |
| 29 | | - | Corporate Educational Agency Meeting |
| 30 | | - | Visitors' day |
| 31 | | - | Bijnor |

## NOVEMBER 2019

| | | | |
|---|---|---|---|
| 1-2 | | - | Episcopal Ordination - Bijnor |
| 3-5 | | - | Delhi |
| 5-6 | | - | CBCI - Bangalore |
| 7-8 | | - | NKCBC - Mananthavady |
| 9 | | - | Catechism Teachers' meet |
| 10 | | - | Pastoral visit - Charal |
| 11 | | - | Areeckamala |
| 12 | 10.00 am | - | Pastoral Council – Thaliparamba |
| | 2.00 pm | - | Forane Vicars' meeting – Thaliparamaba |
| 13 | | - | Visitors' day + Monthly Recollection |
| 14 | | - | Priests' & Sisters' day |
| 15 | | - | Peruvannamuzhy |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ആഗസ്റ്റ്

25 ഉച്ചകഴിഞ്ഞ് 2 മണിക്ക് നെല്ലിക്കാംപൊയിൽ ദൈവാലയത്തിൽ നിര്യാതയായ സി. ആൻമേരി ഉറുമ്പിൽ CMC യുടെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. 26-30 കാക്കനാട് നടന്ന സീറോമലബാർ സഭാ സിനഡിൽ പങ്കെടുത്തു.

31 രാവിലെ 9 മണിക്ക് തൃക്കൊടിത്താനം ദൈവാലയത്തിൽ നിര്യാതനായ മോൺ. കുര്യാക്കോസ് പറമ്പത്തിന്റെ മൃതസംസ്ക്കാരകർമ്മത്തിൽ പങ്കെടുത്ത് അനുശോചന സന്ദേശം നൽകി.

### സെപ്റ്റംബർ

1. കുറവിലങ്ങാട് നടന്ന നസ്രാണി മഹാസംഗമത്തിൽ പങ്കെടുത്തു.
5. രാവിലെ 10 മണിക്ക് മണ്ഡലം ഇടവകയിൽ നിര്യാതനായ താഴത്തേൽ ദേവസ്യായുടെ മൃതസംസ്കാര കർമ്മത്തിൽ ഭവനത്തിൽ വച്ചുനടന്ന പ്രാർത്ഥനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
6. വൈകുന്നേരം 5 മണിക്ക് എടൂർ CMC കോൺവെന്റ് ചാപ്പലിൽ ചെറിയാൻ പവ്വത്തിന്റെ ചരമവാർഷികത്തിൽ വി. കുർബ്ബാനയർപ്പിച്ചു. തുടർന്ന് പുറവയലിൽ നിര്യാതനായ ജോസഫ് വടക്കേക്കുന്നേലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
7. രാവിലെ 10 മണിക്ക് ബദിയടുക്ക ദൈവാലയത്തിൽ നിര്യാതനായ ബേബി ഈറ്റക്കലിന്റെ ഒന്നാം ചരമവാർഷികത്തിൽ വി. കുർബ്ബാനയർപ്പിച്ചു.
8. വൈകുന്നേരം 5 മണിക്ക് തയ്യേനി ഇടവകയിൽ നിര്യാതനായ മത്തായി പരതേപതിക്കലിന് വേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് ഫാ. ജോൺസൻ അന്ത്യാകുളം, ഫാ. ജോൺസൻ കോവൂർ പുത്തൻപുരയിൽ എന്നിവരുടെ ഭവനങ്ങളിൽ സൗഹൃദസന്ദർശനം നടത്തി.
9. രാവിലെ 11 മണിക്ക് കോടഞ്ചേരിയിൽ ഇവാറോസ് നിധിൻ വലിയമറ്റത്തിന്റെ മാമ്മോദീസാ കർമ്മം നടത്തി.
11. ഉച്ചക്ക് 1 മണിക്ക് എടൂരിൽ നിര്യാതനായ പൈലി നാലോലിക്കലിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
12. രാവിലെ 7 മണിക്ക് തയ്യേനി ഇടവകയിൽ നിര്യാതനായ മത്തായി

## Programme of the Archbishop Emeritus
## MAR GEORGE VALIAMATTAM

# OCTOBER 2019

October - November - Out of station

**Secretary to the Archbishop Emeritus**

പരതേപതിക്കലിന്റെ മരണത്തിന്റെ ഏഴാംചരമദിനത്തിൽ വി. കുർബ്ബാനയർപ്പിച്ചു. തുടർന്ന് ചൂരപ്പടവിൽ നിര്യാതനായ ജോയി മുതുപാറക്കുന്നേലിന്റെ ഭവനം സന്ദർശിച്ചു.

14. രാവിലെ 9 മണിക്ക് പരിയാരം മദർഹോമിൽ അഖണ്ഡജപമാല സമർപ്പണ സമാപനത്തിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി.
16. രാവിലെ 10 മണിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ നസ്രത്ത് സന്യാസിനി സമൂഹ സ്ഥാപന ദിനത്തിൽ വി. കുർബ്ബാനയർപ്പിച്ച് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ കബറിടത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
17. രാവിലെ 11 മണിക്ക് ചുങ്കക്കുന്ന് ഇടവകയിൽ നിര്യാതയായ അന്നമ്മ ജോൺ ഓരത്തേലിന്റെ മൃതസംസ്കാര കർമ്മത്തിന് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ഒരു മണിക്ക് വെളിമാനം ഇടവകയിൽ നിര്യാതനായ പുഞ്ചാലിൽ മാണിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
18. രാവിലെ 11 മണിക്ക് കാവുംതല ഇടവകയിൽ നിര്യാതയായ മറിയം കാഞ്ഞിരത്തിങ്കലിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
19. രാവിലെ 10.30ന് താമരശ്ശേരി രൂപത ചമൽ ഇടവകയിൽ നിര്യാതയായ എടാട്ടുകുന്നേൽ ചിന്നമ്മയുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

## ആഗസ്റ്റ്

26-30 കാക്കനാട് നടന്ന സീറോമലബാർ സിനഡിൽ പങ്കെടുത്തു.

31 രാവിലെ 11 മണിക്ക് അതിരൂപത മാധ്യമകാര്യ-കർഷക-രാഷ്ട്രീയ സമിതികളുടെ യോഗത്തിൽ പങ്കെടുത്തു.

## സെപ്റ്റംബർ

01 വെമ്പുവ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

02 രാവിലെ 11 മണിക്ക് മണ്ഡപം ഇടവകയിൽ നിര്യാതയായ നിമിഷ ടോമിന്റെ മൃതസംസ്കാരകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞു 2 മണിക്ക് മണിപ്പാറ ഇടവകയിൽ നിര്യാതയായ റോസമ്മ ആഞ്ഞിലിത്തോപ്പിലിന്റെ മൃതസംസ്കാരകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

3-4 കുന്നോത്ത് മേജർ സെമിനാരിയിൽ ക്ലാസ് എടുത്തു.

04 രാത്രി 9 മണിക്ക് അരമനയിൽ സാൻജോസ് അക്കാഡമിയുടെ ഗവേണിങ്ങ് ബോഡിയിൽ അദ്ധ്യക്ഷത വഹിച്ചു.

05 രാവിലെ 10 മണിക്ക് പാടാംകവല ഇടവകയിൽ വി. കുർബാനയർപ്പിച്ചു പുതിയ ദൈവാലയത്തിന്റെ കട്ടിളവെപ്പു കർമ്മം നടത്തി. ഉച്ചകഴിഞ്ഞു 2 മണിക്ക് ചെമ്പേരി വിമൽജ്യോതി കോളേജിൽ വിവിധ മീറ്റിങ്ങുകളിൽ സംബന്ധിച്ചു.

06 അരമനയിൽ സന്ദർശകരെ സ്വീകരിച്ചു.

07 രാവിലെ 10 മണിക്ക് തലശ്ശേരി സാൻജോസ് സ്കൂളിൽ നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാന ചടങ്ങിൽ ആശംസയർപ്പിച്ചു. ഉച്ചകഴിഞ്ഞു 2 മണിക്ക് പുറവയലിൽ നിര്യാതനായ ജോസഫ് വടക്കേക്കുന്നേലിന്റെ മൃതസംസ്കാര കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 4 മണിക്ക് കല്ലുവയൽ ഇടവകയിൽ നിര്യാതയായ ത്രേസ്യാമ്മ തെക്കേടത്തിന്റെ മൃതസംസ്കാര കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

08 കണ്ണൂർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

09-13 രാമനാഥപുരം ഇടവകയിൽ ബഹുമാനപ്പെട്ട വൈദികരുടെ വാർഷികധ്യാനം നയിച്ചു.

14 വൈകുന്നേരം 6 മണിക്ക് കാഞ്ഞിരക്കൊല്ലി ഇടവകയിൽ രോഗീസന്ദർശനം നടത്തി.

15 കാഞ്ഞിരക്കൊല്ലി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം 7 മണിക്ക് ചന്ദനക്കാംപാറ ഇടവകയിൽ ഫാ. മാർട്ടിൻ കിഴക്കേത്തലയുടെ ഭവനം സന്ദർശിച്ചു, തുടർന്ന് 8 മണിക്ക് ദീപഗിരി പള്ളിയിൽ നടന്ന ചെമ്പേരി ഫൊറോനാ യുവജന നൈറ്റ് വിജിൽ പ്രോഗ്രാമിൽ സന്ദേശം നൽകി. രാത്രി 9 മണിക്ക് ചെമ്പേരി വിമൽജ്യോതി കോളേജിൽ വൈദികരുടെ യോഗത്തിൽ പങ്കെടുത്തു.

16 രാവിലെ 10.30 ന് ദീപഗിരി ഇടവകയിൽ റിജേഷ് തീമ്പലങ്ങാട്ടും ലിൻസിയും തമ്മിലുള്ള വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞു 2 മണിക്ക് ആറളത്ത് 'ആനഹർജി' പ്രോഗ്രാമിന്റെ ഉദ്ഘാടനം നടത്തി. തുടർന്ന് 3 മണിക്ക് മാങ്ങോട് ഫാ. ജോർജ് കാഞ്ഞിരക്കാട്ടിന്റെ ഭവനം സന്ദർശിച്ചു. 4 മണിക്ക് ചുങ്കക്കുന്ന് ഇടവകയിൽ നിര്യാതയായ അന്നമ്മ ജോൺ ഓരത്തേലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം 7 മണിക്ക് അരമനയിൽ നടന്ന TSSS ഗവേണിങ്ങ് ബോഡിയിൽ അദ്ധ്യക്ഷത വഹിച്ചു.

17 രാവിലെ 10 മണിക്ക് അടിമാലിയിൽ നടന്ന ഇടുക്കി രൂപത ജൂനിയർ പ്രീസ്റ്റ് മീറ്റിങ്ങ് ക്ലാസ് നയിച്ചു. വൈകുന്നേരം 7 മണിക്ക് മംഗലപ്പുഴ സെമിനാരിയിൽ തലശ്ശേരി അതിരൂപതക്കാരായ വൈദികവിദ്യാർത്ഥികളെ സന്ദർശിച്ചു.

18 വൈകുന്നേരം 5 മണിക്ക് ഉദയപുരം ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും കുഞ്ഞുങ്ങൾക്ക് മാമ്മോദീസ നൽകുകയും ചെയ്തു. വൈകുന്നേരം 7 മണിക്ക് പാടിച്ചാൽ പള്ളിയിൽ സൗഹൃദസന്ദർശനം നടത്തി.

19-20 ശാലോം ടീവിയുടെ ഷൂട്ടിങ്ങ് പരിപാടികളിൽ പങ്കെടുത്തു.

21 രാവിലെ 10 മണിക്ക് കണ്ണൂർ ഉർസുലൈൻ സ്കൂളിൽ അദ്ധ്യാപകർക്ക് ക്ലാസ് എടുത്തു.

12 മണിക്ക് ചെമ്പേരിയിൽ വച്ച്നടന്ന TSSS വാർഷിക യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞു 2 മണിക്ക് കരുണാപുരത്തു നടന്ന CML അതിരൂപതവാർഷികത്തിൽ ആശംസയർപ്പിക്കുകയും റാലിയിൽ പങ്കാളിയാവുകയും ചെയ്തു. വൈകുന്നേരം 7 മണിക്ക് നെല്ലിപ്പാറയിൽ ഫാ. മാത്യു ആലങ്കോട്ടിനെ സന്ദർശിച്ചു. തുടർന്ന് കോലുവള്ളി ഇടവകയിൽ അജപാലന സന്ദർശനമാരംഭിച്ചു.

22 കോലുവള്ളി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

23 പരിയാരം മദർഹോമിൽ വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു.

24 രാവിലെ 9.30 ന് ഇരിട്ടിപള്ളിയിൽവച്ച് നടന്ന നസ്രത്ത്സന്യാസിനി സമൂഹത്തിന്റെ ജൂബിലി ആഘോഷങ്ങളിലും സന്യാസ വസ്ത്രസ്വീകരണ കർമ്മത്തിലും പങ്കെടുത്തു കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. വൈകുന്നേരം 4 മണിക്ക് പൊട്ടൻപ്ലാവ് ഇടവകയിൽ നിര്യാതയായ ലൈല മഞ്ചപ്പള്ളിയുടെ മൃതസംസ്കാരകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

25. ഉച്ചവരെ പരിയാരം മദർഹോമിൽ വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞു കണ്ണൂർ പള്ളിയിൽ നടന്ന അതിരൂപത കർഷക പ്രക്ഷോഭ പരിപാടികളുടെ ആസൂത്രണ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

# Programme of the Auxiliary Bishop
# Mar Joseph Pamplany

## 2019 OCTOBER

| | | | |
|---|---|---|---|
| 1-15 | | - | Rome |
| 16 | 10.00 am | - | Sandeshabhavan |
| 17 | | - | Engaged |
| 18 | | - | V JEC |
| 19 | | - | Trichur |
| 20 | | - | Pastoral Visit |
| 21 | 7.00 am | - | Rayarome |
| | 11 .00 am | - | Payyannur |
| 23 | | - | BSF Chemperi |
| 24 | 9 .00 am | - | Kunnoth Seminary |
| | 4.00 pm | - | Vaniyappara |
| 25 | | - | Kakkanad |
| 26 | | - | Kothamangalam |
| 27 | | - | Pastoral Visit |
| 28-31 | | - | Pala |

**Secretary to the Auxiliary Bishop**

❖❖❖